34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 20, 2026 Vol. XXXIV No. 29

3 സി.ജെ.പി. പാർലമെന്റ് മാർച്ചിനിടെ സംഘർഷം
4 മമ്മൂട്ടിക്ക് നാലാമതും ദേശീയ പുരസ്കാരം
6 ചരിത്രമെഴുതി വികം-1 വിക്ഷേപണം വിജയകരം
16 ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന ജനനായകൻ
23 ആർച്ച്ബിഷപ് മാർ തട്ടിലിന് പ്രൗഢഗംഭീര സ്വീകരണം



ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി അവാർഡ് സിബി മലയിലിന് മുഖ്യമന്ത്രി വി.ഡി. സതീശൻ സമ്മാനിക്കുന്നു. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രി മോൻസ് ജോസഫ്, ജസ്റ്റിസ് സിറിയക് ജോസഫ്, കർദ്ദിനാൾ ജോർജ് ആലഞ്ചേരി, ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം, തോമസ് ചാഴികാടൻ Ex MP, ഷെവലിയർ ജോയി ജോസഫ് കൊടിയന്തറ, ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, സിറിയക് ചാഴികാടൻ തുടങ്ങിയവർ സമീപം.

(വാർത്ത 12-ാം പേജിൽ)

## ഫിഫ ലോകകപ്പ്: സ്പെയിൻ ജേതാക്കൾ



ന്യൂയോർക്ക്: ലോകം ആകാംക്ഷയോടെ കാത്തിരുന്ന ഫിഫ ലോകകപ്പ് കലാശ പോരാട്ടത്തിൽ നിലവിലെ ചാമ്പ്യൻമ്മാരായ അർജന്റീനയെ മറുപടിയില്ലാതെ ഒരു ഗോളിന് കീഴടക്കി യൂറോ ചാമ്പ്യരായ സ്പെയിൻ ജേതാക്കളായി.

ഒടുവിൽ തുടർച്ചയായി രണ്ടാം കിരീടം നേടുമെന്ന് മോഹിച്ചെത്തിയ മെസിക്ക് കണ്ണീരോടെ മടക്കം. മറുവശത്ത് സ്പെയിൻ ലോക കിരീടത്തിൽ മുത്തമിട്ടു.

അധികസമയത്തെ 106-ാം മിനിറ്റിലാണ് സ്പെയിനിന്റെ സുവർണ ഗോൾ പിറന്നത്. പകരക്കാരനായെത്തിയ സ്പെയിനിന്റെ ബാഴ്സ താരം ഫെറാൻ ടോറസ് ആണ് വിജയ ഗോൾ നേടിയത്. ഇന്ത്യൻ സമയം ഞായറാഴ്ച രാത്രി 12.30-ന് യുഎസിലെ ന്യൂയോർക്ക് ന്യൂജേഴ്സി സ്റ്റേഡിയത്തിൽ നടന്ന ഫൈനൽ കാണാൻ 80,663 പേരാണ് എത്തിയിരുന്നത്. (ശേഷം 28-ാം പേജിൽ)

## കെ.എം. ഈപ്പന്റെ ജീവചരിത്ര ഗ്രന്ഥം കവർ പ്രകാശനം ചെയ്തു


**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: കേരള എക്സ്പ്രസിന്റെ ചീഫ് എഡിറ്ററും അമേരിക്കയിലെ മുതിർന്ന മാധ്യമ പ്രവർത്തകനുമായ കെ.എം. ഈപ്പന്റെ ജീവിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന 'കെ.എം. ഈപ്പൻ ദൈവകൃപയുടെ കൈപ്പിടിയിൽ ഒരു ജീവിതം' (K.M. Eappen, A life in the hands of Grace) എന്ന പുസ്തകത്തിന്റെ കവർ ചിക്കാഗോയിൽ നടന്ന നാല്പതാമത്തെ പിസിനാക്കിൽ പ്രകാശനം ചെയ്തു. ജൂലൈ നാലിന് ശനിയാഴ്ച വൈകിട്ട് നടന്ന സമ്മേളനത്തിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ പാസ്റ്റർ റോയി വാകത്താനത്തിന് നൽകിയാണ് പ്രകാശനം നിർവഹിച്ചത്. പുസ്തകത്തിന്റെ കോ-ഓർഡിനേറ്റിങ് എഡിറ്ററും നാഷണൽ മീഡിയ കോ-ഓർഡിനേറ്ററുമായ കുര്യൻ ഫിലിപ്പ് പുസ്തകത്തെ പരിചയപ്പെടുത്തി. ഡോ. തോമസ് കിടങ്ങാലിൽ അദ്ധ്യക്ഷനായിരുന്നു. ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകം ഡിസംബറിൽ പുറത്തിറങ്ങും. അസോസിയേഷൻ പ്രസിഡന്റ് ഡോ. അലക്സ് ടി. കോശി, വൈസ് പ്രസിഡന്റ് ഡോ. ടൈറ്റസ് ഈപ്പൻ, ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി ഡോ. ബിജു ചെറിയാൻ, ട്രഷറർ ജോൺസൺ ഉമ്മൻ, ഓവർസീസ് കോ-ഓർഡിനേറ്റർ അജിത്ത് ഈപ്പൻ എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് പ്രസിദ്ധീകരണ ചുമതല വഹിക്കുന്നത്.

പുസ്തകസംബന്ധമായ അന്വേഷണങ്ങൾക്ക് കുര്യൻ ഫിലിപ്പ് 847 912 5578.




കെ.എം. ഈപ്പന്റെ ജീവചരിത്ര ഗ്രന്ഥത്തിന്റെ കവർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ പാസ്റ്റർ റോയി വാകത്താനത്തിന് നൽകി പ്രകാശനം ചെയ്യുന്നു. കോ-ഓർഡിനേറ്റിങ് എഡിറ്റർ കുര്യൻ ഫിലിപ്പ്, കെ.എം. ഈപ്പൻ എന്നിവർ സമീപം.


SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# സി.ജെ.പി. പാർലമെന്റ് മാർച്ചിനിടെ സംഘർഷം

ന്യൂഡൽഹി: സി.ജെ.പിയുടെ നേതൃത്വത്തിൽ നടത്തുന്ന 'ചലോ സംസദ്' മാർച്ചിനിടെ സംഘർഷം. പ്രതിഷേധക്കാരും പോലീസും തമ്മിൽ ഏറ്റുമുട്ടി. പോലീസ് സ്ഥാപിച്ച ബാരിക്കേഡ് മറികടന്ന പ്രതിഷേധക്കാർക്ക് നേരെ ലാത്തിവീശി. പാർലമെന്റിന് മുന്നിലെ സമരത്തിന് അനുമതി നൽകിയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് പോലീസ് നടപടി.



ഏകദേശം എണ്ണായിരത്തോളം പേർ മാർച്ചിൽ പങ്കെടുക്കാനായി എത്തിയെന്നാണ് ആർപിഎഫ് പറയുന്നത്. സംഘർഷ സാധ്യത കണക്കിലെടുത്ത് നഗരവ്യാപകമായി ആർപിഎഫും പോലീസ് സേനയെ വിന്യസിച്ചിരുന്നു. മെട്രോ സ്റ്റേഷനുകളടക്കം അടച്ചിട്ടാണ് പോലീസ് സുരക്ഷ ശക്തമാക്കിയിരിക്കുന്നത്. പ്രതിഷേധമാർച്ച് അക്രമാസക്തമാകില്ലെന്ന് സിജെപി പോലീസിന് ഉറപ്പ് നൽകിയിരുന്നു. എന്നാൽ പാർലമെന്റിന് സമീപം കല്ലുകൾ നിറച്ച വാഹനങ്ങൾ തയ്യാറാക്കി നിർത്തിയിട്ടുണ്ടെന്നും സമരക്കാർക്ക് നേരെ പ്രയോഗിക്കാനുള്ള ശ്രമമാണ് പോലീസിനുള്ളതെന്നും സിജെപി ആരോപിച്ചു.

സോനം വാങ്ചുക്കിന്റെ ഭാര്യ ഗീതാഞ്ജലി ആങ്മോ, നടനും രാഷ്ട്രീയക്കാരനുമായ പ്രകാശ് രാജ്, തൃണമൂൽ നേതാവ് മഹുവ മൊയ്ത്ര, എ.എസ്.പി. നേതാവ് ചന്ദ്രശേഖർ ആസാദ്, എഎപി നേതാവ് ഗോപാൽ റായ്, നടി ശബാന ആസ്മി തുടങ്ങിയവർ പിന്തുണ പ്രഖ്യാപിച്ച് പ്രതിഷേധസ്ഥലത്ത് എത്തിയിരുന്നു. അതിനിടെ പ്രതിഷേധക്കാർ സുപ്രീം കോടതിയിലേക്കും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഓഫീസിലേക്കും മാർച്ച് നടത്തണമെന്ന് ശിവസേന എംപി സഞ്ജയ് റാവത്ത് ആഹ്വാനം ചെയ്തു. പാർലമെന്റ് മാർച്ചിന് അനുമതി ലഭിച്ചില്ലെങ്കിൽ സുപ്രീം കോടതിയിലേക്കും ഇ.ഡി. ആസ്ഥാനത്തേക്കും മാർച്ച് നടത്തണം. ഈ രണ്ടു സ്ഥാപനങ്ങളും നാടിന് ആപത്താണെന്നാണ് അദ്ദേഹം പ്രതികരിച്ചത്.

നീറ്റ് പരീക്ഷാക്രമക്കേടുകളിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്രപ്രധാന്റെ രാജി ആവശ്യപ്പെട്ടാണ് സിജെപിയുടെ പ്രതിഷേധ മാർച്ച്. പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നതിനിടയിലാണ് ഡൽഹി പോലീസിന് മാർച്ചിന് അനുമതി നിഷേധിച്ചത്. ഡൽഹി പരിധിയിൽ മുഴുവനും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തരവ് ലംഘിച്ചാൽ നടപടി സ്വീകരിക്കുമെന്ന് പോലീസ് ആദ്യമേതന്നെ അറിയിച്ചിരുന്നു.

# ചന്ദ്രനെ ലക്ഷ്യമിട്ട് അഞ്ചു ദൗത്യങ്ങൾ വരുന്നു

മലപ്പുറം: അമ്പിളിമാമന്റെ താമരക്കുമ്പിളിൽ അധികം വൈകാതെ മനുഷ്യർ സ്ഥിരതാമസം നടത്തുമോ? അതിനുള്ള തയ്യാറെടുപ്പുകൾ ലക്ഷ്യംവെച്ച് അഞ്ചു ദൗത്യങ്ങളാണ് ഇക്കൊല്ലം ഭൂമിയിലൊരുങ്ങുന്നത്. അതിൽ മൂന്നെണ്ണം സ്വകാര്യമേഖലയിലാണ്. പദ്ധതി നടപ്പാക്കുന്ന രാജ്യം, സ്ഥാപനം, പദ്ധതി, ലക്ഷ്യം, എന്നക്രമത്തിൽ വിവരങ്ങൾ ചുവടെ.

1. അമേരിക്കയിലെ സ്വകാര്യ ബഹിരാകാശ ഗവേഷണ കേന്ദ്രമായ 'ഫയർഫ്ളൈ എയറോസ്പെയ്സ്': 'ബ്ലൂ ഗോസ്റ്റ് എം രണ്ട്'– ചന്ദ്രന്റെ നമ്മൾ കാണാത്ത ഭാഗത്ത് പ്രവേശിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രപഞ്ചത്തിന്റെ ഉത്ഭവം പഠിക്കൽ, പേലോഡുകൾ എത്തിക്കൽ, ഭൂമിയുമായുള്ള ആശയവിനിമയം ശക്തമാക്കൽ, ഭാവിയിൽ മനുഷ്യന് താവളമൊരുക്കൽ.

2. അമേരിക്കയിലെ 'ഇന്റ്യൂട്ടീവ് മെഷീൻസ്': 'ഐഎം മൂന്ന്'– ചന്ദ്രനിലെ കാന്തികപ്രതിഭാസങ്ങളെക്കുറിച്ച് പഠിക്കുന്നതിനോടൊപ്പം ഭാവിയിൽ ചന്ദ്രനെ താവളമാക്കാൻ ആവശ്യമായ ആശയവിനിമയ ശൃംഖലകളും നാവിഗേഷനും വികസിപ്പിക്കാനുള്ള വിവരങ്ങൾ ശേഖരിക്കൽ.

3. പെൻസിൽവാനിയയിലെ 'ആസ്ട്രോബോട്ടിക് ടെക്നോളജി': 'ഗ്രിഫിൻ1'– ചന്ദ്രനിലെ ദക്ഷിണധ്രുവത്തിലെ 'നോബിൾ ക്രേറ്റർ' പ്രദേശത്ത് ഇറങ്ങി റോവർ സഞ്ചരിപ്പിക്കുക, സ്ഥിരമായ ചാന്ദ്രതാവളത്തിന് ആവശ്യമായ റോവറുകൾ മറ്റ് ഉപകരണങ്ങൾ എന്നിവ ചന്ദ്രനിലെത്തിക്കാൻ ശേഷിയുണ്ടെന്നു തെളിയിക്കുക.

4. ചൈനയിലെ വെൻചാങ് സാറ്റ്ലൈറ്റ് ലോഞ്ച് സെന്റർ: ചാങ് ഇ7'– ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങുകയും ജലസാന്നിധ്യം കണ്ടെത്തുകയുമാണ് പ്രധാന ദൗത്യം. മനുഷ്യർക്കുള്ള ബേസ് ക്യാമ്പ്, മനുഷ്യനെ ചന്ദ്രനിലെത്തിക്കുക.

5. ഇന്ത്യയുടെ ഐഎസ്ആർഒ: 'ചാന്ദ്രയാൻ 4' സ്പേസ് ഡോക്കിങ് പരീക്ഷണം– 2035–ഓടെ ചന്ദ്രനിൽ ദീർഘകാലം താമസിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ.

# നെന്മാറ ഇരട്ട കൊലപാതകം: ചെന്താമരയ്ക്ക് വധശിക്ഷ

നെന്മാറ: ഒരു കൊലപാതകം നടത്തി ജയിലിലിലടയ്ക്കപ്പെട്ട പ്രതി ജാമ്യത്തിലിറങ്ങി രണ്ട് കൊലകൂടി നടത്തി കേരളത്തെ ഞെട്ടിച്ച ചെന്താമരയ്ക്കു വധശിക്ഷ.

സൈക്കോളജി, സൈക്യാട്രി റിപ്പോർട്ടുകൾ ശരിവെച്ചാണ് പാലക്കാട് അഡീഷണൽ ജില്ലാ സെഷൻസ് കോടതി വിധി. 20 ലക്ഷം രൂപ പിഴയും ചെന്താമര ഒടുക്കണം. ഈ തുക കൊല്ലപ്പെട്ട സുധാകരന്റെ മക്കൾക്ക് നൽകണം. കൊലപാതകം നടന്ന് ഒന്നരവർഷത്തിനു ശേഷമാണ് കേസിൽ വിധി വരുന്നത്. ബാക്കിയുള്ളവരുടെ ജീവനുകൂടി ഭീഷണിയാകുന്ന പ്രതിക്കു പരമാവധി ശിക്ഷ നൽകണമെന്നായിരുന്നു പ്രോസിക്യൂഷൻ വാദം. ജാമ്യം ലംഘിച്ചാണു കൊലപാതകങ്ങൾ നടത്തിയത്. പ്രതിക്കു മാനസാന്തരം ഉണ്ടാകില്ലെന്നു കോടതി നിരീക്ഷിച്ചു. ബിഎൻഎസ് വകുപ്പ് 103 (1), 126 (2) എന്നീ വകുപ്പുകൾ പ്രകാരമാണ് ചെന്താമര കുറ്റാക്കാരനാണെന്ന് കോടതി വിധിച്ചത്.



അയൽവാസിയായ സുധാകരന്റെ ഭാര്യ സജിതയെ കൊലപ്പെടുത്തിയ കേസിൽ ജയിലിൽ പോയ ചെന്താമര (53) ജാമ്യത്തിലിറങ്ങിയാണ് അയൽവാസിയേയും അമ്മയേയും കൊലപ്പെടുത്തിയത്. പോത്തുണ്ടി തിരുത്തമ്പാടം ബോയൻ കോളനിയിൽ സുധാകരൻ (56), അമ്മ ലക്ഷ്മി (75) എന്നിവരാണ് കൊല്ലപ്പെട്ടത്. 2025–ജനുവരി 27–നായിരുന്നു പട്ടാപ്പകൽ നാടിനെ നടുക്കിയ കൊലപാതകം നടന്നത്. 2019 ഓഗസ്റ്റ് 30–നാണ് സജിത കൊല്ലപ്പെട്ടത്. ചെന്താമരയുടെ ഭാര്യ അയാളുമായി പിരിയാൻ കാരണം സജിതയും കുടുംബവുമാണെന്ന് ആരോപിച്ചായിരുന്നു ആക്രമണം.

# നിതിൻ രാജിന്റെ മരണം: ഡോ.എം.കെ. റാം അറസ്റ്റിൽ

കണ്ണൂർ: അഞ്ചരക്കണ്ടിയിലെ കണ്ണൂർ മെഡി.കോളജ് ഒന്നാം വർഷ ഡെന്റൽ വിദ്യാർത്ഥി തിരുവനന്തപുരം സ്വദേശി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് ഒളിവിൽ കവിഞ്ഞു വന്നിരുന്ന അനാട്ടമി വിഭാഗം മേധാവി ഡോ. എം.കെ. റാം അറസ്റ്റിൽ. കുടകിൽ ഒളിവിൽ കഴിയുന്നതിനിടെ ക്രൈംബ്രാഞ്ച് വിഭാഗമാണ് ഡോ.എം.കെ. റാമിനെ തിങ്കളാഴ്ച പുലർച്ചയോടെ അറസ്റ്റ് ചെയ്ത് കണ്ണൂരിലെത്തിച്ചത്. കണ്ണൂർ ക്രൈംബ്രാഞ്ച് ഓഫീസർ ഇയാളെ ചോദ്യംചെയ്തു വരികയാണ്.

കഴിഞ്ഞ ഏപ്രിൽ 10–നാണ് നിതിൻ രാജ് കോളജ് കെട്ടിടത്തിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തത്. ഡോ. എം.കെ.റാമുൾപ്പെടെയുള്ള അദ്ധ്യാപകരുടെ അധിക്ഷേപത്തിൽ മനം നൊന്താണ് നിതിൻ രാജ് ജീവനൊടുക്കിയതെന്ന് കുടുംബവും സഹപാഠികളും ആരോപിച്ചിരുന്നു. നിതിൻ രാജിന്റെ മരണത്തിനു പിന്നാലെ ഒളിവിൽ പോയ ഡോ. എം.കെ റാം മുൻകൂർ ജാമ്യഹർജിക്കായി ജില്ലാകോടതിയിലും ഹൈക്കോടതിയിലും സമർപ്പിച്ച ഹർജികൾ തള്ളിയിരുന്നു. സുപ്രീംകോടതിയിലും മുൻകൂർ ജാമ്യ ഹർജി സമർ



പ്പിച്ചിരുന്നെങ്കിലും ഇക്കഴിഞ്ഞ 14–ന് സുപ്രീംകോടതിയും തള്ളുകയായിരുന്നു.

ഇതിനിടെയാണ് പ്രതി കുടകിൽ ഒളിച്ചു താമസിക്കുന്നുണ്ടെന്ന വിവരം ലഭിച്ചത്. താടി വളർത്തി രൂപമാറ്റം വരുത്തി പെട്ടെന്ന് തിരിച്ചറിയാത്ത രീതിയിലായിരുന്നു ഇയാൾ കുടകിൽ ഒളിവിൽ കഴിഞ്ഞു വന്നിരുന്നത്.

ക്രൈംബ്രാഞ്ച് എസ്പി വേണുഗോപാലിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഡോ. റാമിനു പുറമേ അദ്ധ്യാപികയായ സംഗീത നമ്പ്യാരും കേസിലെ പ്രതിയാണ്. നിതിൻ രാജിന്റെ മരണത്തെ തുടർന്ന് ഇരുവരെയും കോളജിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നു.

സംഗീതയ്ക്ക് ഏപ്രിൽ 25–ന് തലശേരി നാലാം അഡീഷണൽ ജില്ലാ കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ ഒന്നാം പ്രതിയായ റാമിന്റെ ഹർജി പരിഗണിച്ച കോടതി കേസിൽ ജാതീയമായ അധിക്ഷേപം നടന്നതായി നിരീക്ഷിച്ചായിരുന്നു ജാമ്യഹർജി തള്ളിയത്.

ഹൈക്കോടതിയും സുപ്രീം കോടതിയും കീഴ്ക്കോടതിയുടെ നിരീക്ഷണം ശരിവെച്ചാണ് മുൻകൂർ ജാമ്യ ഹർജികൾ തള്ളിയത്. സുപ്രീം കോടതി ഡോ. റാമിനെതിരെ രൂക്ഷവിമർശനവും ഉന്നയിച്ചിരുന്നു.

# പാർലമെന്റ് വർഷകാല സമ്മേളനത്തിന് തുടക്കമായി

ന്യൂഡൽഹി: പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കമായി. എഫ്സിആർഎ നിയമഭേദഗതിയടക്കം ആറ് ബില്ലുകൾ ഈ സമ്മേളന കാലത്ത് അവതരിപ്പിക്കും. വന്ദേമാതരത്തെ അധിക്ഷേപിച്ചാൽ തടവു ശിക്ഷ ഉറപ്പു വരുത്തുന്ന ബില്ല് രാജ്യസഭയിൽ അമിത് ഷാ അവതരിപ്പിക്കും. പ്രതിപക്ഷത്തെ ഭിന്നതയ്ക്കിടെ കോൺഗ്രസ് വിളിച്ച ഇന്ത്യാ സഖ്യാ യോഗം ചേർന്നു. അയോധ്യ, നീറ്റ് ക്രമക്കേടടക്കം വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധം ശക്തമാകും. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിനായി 360 പേരുടെ പിന്തുണ സമ്മേളനത്തിൽ ഉറപ്പാക്കാനുള്ള നീക്കം ബിജെപി ഇനിയും ഉപേക്ഷിച്ചിട്ടില്ല.


## ദേശീയ ചലച്ചിത്ര അവാർഡ്:


# മമ്മൂട്ടിക്ക് നാലാമതും ദേശീയ പുരസ്കാരം; വിജയലക്ഷ്മി മികച്ച ഗായിക

ന്യൂഡൽഹി: എഴുപത്തിരണ്ടാമത് ദേശീയ ചലച്ചിത്ര അവാർഡിൽ മലയാള സിനിമയ്ക്ക് പൊൻതിളക്കം. ഭ്രമയുഗത്തിലൂടെ നാലാംതവണയും മികച്ച നടനുള്ള ദേശീയ പുരസ്കാരം സ്വന്തമാക്കി മലയാളികളുടെ സ്വന്തം മമ്മൂട്ടി. 'ചന്തു ചാമ്പ്യൻ' എന്ന ചിത്രത്തിലെ ശ്രദ്ധേയ വേഷം ചെയ്ത കാർത്തിക് ആര്യനുമായി അദ്ദേഹം പുരസ്കാരം പങ്കിട്ടു. 'ആർട്ടിക്കിൾ 370' എന്ന ചിത്രത്തിലെ പ്രകടനത്തിലൂടെ യാമി ഗൗതം മികച്ച നടിയായി. 'അമരൻ' ഒരുക്കിയ രാജ്കുമാർ പെരിയസാമിയാണ് മികച്ച സംവിധായകൻ. 'ഫെമിനിച്ചി' ഫാത്തിമയാണ് മികച്ച മലയാള ചിത്രം. വൈക്കം വിജയലക്ഷ്മിയാണ് മികച്ച ഗായിക. 'അജയന്റെ രണ്ടാം മോഷണം' എന്ന ചിത്രത്തിലെ 'അങ്ങു വാന കോണില്' എന്ന ഗാനമാണ് വിജയലക്ഷ്മിയെ പുരസ്കാരത്തിന് അർഹയാക്കിയത്. മികച്ച ഛായാഗ്രഹണത്തിനുള്ള പുരസ്കാരം ഭ്രമയുഗത്തിലൂടെ ഷഹ്നാദ് ജലാൽ നേടി. ധനുഷിന് മികച്ച നടനുള്ള പ്രത്യേക പരാമർശം ലഭിച്ചു. 'ക്യാപ്റ്റൻ മില്ലർ' എന്ന ചിത്രത്തിലെ പ്രകടനത്തിനാണ് പരാമർശം. ആർ. കലൈവണ്ണയാണ് (അമരൻ) മികച്ച എഡിറ്റർ. മികച്ച എന്റർടെയ്നറായി 'കൽക്കി 2898 എ. ഡി'യും മികച്ച നവാഗത സംവിധായകനായി രൺദീപ് ഹൂഡയും (സ്വതന്ത്ര വീർ സവർക്കാർ) തെരഞ്ഞെടുക്കപ്പെട്ടു. പുഷ്പ-2 ലൂടെ സുകുമാർ മികച്ച തിരക്കഥാകൃത്തായി. വെങ്കി അറ്റ്ലൂരിയാണ് പുരസ്കാരാർഹനായ സംഭാഷണ രചയിതാവ്.

ഇക്കുറി മലയാളത്തിൽനിന്ന് ഭ്രമയുഗത്തിനു പുറമെ 'മഞ്ഞുമ്മൽ ബോയ്സ്' 'കിഷ്കിന്ധ കാണ്ഡം' എന്നിവ പരിഗണിക്കപ്പെട്ടിരുന്നെങ്കിലും പുരസ്കാര നേട്ടത്തിൽ എത്താനായില്ല.

ഡൽഹി നാഷണൽ മീഡിയ സെന്ററിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ജൂറി ചെയർമാൻ ജയരാജാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്. 2024-ൽ സെൻസർ ചെയ്ത ചിത്രങ്ങളാണ് പരിഗണിച്ചിരിക്കുന്നത്.


മമ്മൂട്ടി


കാർത്തിക് ആര്യൻ


യാമി ഗൗതം


വൈക്കം വിജയലക്ഷ്മി

# എല്ലാ അസഭ്യപ്രയോഗങ്ങളും അശ്ലീലമല്ല: സുപ്രീംകോടതി

ന്യൂഡൽഹി: എല്ലാ അസഭ്യപ്രയോഗങ്ങളും മോശം പദങ്ങളും അശ്ലീലം പറച്ചിലായി വിലയിരുത്താനാകില്ലെന്ന് സുപ്രീംകോടതി. ഉപയോഗിക്കുന്ന വാക്കുകൾ വളരെയേറെ മോശപ്പെട്ടതും സംസ്കാരശൂന്യവും ആകാം. എങ്കിലും അവ അശ്ലീലതയുടെ പരിധിയിൽ വരില്ലെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. ജസ്റ്റിസുമാരായ സഞ്ജയ് കരോൾ, വിപുൽ എം. പഞ്ചോളി എന്നിവരുടെ ബെഞ്ചിന്റേതാണ് നിരീക്ഷണം. വിചാരണക്കോടതി നൽകിയ ശിക്ഷ ശരിവെച്ച ഹൈക്കോടതി ഉത്തരവിനെതിരെ ഒരു വ്യക്തി നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

"ഒരു വാക്ക് അശ്ലീലമാണെന്ന് കണക്കാക്കണമെങ്കിൽ അത് കാമവികാരങ്ങൾ ഉണർത്തുന്നതോ ലൈംഗിക താത്പര്യങ്ങളെ സ്വാധീനിക്കുന്നതോ അതുകേൾക്കുന്നവരുടെ മനസ്സിനെ ദുഷിപ്പിക്കാൻ സാധ്യതയുള്ളതോ ആയിരിക്കണം" - അശ്ലീലതയുടെ നിർവചനമായി കോടതി വ്യക്തമാക്കി. ഈ മാനദണ്ഡങ്ങൾവെച്ച് പരിശോധിക്കുമ്പോൾ, പരാതിയിലുള്ള ആരോപണങ്ങളെല്ലാം സത്യമാണെന്ന് മുഖവിലയ്ക്കെടുത്താൽപ്പോലും, അവ അശ്ലീലമാണെന്ന് പറയാനാകില്ലെന്ന് കോടതി പറഞ്ഞു.

"പൊതുസ്ഥലത്തുവെച്ച് മോശം വാക്കുകൾ ഉപയോഗിച്ചത് മറ്റുള്ളവർക്ക് ശല്യമുണ്ടാക്കിയെന്നതിനാൽ ഈ വകുപ്പ് ചുമത്താമെങ്കിലും ഈ കേസിൽ പരാതിക്കാരനോ മറ്റാർക്കെങ്കിലുമോ അത്തരത്തിൽ ശല്യമുണ്ടായതായി ആരും ചൂണ്ടിക്കാണിച്ചിട്ടില്ല. അതിനാൽ കുറ്റം നിലനിൽക്കില്ല" - കോടതി വിലയിരുത്തി.

2017 ഓഗസ്റ്റിൽ തമിഴ്നാട്ടിൽ ഒരു കൃഷിഭൂമി തർക്കവുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കേസ്. ഹർജിക്കാരനും ഭാര്യാസഹോദരനും തമ്മിൽ തർക്കവും കൈയാങ്കളിയും വാക്പോരും ഉണ്ടായി. അസഭ്യവാക്കുകൾകൊണ്ടും ജാതീയമായ അധിക്ഷേപങ്ങൾകൊണ്ടും നേരിട്ടെന്നാണ് പ്രോസിക്യൂഷൻ കേസ്. അശ്ലീലപ്രയോഗത്തിന് ഐ.പി.സി. 294 (ബി), ഗുരുതരമായി പരുക്കേൽപ്പിച്ചതിന് ഐ.പി.സി. 326, ഭീഷണിപ്പെടുത്തിയതിന് 506 (ii) എന്നീ വകുപ്പുകൾ പ്രകാരവും പട്ടികജാതി-വർഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരവും കേസെടുത്തു.

എന്നാൽ, മദ്രാസ് ഹൈക്കോടതി എസ്.സി/എസ്.ടി നിയമപ്രകാരമുള്ള കുറ്റങ്ങളിൽനിന്ന് ഒഴിവാക്കി. ഐ.പി.സി. പ്രകാരമുള്ള ശിക്ഷകൾ ശരിവെച്ചു. ഇതിനെത്തുടർന്നാണ് സുപ്രീംകോടതിയെ സമീപിച്ചത്.

## മറവിരോഗ സാധ്യത 20 ശതമാനം വരെ കുറയ്ക്കാം

ന്യൂഡൽഹി: 50 കഴിഞ്ഞവരിൽ മറവിരോഗത്തിനുള്ള സാധ്യത (ഡിമെൻഷ്യ) വാക്സീനിലൂടെ കുറയ്ക്കാമെന്നു റിപ്പോർട്ട്. ബ്രിട്ടീഷ് ഫാർമ കമ്പനിയായ ഗ്ലാക്സോസ്മിത്ക്ലൈനിന്റെ (ജിഎസ്കെ) ഷിങ്ങിൾസ് വാക്സീനിലൂടെ (ഷിംഗ്രിക്സ്) മറവിരോഗസാധ്യത 20 ശതമാനംവരെ കുറയ്ക്കാമെന്നാണ് 'ഇക്കണോമിസ്റ്റ്' മാസിക റിപ്പോർട്ട് ചെയ്തത്. മസ്തിഷ്കകോശങ്ങൾ ജീർണിക്കുന്നതു മൂലമുണ്ടാകുന്ന മറവിരോഗം ചികിത്സയിലൂടെ പൂർണമായി ഭേദപ്പെടുത്താനാകില്ല. എന്നാൽ, പ്രാരംഭഘട്ടത്തിൽത്തന്നെ തിരിച്ചറിഞ്ഞാൽ ചികിത്സയും ശാസ്ത്രീയ പരിചരണവുംവഴി രോഗബാധിതരുടെ ജീവിതനിലവാരം ഗണ്യമായി മെച്ചപ്പെടുത്താനാകും. ഷിങ്ങിൾസ് വാക്സീൻ മറവിരോഗസാധ്യത കുറയ്ക്കുമെന്ന് അൽസ്ഹൈമേഴ്സ് സൊസൈറ്റിയുടെ ഉൾപ്പെടെ പഠനങ്ങൾ വ്യക്തമാക്കുന്നു.

വാക്സീൻ തലച്ചോറിലെ രക്തക്കുഴലുകളിലെ കേടുപാടുകൾ പരിഹരിക്കുന്നു. ഒപ്പം തലച്ചോറിലെ നാഡീഞരമ്പുകളുടെ രോഗപ്രതിരോധ സംവിധാനത്തെ ഉത്തേജിപ്പിക്കുന്നു. ഷിങ്ങിൾസ് വാക്സീനിന്റെ ഒരു ഡോസിന് ഇന്ത്യയിൽ 7300 മുതൽ 12,000 രൂപ വരെയാണു വില. ആറുമാസത്തെ ഇടവേളയിൽ രണ്ട് ഡോസാണു നൽകേണ്ടത്. യൂറോപ്യൻ യൂണിയനിലെ 17 അംഗരാജ്യങ്ങളടക്കം വിദേശത്തു പലയിടത്തും ഈ വാക്സീൻ 60 കഴിഞ്ഞവർക്ക് സൗജന്യമായും വിലകുറച്ചും നൽകുന്നുണ്ട്.

ലോകത്ത് അഞ്ച് കോടി ഡിമെൻഷ്യ രോഗികളുണ്ടെന്നാണു കണക്ക്. 2050-ൽ ഇന്ത്യയിൽ മറവിരോഗബാധിതർ 15 കോടി കടക്കുമെന്നാണ് ലോകാരോഗ്യ സംഘടനയുടെ വിലയിരുത്തൽ. ഇന്ത്യയിൽ ഇതിനകം 53 ലക്ഷത്തോളം മറവിരോഗബാധിതരുണ്ടെന്നും 2050 ആകുമ്പോഴേക്കും മൂന്നു കോടിയാകുമെന്നും അൽസ്ഹൈമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയും വ്യക്തമാക്കുന്നു.

# യുഡിഎഫ് സർക്കാരിന്റെ വരുമാനത്തിൽ വർധന

തിരുവനന്തപുരം: യുഡിഎഫ് സർക്കാരിന് ആശ്വാസം നൽകി സംസ്ഥാനത്തിന്റെ വരുമാനത്തിൽ 6,610 കോടി രൂപയുടെ വർധന. കഴിഞ്ഞ വർഷം ഇതേ കാലയളവുമായി ( 2025 ഏപ്രിൽ - ജൂൺ) താരതമ്യം ചെയ്യുമ്പോഴാണ് ഇത്. 9,379 കോടിയായിരുന്ന ജിഎസ്ടി വരുമാനം 11,778 കോടിയായി വർധിച്ചതാണ് ഏറ്റവും വലിയ നേട്ടമായത്. ഇതോടെ ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ സർക്കാർ മെച്ചപ്പെട്ട ധനസ്ഥിതിയിലായി.

വികസനച്ചെലവ് കഴിഞ്ഞ വർഷം 3,534 കോടിയായിരുന്നത് ഇത്തവണ ഇരട്ടിയിലേറെയായതായും (7,179) കോടി അക്കൗണ്ട് ജനറലിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. വരുമാനം വർധിപ്പിച്ചാലും അതിൽ നല്ലൊരു പങ്ക് മറ്റ് ആവശ്യങ്ങൾക്ക് ചെലവിടുന്നതിനാൽ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതായിരുന്നു കേരളത്തിന്റെ പൊതുസ്ഥിതി. ഇതിൽനിന്ന് വ്യത്യസ്തമായ കണക്കാണ് ഇത്തവണ ആദ്യ പാദത്തിലേത്. വികസന പദ്ധതിക്കായി വകയിരുത്തിയ 19,718 കോടി രൂപയിൽ 36.4 ശതമാനം തുകയും സർക്കാർ ഇതിനകം ചെലവാക്കി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക മേഖലകളിലെ മൂലധനച്ചെലവ് വാർഷിക ലക്ഷ്യമായ 3,772 കോടിയും മറികടന്ന് ആദ്യ പാദത്തിൽ തന്നെ 4,219 കോടിയിലേക്കുയർന്നു.

ഈ വർഷം 1,69,646 കോടി രൂപയുടെ റവന്യൂ വരുമാനമാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 33,311 കോടി രൂപ ആദ്യ മാസം കൊണ്ടുതന്നെ സമാഹരിക്കാനായത് സർക്കാരിന്റെ മുന്നോട്ടു പോക്കിന് ഏറെ ഗുണം ചെയ്യും. ശമ്പളച്ചെലവ് 12,212 കോടിയായിരുന്നത് 14,396 കോടിയായും പെൻഷൻച്ചെലവ് 7,386 കോടിയിൽനിന്ന് 8,727 കോടിയായും കടമെടുത്ത തുകയ്ക്കുള്ള പലിശ തിരിച്ചടയ്ക്കാനുള്ള ചെലവ് 6,174 കോടിയിൽനിന്ന് 6,594 കോടിയിലേക്കും വർധിച്ചു. എന്നാൽ, സബ്സിഡിച്ചെലവിൽ വൻ ഇടിവുണ്ടായി. 173 കോടി നൽകിയിരുന്നത് 112 കോടിയായി. വരുമാനം വർധിച്ചതിനാൽ റവന്യൂ കമ്മി 13,209 കോടി രൂപയായി കുറഞ്ഞു.

കഴിഞ്ഞ വർഷം ഇത് 14,320 കോടി രൂപയായിരുന്നു. സർക്കാരിന്റെ പണമെടുപ്പ് 17,888 കോടിയിൽ നിന്ന് 21,045 കോടിയായും വർധിച്ചിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 29
July 20, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


### മഹദ്‌വചനം


ഓരോ മനുഷ്യനും അർഹമായത് നല്കുകയാണ് നീതി.

**അരിസ്റ്റോട്ടിൽ**

ചിന്തയാണ് നമ്മെ രൂപപ്പെടുത്തുന്നത്. നമ്മുക്കു വില നിശ്ചയിക്കുന്നതും ചിന്തതന്നെ.

**ബുദ്ധൻ**


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഓപ്പറേഷൻ തൂഫാൻ: ലഹരിക്കെതിരെയുള്ള സമഗ്ര യുദ്ധം

കേരളത്തിന്റെ തെരുവുകളിലും കലാലയങ്ങളിലും പടർന്നുപിടിച്ച സിന്തറ്റിക് ലഹരിയുടെ വൻ മാഫിയകൾക്കെതിരെ സംസ്ഥാന ആഭ്യന്തര വകുപ്പും കേരള പോലീസും സംയുക്തമായി പ്രഖ്യാപിച്ച 'ഓപ്പറേഷൻ തൂഫാൻ: ദി നാർക്കോ ഹണ്ട്' ഒന്നര മാസം പിന്നിടുമ്പോൾ പുറത്തുവരുന്ന കണക്കുകൾ ഞെട്ടിക്കുന്നതും അതേസമയം ആശ്വാസം നൽകുന്നതുമാണ്. വെറും 44 ദിവസങ്ങൾക്കുള്ളിൽ ഏഴായിരത്തോളം അറസ്റ്റുകൾ, 70 കോടി രൂപയിലധികം വിലമതിക്കുന്ന മയക്കുമരുന്ന് ശേഖരം പിടിച്ചെടുക്കൽ, ലഹരി മാഫിയകളുടെ പതിനഞ്ചോളം സ്വത്തുക്കൾ കണ്ടുകെട്ടൽ - കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ കാണാത്ത വിധത്തിലുള്ള ഒരു കൊടുങ്കാറ്റായി ഈ ദൗത്യം മാറിയിരിക്കുന്നു എന്നത് തർക്കമില്ലാത്ത കാര്യമാണ്. വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ തമ്പടിച്ചിരുന്ന ചെറുകിട കച്ചവടക്കാർ മുതൽ നൈജീരിയൻ സ്വദേശികളായ അന്താരാഷ്ട്ര ലഹരി ഇടപാടുകാരെ വരെ ഡൽഹിയിലും കർണാടകയിലും ചെന്ന് പിടികൂടാൻ നമ്മുടെ പോലീസിന് കഴിഞ്ഞു എന്നത് ഈ ദൗത്യത്തിന്റെ പ്രശംസനീയമായ നേട്ടമാണ്.

ഈ വൻ വിജയങ്ങൾക്കിടയിലും നാം സ്വയം ചോദിക്കേണ്ട ചില നിർണായക ചോദ്യങ്ങളുണ്ട്. പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പുകൾ നിറഞ്ഞുകവിയുമ്പോഴും പുതിയ എൻഡിപിഎസ് കോടതികൾ സ്ഥാപിക്കാൻ സർക്കാർ ഒരുങ്ങുമ്പോഴും ഇത്രയധികം മയക്കുമരുന്ന് നമ്മുടെ കൊച്ചു കേരളത്തിലേക്ക് ഇപ്പോഴും ഒഴുകിയെത്തുന്നത് എങ്ങനെയാണ്? കൊച്ചിയിലെയും കരിപ്പൂരിലെയും വിമാനത്താവളങ്ങൾ വഴിയും തമിഴ്നാട്- ആന്ധ്ര അതിർത്തികൾ വഴിയും അന്താരാഷ്ട്ര കൊറിയർ സർവീസുകൾ വഴിയും ലഹരിയുടെ വേരുകൾ ഇന്നും സജീവമായി പടരുകയാണ്. ലഹരി മാഫിയകൾക്ക് അതിർത്തികളില്ലാത്തതിനാൽ നമ്മുടെ പ്രതിരോധവും അതിർത്തികൾ കടന്നുള്ളതാകണം എന്ന തിരിച്ചറിവിലാണ് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നേരിട്ട് അയൽസംസ്ഥാന മുഖ്യമന്ത്രിമാരുമായി ചർച്ചയ്ക്ക് ഇറങ്ങിയത്. ഈയിടെ ചെന്നൈയിലെത്തി തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയുമായി അദ്ദേഹം നടത്തിയ കൂടിക്കാഴ്ച ഏറെ നിർണായകമാണ്. അതിർത്തികളിൽ സംയുക്ത പോലീസ് നിരീക്ഷണവും തത്സമയ വിവര കൈമാറ്റവും ശക്തമാക്കുമെന്ന് മുഖ്യമന്ത്രി വിജയ് ഉറപ്പുനൽകിയിട്ടുണ്ട്. തമിഴ്നാട് അതിർത്തി പൂർണ്ണമായും അടച്ചുകൊണ്ട് ലഹരിയുടെ വിതരണശൃംഖല തകർക്കാനാണ് ഈ നീക്കം. മാത്രമല്ല, ഈ കാമ്പയിന്റെ ബ്രാൻഡ് അംബാസഡറായ നടൻ മോഹൻലാലിനൊപ്പം കേരളത്തിൽ നടക്കുന്ന ലഹരിവിരുദ്ധ മഹാസമ്മേളനത്തിൽ പങ്കെടുക്കാൻ വിജയ് സമ്മതിച്ചിട്ടുമുണ്ട്. കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാറുമായി ബംഗളൂരുവിൽവെച്ച് രമേശ് ചെന്നിത്തല നടത്തിയ കൂടിക്കാഴ്ചയും ഈ ദൗത്യത്തിന്റെ വലിയൊരു വിജയമാണ്. അന്തർസംസ്ഥാന ഡ്രഗ് കാർട്ടലുകളെ പൂട്ടാൻ കർണാടക അതിർത്തികളിൽ കർശന പരിശോധന ഉറപ്പാക്കാമെന്ന് ശിവകുമാറും ഉറപ്പുനൽകി കഴിഞ്ഞു.

കേവലം പെഡ്ലർമാരെയും ഉപഭോക്താക്കളായ ആൺകുട്ടികളെയും പെൺകുട്ടികളെയും പിടികൂടി ജയിലിലടച്ചതുകൊണ്ട് മാത്രം ഈ ലഹരി വിപത്ത് അവസാനിക്കില്ല. അതിർത്തി കടന്നു വരുന്ന പണക്കൊഴുപ്പിന്റെയും രാഷ്ട്രീയ- ഉദ്യോഗസ്ഥ അവിശുദ്ധ കൂട്ടുകെട്ടുകളുടെയും വലിയൊരു അധോലോകം ഇതിന് പിന്നിലുണ്ട്. അയൽസംസ്ഥാനങ്ങളായ തമിഴ്നാടും കർണാടകയുമായി കൈകോർത്ത് ഒരു ദക്ഷിണേന്ത്യൻ സംയുക്ത പ്രതിരോധ സമിതിക്ക് കേരളം തുടക്കമിട്ടത് അതുകൊണ്ടുതന്നെ വലിയൊരു പ്രതീക്ഷയാണ് നൽകുന്നത്.

'ഓപ്പറേഷൻ തൂഫാൻ' വെറുമൊരു പോലീസിംഗ് നടപടിയായി മാത്രം അവശേഷിക്കരുത്. അതോടൊപ്പം തന്നെ ശക്തമായ ഡി- അഡിക്ഷൻ (ലഹരിമുക്തി) കേന്ദ്രങ്ങളും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള കൗൺസിലിംഗുകളും അനിവാര്യമാണ്. മാതാപിതാക്കളും അധ്യാപകരും പൊതുസമൂഹവും ഒരുപോലെ ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിത്. തുടക്കത്തിലെ ആവേശം പിന്നീട് ചോർന്നുപോയ മുൻകാല പോലീസ് ഓപ്പറേഷനുകളുടെ ചരിത്രം നമുക്ക് മുന്നിലുണ്ട്. എന്നാൽ 'തൂഫാൻ' അങ്ങനെയൊന്നാകരുത്. അയൽസംസ്ഥാനങ്ങളുടെ പിന്തുണയോടെയുള്ള ഈ കൊടുങ്കാറ്റ് അടങ്ങരുത്; ഇത് ലഹരിയുടെ ആസ്ഥാനങ്ങളെ പൂർണ്ണമായും പിഴുതെറിയുന്നത് വരെ തുടരുക തന്നെ വേണം. നമ്മുടെ തലമുറകളെ മരണത്തിന്റെ തടവറയിൽനിന്ന് രക്ഷിക്കാൻ ഇതിലും ശക്തമായൊരു പോരാട്ടം ഇനി നമുക്ക് സാധ്യമാകില്ല. 'ഓപ്പറേഷൻ തൂഫാൻ' കേവലം ലഹരിവേട്ടയിൽ ഒതുങ്ങുന്ന ഒരു കൊടുങ്കാറ്റായി മാറുമോ? അതോ രാഷ്ട്രീയ പ്രസംഗവേദികളിൽ മാത്രം ശബ്ദമുയർത്തുന്ന വെറും പൊടിക്കാറ്റായി ഇത് ശമിക്കുമോ? കാലമല്ല, മറിച്ച് ഈ ദൗത്യത്തിന്റെ വരുംദിനങ്ങളിലെ കർക്കശമായ നിലപാടുകളാണ് ഇതിന് മറുപടി നൽകേണ്ടത്.

പുത്തൻ മുദ്രാവാക്യങ്ങളല്ല, മറിച്ച് സുതാര്യമായൊരു രാഷ്ട്രീയ ശൈലിയാണ് ഇന്ന് കേരളം ഉറ്റുനോക്കുന്നത്. ആരോപണങ്ങളെ വസ്തുനിഷ്ഠമായ തെളിവുകളായും ആ തെളിവുകളെ വിട്ടുവീഴ്ചയില്ലാത്ത നിയമപോരാട്ടങ്ങളായും മാറ്റി, കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ഉറപ്പാക്കുന്ന നീതിനിഷ്ഠമായ ഭരണസംസ്കാരമാണ് പൊതുസമൂഹം പ്രതീക്ഷിക്കുന്നത്. ഇത്തരമൊരു വിപ്ലവകരമായ മാറ്റത്തിന് നാന്ദികുറിക്കാൻ 'തൂഫാന്' സാധിക്കുമെങ്കിൽ, അതൊരു വെറും രാഷ്ട്രീയ പ്രചാരണമല്ല; മറിച്ച് കേരളത്തിന്റെ സാമൂഹിക ജീവിതത്തെ മാലിന്യമുക്തമാക്കുന്ന ഐതിഹാസികമായ മുന്നേറ്റമായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും.

# ചരിത്രമെഴുതി വിക്രം–1 വിക്ഷേപണം വിജയകരം

വിശാഖപട്ടണം: ചരിത്രം കുറിച്ച് ഇന്ത്യയുടെ ആദ്യ സ്വകാര്യ നിർമിത റോക്കറ്റായ വിക്രം-1 വിക്ഷേപണം. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ ഒന്നാമത്തെ വിക്ഷേപണത്തറയിൽനിന്ന് ജൂലൈ 18-ന് ശനിയാഴ്ച ഉച്ചയ്ക്കു 12.05-നു കുതിച്ചുയർന്ന വിക്രം, 16 മിനിറ്റ് കൊണ്ട് ഭ്രമണപഥത്തിലെത്തി. ഹൈദരാബാദ് ആസ്ഥാനമായ 'സ്കൈറൂട്ട് എയ്റോസ്പേസ്' തദ്ദേശീയമായി രൂപകൽപ്പനചെയ്ത് വികസിപ്പിച്ച വിക്രം-1, ഇന്ത്യയിൽ സ്വകാര്യമേഖലയിൽ ആദ്യമായി വികസിപ്പിച്ച ഓർബിറ്റൽ-ക്ലാസ് റോക്കറ്റാണ്.



മോശം കാലാവസ്ഥ പരിഗണിച്ച് 11.30-നു നിശ്ചയിച്ചിരുന്ന വിക്ഷേപണം അഞ്ച് മിനിറ്റിനു മുൻപു നാടകീയമായി മാറ്റിയതു ആശങ്കയുണ്ടാക്കിയിരുന്നു. തുടർന്നു 11.45-നാണ് കൗണ്ട്ഡൗൺ പുനരാരംഭിച്ചത്. ദൗത്യം വിജയിച്ചെന്നു ഐ.എസ്.ആർ.ഒ (ഇസ്രോ)യുടെ വാണിജ്യ വിഭാഗമായ 'ഇൻസ്പേസ്' ചെയർമാൻ ഡോ. പവൻ കുമാർ ഗോയങ്ക 12.25-നു അറിയിച്ചു. വിജയ പ്രഖ്യാപനത്തിനു പിന്നാലെ വേദിയിൽ ഗോയങ്കയുടെ ഫോണിൽ വിളിച്ചു സ്കൈറൂട്ട് ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

ബഹിരാകാശ ഗവേഷണ മേഖല ഇന്ത്യ സ്വകാര്യ കമ്പനികൾക്ക് തുറന്നുകൊടുത്തത് 2020-ൽ മാത്രമാണ്. ആറ് വർഷത്തിനുള്ളിൽ വിവിധ സ്റ്റാർട്ടപ്പുകൾ റോക്കറ്റ് എഞ്ചിനുകൾ, ഉപഗ്രഹങ്ങൾ, പ്രൊപ്പൽഷൻ സിസ്റ്റങ്ങൾ എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്നിരുന്നാലും സ്വതന്ത്രമായി ഒരു റോക്കറ്റ് ഭ്രമണപഥത്തിൽ എത്താനുള്ള നീക്കം ആദ്യമായാണ് നടക്കുന്നത്. ഇസ്രോയോടൊപ്പം സ്വകാര്യ സംരംഭങ്ങളും ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യയുടെ സാന്നിധ്യം ശക്തമാക്കുന്ന പുതിയ യുഗത്തിന് ഇതോടെ തുടക്കം കുറിക്കുമെന്നു ശാസ്ത്രലോകം വിലയിരുത്തുന്നു.

സർക്കാർ പേലോഡുകൾക്ക് ഇസ്രോ മുൻഗണന നൽകുന്നതിനാൽ ചെറിയ ഉപഗ്രഹ നിർമാതാക്കൾക്ക് വിക്ഷേപണ അവസരങ്ങൾക്കായി മാസങ്ങളോ വർഷങ്ങളോ കാത്തിരിക്കേണ്ടി വരുന്നു. വിക്രം-1 പോലുള്ള സംവിധാനങ്ങൾ ഉപഗ്രഹങ്ങൾ വികസിപ്പിക്കുന്നവർക്ക് മുന്നിൽ വിശാലമായ അവസരങ്ങൾ തുറന്നു നൽകുന്നു. ഇതോടെ ഇസ്രോയ്ക്ക് ഗഗൻയാൻ പോലുള്ള വലിയ പ്രോഗ്രാമുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. അതേസമയം സ്വകാര്യ മേഖല അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വാണിജ്യ ദൗത്യങ്ങൾ വിജയിപ്പിക്കുകയും ചെയ്യും. വിക്ഷേപണത്തിനു സാക്ഷിയാകാൻ ഐ.എസ്.ആർ.ഒ ചെയർമാൻ വി. നാരായണൻ, മുൻ ചെയർമാൻമാരായ ഡോ. എസ്. സോമനാഥ്, ഡോ. കെ. രാധാകൃഷ്ണൻ, ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല എന്നിവർ സതീഷ് ധവാൻ സ്പേസ് സെന്ററിലെത്തിയിരുന്നു.

# അഞ്ച് വർഷംകൊണ്ട് പൂർത്തിയാക്കിയത് മൂന്ന് പദ്ധതി

കോഴിക്കോട്: കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് കഴിഞ്ഞ എൽഡിഎഫ് സർക്കാർ രൂപീകരിച്ച ഇംപാക്ട് കേരള ലിമിറ്റഡ് കമ്പനിയുടെ ലക്ഷ്യം ചോദ്യം ചെയ്യപ്പെടുന്നു. തദ്ദേശ സ്ഥാപനങ്ങൾക്കു വൻകിട പദ്ധതികൾ നടപ്പാക്കി ആസ്തി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കമ്പനിയിൽ ആകെ നടന്നത് പാർട്ടി ബന്ധുക്കൾക്കുള്ള നിയമനം മാത്രം. 5 വർഷത്തിനിടയിൽ താൽക്കാലിക ജീവനക്കാർക്കായി ഏഴരക്കോടിയോളം രൂപ ശമ്പള ഇനത്തിൽ ചെലവാക്കിയെങ്കിലും ഇംപാക്ട് കേരള പൂർത്തിയാക്കിയത് വെറും മൂന്ന് പദ്ധതികൾ.

ആധുനിക അറവുശാലകൾ, ഗ്യാസ് ശ്മശാനങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ, നഗര സൗന്ദര്യവൽക്കരണം, പുതിയ മുനിസിപ്പാലിറ്റി കെട്ടിടങ്ങൾ തുടങ്ങി വലിയ പ്രോജക്ടുകൾ വേഗത്തിലും സുതാര്യമായും നടത്താൻ കഴിഞ്ഞ സർക്കാർ രൂപീകരിച്ച പ്രത്യേക കമ്പനിയാണ് (എസ്പിവി) ഇംപാക്ട് കേരള ലിമിറ്റഡ്. തദ്ദേശ സ്ഥാപനങ്ങൾക്ക് തനിച്ചു ചെയ്യാൻ കഴിഞ്ഞ വലിയ വികസന പ്രോജക്ടുകൾ ഒരു കമ്പനിയുടെ വേഗത്തോടെയും പ്രഫഷണലിസത്തോടെയും ഫണ്ട് സമാഹരിച്ച് ചെയ്യാൻ വേണ്ടിയാണ് തദ്ദേശ വകുപ്പിനു കീഴിൽ കമ്പനി രൂപീകരിച്ചതെന്നായിരുന്നു വിശദീകരണം. കിഫ്ബി, റീബിൽഡ് കേരള, ശുചിത്വമിഷൻ എന്നിവ വഴി ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. എന്നാൽ, 170 കോടിരൂപയുടെ പദ്ധതികൾ ഏല്പിച്ചതിൽ കണ്ണൂർ ഏഴോം പഞ്ചായത്ത് ശ്മശാനം, രാമനാട്ടുകര നഗരസഭ ഓഫീസ്, ചേർത്തല മാലിന്യസംസ്കരണ പദ്ധതി എന്നിവ മാത്രമാണ് പൂർത്തിയാക്കിയത്. 31 കോടിരൂപയുടെ കണ്ണൂർ കോർപ്പറേഷൻ ഓഫീസ് കെട്ടിടനിർമ്മാണം അടക്കമുള്ള വൻകിടപദ്ധതികൾ ഈ വർഷം പൂർത്തിയാക്കേണ്ടതായിരുന്നു.

കിഫ്ബി റീബിൽഡ് കേരള എന്നിവയിൽ നിന്ന് ഫണ്ട് വകമാറ്റാൻ ഇടനിലക്കാരായി രൂപീകരിച്ച സംവിധാനം മാത്രമാണ് ഇംപാക്ട് കേരള എന്നാണ് ഇപ്പോൾ ആരോപണം ഉയരുന്നത്. 500 കോടിയോളം രൂപയുടെ പദ്ധതികൾ ഇവരെ ഏല്പിക്കാനായിരുന്നു ഇടതുസർക്കാരിന്റെ നീക്കം. പദ്ധതിതുകയുടെ നിശ്ചിത ശതമാനം ഇംപാക്ട് കേരളയ്ക്ക് മേൽനോട്ട ചാർജായി ലഭിക്കും. എന്നാൽ, മേൽനോട്ട ചാർജ് വാങ്ങുമ്പോഴും മേൽനോട്ടം സ്വകാര്യ കമ്പനികൾക്കു എംപാനൽഡ് ഏജൻസികൾക്കും മറിച്ചു നല്കിയിരിക്കുകയാണ്. മതിയായ യോഗ്യതയില്ലെന്നു നേരത്തെ തന്നെ ആരോപണമുയർന്ന കമ്പനികളും ചില ഉദ്യോഗസ്ഥരുടെ ബെനാമി കമ്പനികളും ഇക്കൂട്ടത്തിലുണ്ട്.



## 5–ാം ചരമവാർഷികം
## JULY 21st, 2026

# ഏലിയാമ്മ ഫിലിപ്പ്
## ഇലക്കാട്ട്
### കുറുമുള്ളൂർ (ചിക്കാഗോ)

ദുഃഖസ്മരണകളോടെ

ഇലക്കാട്ട് ഫാമിലി
&
തേവർമറ്റത്തിൽ ഫാമിലി



# സ്ത്രീധനം മുഴുവൻ ഭരതൃവീട്ടുകാരെ ഏൽപ്പിക്കില്ല: ഹൈക്കോടതി

കൊച്ചി: പുതിയകാലത്തെ വിദ്യാസമ്പന്നരായ സ്ത്രീകൾ വിവാഹംകഴിഞ്ഞ് ഭർത്തൃവീട്ടിൽ എത്തിയാലുടൻ പണവും സ്വർണാഭരണങ്ങളും സൂക്ഷിക്കാൻ ഭർത്താവിനെയും ഭർത്തൃവീട്ടുകാരെയും ഏൽപ്പിക്കുമെന്ന് കരുതാനാകില്ലെന്നു ഹൈക്കോടതി. സ്വന്തമായി സൂക്ഷിക്കാനുള്ള അറിവും സ്വാതന്ത്ര്യവും അവർക്കിന്നുണ്ടെന്നും കോടതി പറഞ്ഞു.

വിവാഹാഘോഷത്തിനു മുടക്കുന്ന പണം ഇരുകൂട്ടരുടെയും പൊതുചെലവ് ആയതിനാൽ അത് ഭാര്യക്കോ ഭർത്താവിനോ മടക്കിനൽകണമെന്ന് വിവാഹമോചനക്കേസുകളിൽ വിധിക്കാനാകില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

മൂവാറ്റുപുഴ കുടുംബക്കോടതി വിധിച്ച നഷ്ടപരിഹാരം കൂടുതലാണെന്നുകാട്ടി ഭർത്താവും വീട്ടുകാരും നൽകിയ ഹർജി ഭാഗികമായി അനുവദിച്ച ഉത്തരവിലാണ് ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് എ.കെ. പ്രീത എന്നിവരുൾപ്പെട്ട ബെഞ്ചിന്റെ നിരീക്ഷണം.

വിവാഹനിശ്ചയത്തിനു കൈമാറിയ അഞ്ചുലക്ഷം രൂപയും 80 പവനും വിവാഹച്ചെലവായ 6,89,350 രൂപയും യുവതിക്കു മടക്കിനൽകണമെന്നായിരുന്നു കുടുംബക്കോടതി ഉത്തരവ്.

വിവാഹനിശ്ചയദിവസം അഞ്ചുലക്ഷം രൂപ കൈമാറിയതിന് തെളിവുള്ളതിനാൽ മടക്കിനൽകണം. വിവാഹസമയത്ത് പെൺകുട്ടിക്ക് 80 പവൻ സ്വർണമുള്ളത് എസ്.എൻ.ഡി.പി യോഗം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ, ഭർത്താവ് പണയം വെക്കാൻ 30 പവൻ വാങ്ങിയതിന് തെളിവുണ്ട്. അത് മടക്കിനൽകണമെന്നും കോടതി വ്യക്തമാക്കി.

# പൗരത്വ അപേക്ഷകളിൽ ഇടപെട്ട് സുപ്രീംകോടതി

ന്യൂഡൽഹി: യാന്ത്രികമായി പൗരത്വം നിഷേധിക്കുകയോ തെളിവുകൾ പരിശോധിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുകയോ ചെയ്യരുതെന്നു ട്രൈബ്യൂണലുകളോട് സുപ്രീം കോടതി നിർദേശിച്ചു.

അസമിൽ പൗരത്വം നിഷേധിച്ച ഫോറിനേഴ്സ് ട്രൈബ്യൂണൽ, ഗുവാഹത്തി ഹൈക്കോടതി വിധികൾ ചോദ്യംചെയ്ത് 27 പേർ നൽകിയ ഹർജിയിലാണു നിർദേശം. വിധികൾ റദ്ദാക്കിയ സുപ്രീം കോടതി അപേക്ഷ ആദ്യംതൊട്ടേ പരിഗണിച്ചു തീരുമാനിക്കാൻ ഉത്തരവിട്ടു.

വിദേശിയാണെന്നു സംശയിക്കപ്പെടുന്നയാൾക്കു പോലും ന്യായമായ നിയമനടപടികൾക്ക് അർഹതയുണ്ട്. പൗരത്വം തെളിയിക്കപ്പെടുന്നതിനു മുൻപും ഭരണഘടനാപരമായ പരിരക്ഷ ലഭിക്കും. നിയമത്തിനു മുന്നിലുള്ള തുല്യതയടക്കം ഇതിൽ വരും.

പൗരത്വം തെളിയിക്കേണ്ട അടിസ്ഥാന ബാധ്യത അത് അവകാശപ്പെടുന്നയാളിനു തന്നെയാണ്. അപ്പോഴും ചുമതലയിൽനിന്ന് ട്രൈബ്യൂണലിന് ഒഴിഞ്ഞുമാറാനാകില്ല. പൗരത്വം അവകാശപ്പെടുന്നയാൾ ഹാജരായില്ലെന്നതിന്റെ പേരിൽ ഏകപക്ഷീയമായി ഉത്തരവിടരുതെന്നു സുപ്രീം കോടതി വ്യക്തമാക്കി. പൗരത്വക്കേസുകളിൽ ഇരുപക്ഷത്തിനും തെളിവുകൾ ഹാജരാക്കാൻ അവസരം നൽകണം. അതു പരിശോധിക്കാൻ ബന്ധപ്പെട്ട ട്രൈബ്യൂണൽ തയാറാകുകയും വേണം.

ഏകപക്ഷീയമായി വിധി പറയുന്ന സാഹചര്യമുണ്ടാകുമ്പോൾ, ഹൈക്കോടതി തെളിവുകൾ ആദ്യംതൊട്ടേ പരിശോധിക്കേണ്ടി വരും. ഇതു ശരിയായ രീതിയല്ല. ഫോറിനേഴ്സ് ട്രൈബ്യൂണലാണ് ആദ്യം തെളിവുകൾ പരിശോധിച്ചു തീരുമാനമെടുക്കേണ്ടത്. അതില്ലാതെ വരുമ്പോൾ വിഷയം പരിശോധിക്കുന്ന ആദ്യ കോടതി ഹൈക്കോടതിയായി മാറുമെന്നും സുപ്രീം കോടതി വ്യക്തമാക്കി.

ട്രൈബ്യൂണലിന്റെയോ കോടതിയുടെയോ മുൻപാകെ ഹാജരായോ എന്നതു പരിഗണിച്ചാകരുത് പൗരത്വം തീരുമാനിക്കേണ്ടത്. പകരം, തെളിവുകൾ പരിഗണിക്കണം. കുടുംബപശ്ചാത്തലം, രക്ഷിതാക്കൾ, മാതാപിതാക്കൾ, താമസസ്ഥലം, തിരിച്ചറിയൽ രേഖകൾ, വോട്ടർപട്ടിക, മറ്റു സർക്കാർ രേഖകൾ തുടങ്ങിയവ പരിശോധിക്കേണ്ടതുണ്ട്. മറ്റു രേഖകളുമായി ഇവ ഒത്തുനോക്കുകയും വേണം. സങ്കീർണമെങ്കിലും ഈ നടപടികൾ ഉറപ്പാക്കിയാണ് തീരുമാനമെടുക്കേണ്ടതെന്നും കോടതി വ്യക്തമാക്കി.

# അച്ചായൻസ് ഗോൾഡിന്റെ 47–ാം ഷോറൂം പിറവം മുള്ളൂർപ്പടി കാലാപ്പറമ്പത്ത് ബിൽഡിങ്ങിൽ




അച്ചായൻസ് ഗോൾഡിന്റെ 47–ാം ഷോറൂം പിറവം മുള്ളൂർപ്പടി കാലാപ്പറമ്പത്ത് ബിൽഡിങ്ങിൽ സിഇഒയും മാനേജിങ് ഡയറക്ടറുമായ ടോണി വർക്കിച്ചനും ജനറൽ മാനേജർ ഷിനിൽ കുര്യനും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

# കൂടംകുളം ആണവനിലയം: രഹസ്യരേഖകൾ ചോർന്നു

ന്യൂഡൽഹി: ഇന്ത്യയിലെ ഏറ്റവും വലിയ ആണവനിലയമായ കൂടംകുളത്തിന്റെ 19,000 സുപ്രധാന രേഖകൾ ചോർന്നു. ഡാർക്‌വെബിൽ പ്രചരിക്കുന്ന രേഖകൾ നിലയത്തിന്റെ നിർമാണക്കരാറുള്ള റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ (റിൻഫ്ര) നിന്നാണു ലഭിച്ചതെന്ന് 'വേൾഡ്‌ലീക്സ്' എന്ന ഹാക്കിങ് സംഘം അവകാശപ്പെട്ടു. ഇതുൾപ്പെടെ റിലയൻസുമായി ബന്ധപ്പെട്ട 8.58 ലക്ഷത്തോളം ഫയലുകൾ വേൾഡ്‌ലീക്സ് ഡാർക്‌വെബിൽ പ്രസിദ്ധീകരിച്ചതായി റോയിട്ടേഴ്സ് വാർത്താഏജൻസിയാണു കണ്ടെത്തിയത്. അനിൽ അംബാനിയുടെ ഉടമസ്ഥതയിലുള്ളതാണു റിൻഫ്ര.

ഭാഗിക വിവരച്ചോർച്ചയുണ്ടായെന്നു റിൻഫ്ര സ്ഥിരീകരിച്ചു. 'യോട്ട' എന്ന ഡേറ്റസെന്റർ കമ്പനിയുടെ സെർവറിൽ സൂക്ഷിച്ച വിവരങ്ങളാണു പുറത്തായതെന്നാണു റിലയൻസിന്റെ വാദം. ഡേറ്റ ചോർച്ച സർക്കാരിനെ അറിയിച്ചെന്നും വ്യക്തമാക്കി.

മേയ് 29-ന് റിൻഫ്ര സെർവറിൽ സംശയാസ്പദ ഇടപെടലുണ്ടായെന്നു സ്ഥിരീകരിച്ച 'യോട്ട', സൈബർ ആക്രമണശ്രമം തടഞ്ഞതായി അവകാശപ്പെട്ടു.

തമിഴ്നാട്ടിലെ കൂടംകുളം നിലയത്തിലെ 3, 4 യൂണിറ്റുകളുടെ നിർമാണക്കരാർ 2018-ലാണു റിൻഫ്ര നേടിയത്. 2027-ൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്ന ഈ യൂണിറ്റുകൾക്ക് 2,000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ശേഷിയുണ്ട്.

2019-ലും കൂടംകുളം നിലയം സൈബർ ആക്രമണത്തിന്റെ പേരിൽ വാർത്തകളിൽ ഇടംപിടിച്ചിരുന്നു. ഉത്തര കൊറിയൻ ഹാക്കർ സംഘവുമായി ബന്ധമുള്ള വൈറസ്, നിലയത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് നെറ്റ്‌വർക്കിൽ കണ്ടെത്തിയിരുന്നു. എന്നാൽ അന്ന് പ്ലാന്റിന്റെ പ്രധാന സംവിധാനങ്ങളെ ഇതു ബാധിച്ചില്ലെന്നായിരുന്നു അധികൃതരുടെ വിശദീകരണം.






# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

Pulimoottil SILKS

102 YEARS 1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"

- LATE ഷെ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേപ്പ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)



# വിവരാവകാശ കമ്മീഷൻ ഉത്തരവിന് എതിരെ ഹൈക്കോടതിയിലേക്ക്

തിരുവനന്തപുരം: ക്രമക്കേട് നടന്ന പ്ലാനിങ് ബോർഡ് ചീഫ് പരീക്ഷയുടെ മാർക്ക് കൈമാറണമെന്ന വിവരാവകാശ കമ്മീഷൻ ഉത്തരവ് പാലിക്കാതെ അതിനെതിരെ പിഎസ്സി ഹൈക്കോടതിയിലേക്ക്.

മൂന്ന് തസ്തികകളിലേക്കുള്ള പൊതുപരീക്ഷയാണു നടന്നതെന്നും ഇതിൽ ഒരു പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിനാൽ മറ്റു രണ്ട് പരീക്ഷകളുടെ മാർക്ക് പുറത്തുവിടാൻ കഴിയില്ലെന്നുമാണ് പിഎസ്സിയുടെ നിലപാട്. വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെ അപ്പീൽ നൽകാനാണ് തങ്ങളുടെ തീരുമാനമെന്ന് അപേക്ഷകനായ കെ. ശ്യാം കൃഷ്ണനെ പിഎസ്സി അറിയിച്ചു.

പരീക്ഷ കഴിഞ്ഞ് അഭിമുഖത്തിനു മുൻപ് ചില പിഎസ്സി അംഗങ്ങൾ തന്നെ മാർക്ക് ചോർത്തുന്നു എന്ന ആരോപണം നിലനിൽക്കെയാണ് മാർക്ക് കൈമാറണമെന്ന കമ്മീഷൻ ഉത്തരവ് പാലിക്കാൻ പിഎസ്സി തയാറാകാത്തത്.

2023 ജൂലൈ 13-നു നടന്ന പൊതു പ്രാഥമിക പരീക്ഷയെക്കുറിച്ച് സംശയം ഉയർന്നതിനെ തുടർന്ന് ഉദ്യോഗാർത്ഥികളിൽ ചിലർ ഉത്തരക്കടലാസിന്റെ പകർപ്പ് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടെങ്കിലും നൽകാൻ പിഎസ്സി തയാറായില്ല.

ഉദ്യോഗാർത്ഥികൾ വിവരാവകാശ കമ്മീഷനെ സമീപിച്ചതോടെ വിധി എതിരാകുമെന്നുറപ്പാക്കിയ പിഎസ്സി ഉത്തരക്കടലാസ് നൽകുകയായിരുന്നു. ഒരു വർഷം കാത്തിരുന്ന ശേഷമാണ് ഉത്തരക്കടലാസ് അപേക്ഷകർക്ക് ലഭിച്ചത്. ഇതിലൂടെയാണ് 10 മാർക്കിനുള്ള ഉത്തരം മൂല്യനിർണയം നടത്തിയിട്ടില്ലെന്നു കണ്ടെത്തിയതും പിഎസ്സിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ക്രമക്കേട് പുറത്തായതും.

ഇതിനു പിന്നാലെ സർക്കാർ പ്രഖ്യാപിച്ച ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കവെ കൂടുതൽ രേഖകൾ പുറത്തു വരുന്നത് തങ്ങൾക്ക് തിരിച്ചടിയാകുമെന്നു കണ്ടാണ് ഇപ്പോൾ വിവരാവകാശ കമ്മീഷന്റെ ഉത്തരവ് തള്ളിക്കളയാൻ പിഎസ്സി തീരുമാനിച്ചതെന്നാണ് സൂചന.

# മ്യാൻമർ ബോട്ടപകടം: മരണം 500 ആയി

ജനീവ: മ്യാൻമറിലെ കലാപ ബാധിത സംസ്ഥാനമായ റാഖൈനിൽനിന്ന് രോഹിൻഗ്യ അഭയാർത്ഥികളുമായി പോയ രണ്ട് ബോട്ടുകൾ മുങ്ങി 500-ൽ ഏറെപ്പേർ മരിച്ചു. അഭയാർത്ഥികളും കുടിയേറ്റവുമായി ബന്ധപ്പെട്ട യു



എൻ ഏജൻസികളാണ് മ്യാൻമർ തീരക്കടലിലെ ബോട്ടുദുരന്ത വാർത്ത പുറത്തുവിട്ടത്.

റാഖൈനിൽനിന്ന് കഴിഞ്ഞ മാസം അവസാനം പുറപ്പെട്ട ബോട്ടുകളാണിത്. ബംഗ്ലാദേശിലെ അഭയാർത്ഥി ക്യാംപിലുണ്ടായിരുന്ന രോഹിൻഗ്യക്കാരും ബോട്ടുകളിലുണ്ടായിരുന്നു.

250 പേരുണ്ടായിരുന്ന ഒന്നാമത്തെ ബോട്ടിന് മ്യാൻമറിൽനിന്നു പുറപ്പെട്ട് അധികം വൈകാതെതന്നെ ആശയവിനിമയബന്ധം നഷ്ടപ്പെട്ടു. 280 പേരുമായി പുറപ്പെട്ട രണ്ടാമത്തെ ബോട്ട് ഈ മാസം എട്ടിന് മ്യാൻമറിലെ ഏയർവാഡിക്കു സമീപം മുങ്ങിയെന്നാണു വിവരം. മരണസംഖ്യയിൽ വ്യക്തതയില്ലെന്ന് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷനും (ഐഒഎം) യുഎൻ അഭയാർത്ഥി ഏജൻസിയും (യുഎൻഎച്ച്സിആർ) സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

മലേഷ്യ, ഇന്തോനീഷ്യ, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങളിൽ ചെന്നുപെട്ടാൽ അഭയം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് രോഹിൻഗ്യകൾ അത്യന്തം അപകടകരമായ കടൽയാത്രകൾ നടത്തുന്നത്. പേമാരിയും വെള്ളപ്പൊക്കവും മൂലം കടൽ പ്രക്ഷുബ്ദമായിരിക്കെ യാത്രയ്ക്കു മുതിർന്നത് ദുരന്തത്തിന്റെ ആക്കം കൂട്ടി.

മ്യാൻമർ തീരക്കടലിലെ ദുരന്തത്തിനു മുൻപ് ആൻഡമാൻ കടൽ, ബംഗാൾ ഉൾക്കടൽ വഴി സഞ്ചരിച്ച ബോട്ട് മുങ്ങി 300-ൽ ഏറെപ്പേർ മരിച്ചിരുന്നു. കഴിഞ്ഞ വർഷം ഇവിടെ ബോട്ടു ദുരന്തങ്ങളിലായി 900 പേർ മരിച്ചു.

## സെമികണ്ടക്ടർ, മൊബൈൽ ഉൽപാദനം
# കോടികളുടെ പദ്ധതികൾക്ക് അംഗീകാരം

ന്യൂഡൽഹി: ഇന്ത്യയിൽ ഇലക്ട്രോണിക് ചിപ്പുകളുടെയും (സെമികണ്ടക്ടർ) മൊബൈൽ ഫോണുകളുടെയും ഉൽപാദനം വർധിപ്പിക്കുന്നതിന് 1.9 ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി. സെമികണ്ടക്ടർ ഡിസൈനിങ്ങിലും നിർമാണത്തിലുമുള്ള കഴിവുകൾ വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള 1.27 ലക്ഷം കോടി രൂപയുടെ 'സെമികോൺ 2.0' പദ്ധതിക്കും 62,500 കോടി രൂപയുടെ മൊബൈൽഫോൺ നിർമാണ പദ്ധതിക്കുമാണ് (എംപിഎംഎസ്) അംഗീകാരം നൽകിയത്.

ഇന്ത്യ സെമികണ്ടക്ടർ മിഷന്റെ ആദ്യഘട്ടത്തിന്റെ തുടർച്ചയായാണ് പുതിയ സെമികണ്ടക്ടർ പദ്ധതി. ചിപ്പ് ഡിസൈൻ, ഫാബ്രിക്കേഷൻ സൗകര്യങ്ങൾ, ടെസ്റ്റിങ്, ഗവേഷണം അടക്കം ആറ് പ്രധാന മേഖലകളിലാകും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുക. പദ്ധതിയുടെ അവസാനഘട്ടത്തിൽ തദ്ദേശീയ ചിപ്പുകളുടെ ഉൽപാദനത്തിൽ ഇന്ത്യ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

പുതിയ പദ്ധതിയിലൂടെ ഏകദേശം നാല് ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനും രണ്ട് ലക്ഷം കോടി രൂപയുടെ സെമികണ്ടക്ടർ ഉൽപാദനം നടത്താനും കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഉൽപാദനവുമായി ബന്ധിപ്പിച്ച ആനുകൂല്യങ്ങൾ (പിഎൽഐ) നൽകുന്നതാണ് 62,500 കോടി രൂപയുടെ മൊബൈൽ ഫോൺ നിർമാണ പദ്ധതി.

ഉൽപന്ന രൂപകൽപനയിലടക്കം നിക്ഷേപം നടത്തുന്ന ഇന്ത്യൻ കമ്പനികൾക്കും അധിക പിന്തുണയും നൽകും. പദ്ധതിയിലൂടെ 39 ലക്ഷം കോടി രൂപയുടെ ഉൽപാദനം നടക്കുമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ.

# യൂറിയയിൽ സ്വയംപര്യാപ്തത: പദ്ധതിക്ക് കേന്ദ്ര അംഗീകാരം

ന്യൂഡൽഹി: ഇന്ത്യയിൽ ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന രാസവളമായ യൂറിയയിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പരിഷ്കരിച്ച പദ്ധതിക്ക് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി. ഒരു കോടി ടൺ അധിക ഉൽപാദനശേഷിയുള്ള ഒൻപത് പുതിയ പ്രകൃതിവാതക അധിഷ്ഠിത യൂറിയ പ്ലാന്റുകൾ സ്ഥാപിക്കും. ഇതിനുള്ള ദേശീയ യൂറിയ നിക്ഷേപനയത്തിനാണ് മന്ത്രിസഭായോഗം അംഗീകാരം നൽകിയത്. യൂറിയ മേഖലയിൽ പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. 2012-ൽ നിലവിൽവന്ന നിക്ഷേപനയത്തിന്റെ പരിഷ്കരിച്ച രൂപമാണിത്. ഇന്ത്യക്ക് നിലവിൽ നാല് കോടി ടൺ യൂറിയ ആവശ്യമുള്ളപ്പോൾ ആഭ്യന്തര ഉൽപാദനം മൂന്ന് കോടി ടൺ മാത്രമാണ്. കുറവ് നികത്താൻ ഒരു കോടി ടൺ യൂറിയ ഇറക്കുമതി ചെയ്യുകയാണ്. പുതിയ പ്ലാന്റുകൾ വരുന്നതോടെ ഇറക്കുമതി പൂർണമായും ഒഴിവാക്കാൻ കഴിയുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇന്ത്യയിൽ യൂറിയയുടെ ആവശ്യം പ്രതിവർഷം 5 ശതമാനം വർധിച്ചുവരികയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പുതിയ നയപ്രകാരമുള്ള ആനുകൂല്യങ്ങൾ സ്വകാര്യ, സർക്കാർ, സഹകരണ സ്ഥാപനങ്ങൾക്ക് ഒരുപോലെയായിരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.






# ഐഎസ്ആർഒയിൽ കൂട്ടരാജി

ന്യൂഡൽഹി: ഐഎസ്ആർഒയിൽ നിന്ന് കഴിഞ്ഞ ഏതാനും മാസങ്ങളിലായി നൂറിലധികം ശാസ്ത്രജ്ഞർ രാജിവെച്ചെന്ന് റിപ്പോർട്ട്. ഇതിന്റെ പശ്ചാത്തലത്തിൽ ഗഗൻയാൻ പോലെയുള്ള ദേശീയ പ്രാധാന്യമുള്ള നിർണായക ദൗത്യങ്ങൾ തടസപ്പെടാതിരിക്കാൻ തിരക്കിട്ട നീക്കങ്ങളുമായി കേന്ദ്രസർക്കാർ. ഇന്ത്യയുടെ നിർണായക ബഹിരാകാശ ദൗത്യങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനിയർമാരുടെയും ശാസ്ത്രജ്ഞരുടെയും സ്വമേധയാ വിരമിക്കലും രാജിയും അനുവദിക്കില്ലെന്ന് ഐഎസ്ആർഒ ഗവേഷണ കേന്ദ്രങ്ങളെ ബഹിരാകാശ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ വിവിധ സെന്ററുകളിൽനിന്നാണ് രാജി. വിഎസ്എസ്സി, യുആർഎസ് സി, ചന്ദ്രയാൻ-3 തുടങ്ങിയ ദൗത്യങ്ങളിൽ പ്രവർത്തിച്ചിരുന്ന ഐഎസ്ആർഒയുടെ ഏറ്റവും അനുഭവസമ്പത്തുള്ള നൂറിലധികം ശാസ്ത്രജ്ഞരാണ് ചുമതലയൊഴിഞ്ഞത്. ഇതോടെ ഇന്ത്യയുടെ അഭിമാന സ്ഥാപനത്തിൽ കടുത്ത പ്രതിഭാ ദാരിദ്ര്യം വന്നതായി വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കടുത്ത ജോലിസമ്മർദവും സ്വകാര്യ ബഹിരാകാശ ഏജൻസികളിൽനിന്നുള്ള മോഹന വാഗ്ദാനങ്ങളുമാണ് കൂട്ടരാജിക്കു പിന്നിലെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്.

അതേസമയം, നൂറോളം മുൻനിര ശാസ്ത്രജ്ഞർ രാജിവെച്ചതിനെച്ചൊല്ലിയുള്ള ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി (സ്വതന്ത്ര ചുമതല) ഡോ. ജിതേന്ദ്ര സിംഗ് പറഞ്ഞു.

ഈ രാജികൾ ഭരണപരമായ നടപടിക്രമങ്ങളുടെ ഭാഗം മാത്രമാണെന്നും ഐഎസ്ആർഒയിൽ മറ്റ് വലിയ പ്രശ്നങ്ങളൊന്നും നിലനിൽക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഈ വിഷയത്തിൽ യാതൊരുവിധ വിവാദവും ഇല്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഈ മാസം 14-നാണ് ബഹിരാകാശ വകുപ്പ് ജോയിന്റ് സെക്രട്ടറി രാജി അനുവദിക്കരുതെന്ന നിർദേശം നൽകിയിരിക്കുന്നത്. ശാസ്ത്രജ്ഞൻ, എഞ്ചിനീയർ എന്നീ പദവികളിലുള്ളവരോ അതിന് താഴെയുള്ളവരോ ആയ ശാസ്ത്ര-സാങ്കേതിക ഉദ്യോഗസ്ഥരിൽനിന്ന് ലഭിക്കുന്ന അത്തരം അഭ്യർത്ഥനകളെല്ലാം അന്തിമതീരുമാനത്തിനായി ഡയറക്ടർമാരുടെ വ്യക്തമായ ശിപാർശകളോടുകൂടി ബഹിരാകാശ വകുപ്പിലേക്ക് അയയ്ക്കണമെന്നാണ് കേന്ദ്രത്തിന്റെ നിർദേശം.

# ഉത്പാദന, വിൽപന നിയന്ത്രണങ്ങൾ കടുപ്പിച്ച് ആരോഗ്യമന്ത്രാലയം

കോഴിക്കോട്: പെട്ടെന്ന് മരുന്നടിച്ചു മയങ്ങാമെന്നു കരുതി ഇനി മെഡിക്കൽ സ്റ്റോറുകളിലേക്ക് പായേണ്ട. ഉയർന്ന അളവിൽ ഈഥൈൽ ആൽക്കഹോൾ അടങ്ങിയ, ദഹന സംബന്ധമായ പ്രശ്നങ്ങൾക്കും വായുകോപത്തിനുമുള്ള കഫ് സിറപ്പുകൾ ലഭിക്കണമെങ്കിൽ അംഗീകൃത ഡോക്ടറുടെ കുറിപ്പടി വേണം. വിൽപന രേഖകൾ ഫാർമസികൾ സൂക്ഷിക്കുകയും വേണം.

ലഹരി അടങ്ങിയ മരുന്നുകളുടെ ദുരുപയോഗം വർധിച്ചുവരുന്നുവെന്ന സംസ്ഥാനങ്ങളുടെ മുന്നറിയിപ്പിനെ തുടർന്നാണ് മരുന്നു നിർമാണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം കടുപ്പിച്ചത്. ഈഥൈൽ ആൽക്കഹോൾ അടങ്ങിയ ഔഷധങ്ങളുടെ ലൈസൻസിംഗ് നിബന്ധനകളിൽ നൽകിയിരുന്ന ഇളവ് പൂർണമായും എടുത്തുമാറ്റുകയും ചെയ്തു.

ഏലയ്ക്ക, ഇഞ്ചി എന്നിവയുടെ സത്തുകൾ ഉൾപ്പെടുന്ന ചില ഔഷധങ്ങൾക്കും മറ്റു സുഗന്ധദ്രവ്യ കൂട്ടുകൾക്കും 1954-ലെ ഡ്രഗ്സ് ചട്ടങ്ങളിലെ ഷെഡ്യൂൾ കെ പ്രകാരം നേരത്തെ ലൈസൻസ് നേടുന്നതിൽ ഇളവ് അനുവദിച്ചിരുന്നു.

ഇത് മുതലെടുത്ത് ചില ഔഷധക്കൂട്ടുകളിൽ 80 മുതൽ 90 ശതമാനം വരെ ഈഥൈൽ ആൽക്കഹോൾ ചേർക്കുന്നതായി കണ്ടെത്തിയ സാഹചര്യത്തിലാണ് നടപടി. ഉദര സംബന്ധമായ പ്രശ്നങ്ങൾക്കുള്ള സിറപ്പുകളും മറ്റു മരുന്നുകളും നിർമിക്കുന്നതേറെയും ഇഞ്ചി, ഏലയ്ക്കാ സത്തുക്കൾ ഉപയോഗിച്ചാണ്.

12 ശതമാനത്തിൽ കൂടുതൽ ഈഥൈൽ ആൽക്കഹോൾ അടങ്ങിയതും 30 മില്ലി ലിറ്ററിൽ കൂടുതൽ അളവിലുള്ളതുമായ എല്ലാ ഔഷധക്കൂട്ടുകൾക്കും ഇനി മുതൽ ഇളവുകൾ ലഭിക്കില്ല. ഇത്തരം ഉത്പന്നങ്ങളുടെ നിർമാണത്തിനും വിപണനത്തിനും 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള ലൈസൻസുകൾ നിർബന്ധമായും നേടിയിരിക്കണം. ഈ ഭേദഗതിയോടെ ഇത്തരം ഉത്പന്നങ്ങളെ 1945-ലെ ഡ്രഗ്സ് ചട്ടങ്ങളുടെ ഷെഡ്യൂൾ എച്ച് വണ്ണിലേക്ക് മാറ്റി.

സസ്യങ്ങളിൽ നിന്നുള്ള സത്തുക്കൾ കേടുകൂടാതെ വേർതിരിച്ചെടുക്കാനും അവ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാനുമാണ് ഔഷധ നിർമാണത്തിൽ ഈഥൈൽ ആൽക്കഹോൾ ഉപയോഗിക്കുന്നത്.

# ടാറ്റ കപ്പൽശാല; പ്രഖ്യാപനം തിരുത്തി സർക്കാർ

തിരുവനന്തപുരം: കേരളത്തിൽ കപ്പൽ നിർമാണശാല സ്ഥാപിക്കാൻ ടാറ്റ ഗ്രൂപ്പ് 10,000 കോടിയുടെ നിക്ഷേപം നടത്തുമെന്ന് അറിയിച്ചെന്നും സർക്കാർ ഭൂമിയേറ്റെടുത്തു നൽകുമെന്നുമുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിൽനിന്ന് പിൻവലിഞ്ഞ് സർക്കാർ. ഒരു അഭിമുഖത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നടത്തിയ പ്രഖ്യാപനം ടാറ്റ ഗ്രൂപ്പ് നിഷേധിച്ചെന്ന റിപ്പോർട്ട് വന്നതോടെയാണു പിൻമാറ്റം. 'മിഷൻ സമുദ്ര'യുമായി ബന്ധപ്പെട്ടു വിവിധ പദ്ധതികളിലൂടെയും നിക്ഷേപകരിലൂടെയും ഭാവിയിൽ ആകർഷിക്കാൻ ലക്ഷ്യമിടുന്ന ആകെ നിക്ഷേപത്തിന്റെ വ്യാപ്തിയാണു 10,000 കോടിയോളം എന്നാണു മുഖ്യമന്ത്രി ഉദ്ദേശിച്ചതെന്ന് പബ്ലിക് റിലേഷൻസ് വകുപ്പ് (പിആർഡി) വാർത്തക്കുറിപ്പിറക്കി. ഏതെങ്കിലും ഒരു സ്ഥാപനവുമായി ഇത്രയും തുകയുടെ നിക്ഷേപ കരാർ അന്തിമമായി ഉറപ്പിച്ചുവെന്ന് അർത്ഥമാക്കിയിട്ടില്ലെന്നും വിശദീകരിച്ചു.

ധനകാര്യ വാർത്താ ഏജൻസിക്കു നൽകിയ അഭിമുഖത്തിലാണ്, ടാറ്റ ഗ്രൂപ്പ് നിക്ഷേപത്തെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞത്. അഭിമുഖം പുറത്തുവന്ന ദിവസം വൈകിട്ടു തിരുവനന്തപുരത്തു സംഘടിപ്പിച്ച കേരള സമുദ്ര മിഷൻ കോൺക്ലേവിലും ഇക്കാര്യം ആവർത്തിച്ചു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിൽ ടാറ്റ ഗ്രൂപ്പിന്റെ പ്രതികരണം തേടിയപ്പോൾ അവർ നിഷേധിച്ചതായി ഇംഗ്ലീഷ് മാധ്യമമാണു റിപ്പോർട്ട് ചെയ്തത്. പ്രഖ്യാപനം കേട്ട് അമ്പരന്നുപോയെന്നും കേരളം ഉൾപ്പെടെ ഒരു ദക്ഷിണേന്ത്യൻ സംസ്ഥാനത്തും അത്തരമൊരു നിക്ഷേപ പദ്ധതി ഇപ്പോൾ ആലോചിക്കുന്നില്ലെന്നും ടാറ്റ ഗ്രൂപ്പിലെ ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞതായും റിപ്പോർട്ടിലുണ്ട്. ഇതു ചർച്ചയായതോടെയാണു സർക്കാർ വാർത്തക്കുറിപ്പിറക്കിയത്.

# നീറ്റ് പുനഃപരീക്ഷ: കേരളത്തിന്റെ അഭിമാനമായി ജൊഹാനും നീരജും

ന്യൂഡൽഹി: നീറ്റ് യുജി പുനഃപരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. കഴിഞ്ഞ മാസം 21-നു നടന്ന പരീക്ഷയെഴുതിയ 20 ലക്ഷത്തോളം വിദ്യാർത്ഥികളിൽ 11.21 ലക്ഷം പേരാണു മെഡിക്കൽ പഠനത്തിനുള്ള യോഗ്യത നേടിയത്. 720-ൽ 715 മാർക്കു നേടിയ പഞ്ചാബ് സ്വദേശി ആര്യൻ ഗുപ്ത, ഹരിയാന സ്വദേശി പൻഷുൽ ബൻസാൽ എന്നിവർ ഒന്നാം റാങ്ക് പങ്കിട്ടു.

കർണാടകയിൽനിന്നു പരീക്ഷയെഴുതിയ കോട്ടയം ചങ്ങനാശേരി സ്വദേശിയായ ജൊഹാൻ ജോബ് (69-ാം റാങ്ക്) ആണു മലയാളികളിൽ ഒന്നാമത്. ജോബ് കെ. ജോസഫിന്റെയും ആൻ നീതു മാത്യുവിന്റെയും മകനാണ്. ബാംഗ്ലൂർ പ്രസിഡന്റ്സി സ്കൂൾ വിദ്യാർത്ഥി.

89-ാം റാങ്ക് നേടിയ കൊല്ലം കരുനാഗപ്പള്ളി സ്വദേശി ബി. നീരജ് ആണു കേരളത്തിൽ ഒന്നാമത്. ജി. ബിജോയുടെയും രേഖയുടെയും മകനാണ്. മാന്നാനം കെ.ഇ. സ്കൂൾ വിദ്യാർത്ഥി. ആദ്യ 100 റാങ്കുകാരിൽ മറ്റു മലയാളികളില്ല.

രാജസ്ഥാൻ സ്വദേശി ഉപലക്ഷ്യ ഗോയലിനാണു മൂന്നാംറാങ്ക്. ആദ്യ നാല് റാങ്കുകാരും ആൺകുട്ടികളാണ്. ആദ്യ 10 റാങ്കുകാരിൽ പെൺകുട്ടികൾ രണ്ട്.



ജൊഹാൻ ജോബ്



ബി. നീരജ്

1492 പേർ 650-നു മുകളിലും 90,780 പേർ 500-നു മുകളിലും സ്കോർ നേടി.

പെൺകുട്ടികളിൽ 56.8 ശതമാനം പേർ യോഗ്യത നേടി. ആൺകുട്ടികളിൽ 55.1 ശതമാനം.

ജനറൽ വിഭാഗത്തിൽ 2.91 ലക്ഷം പേരാണു യോഗ്യത നേടിയത്. ഒബിസി വിഭാഗം 5.12 ലക്ഷം പേരും എസ്സി 1.59 ലക്ഷം പേരും എസ്ടി 63,716 പേരും യോഗ്യത നേടി.

മേയ് മൂന്നിനു നടന്ന പരീക്ഷ, ചോദ്യക്കടലാസ് ചോർച്ചയെത്തുടർന്നു റദ്ദാക്കിയതിനാലാണു ജൂൺ 21-നു പുനഃപരീക്ഷ നടത്തിയത്. ഒരു ചോദ്യം അന്തിമ ഉത്തരസൂചികയിൽനിന്ന് ഒഴിവാക്കി. ഇതിന്റെ നാല് മാർക്ക് എല്ലാവർക്കും ലഭിക്കും.



# ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി അവാർഡ് സിബി മലയിലിന്; മുഖ്യമന്ത്രി വി.ഡി. സതീശൻ പുരസ്കാരം സമ്മാനിച്ചു

കോട്ടയം: ക്രിസ്തുവിന്റെ സന്ദേശം പ്രവർത്തിപഥത്തിലെത്തിച്ച മെത്രാപ്പോലീത്തയായിരുന്നു ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി എന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഈ വർഷത്തെ മികച്ച പൊതുജന സേവകനുള്ള ആർച്ച്ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷൻ അവാർഡ് പ്രശസ്ത ചലച്ചിത്ര സംവിധായകൻ സിബി മലയിലിന് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കോട്ടയം ദർശന ഓഡിറ്റോറിയത്തിലായിരുന്നു അവാർഡ്ദാന സമ്മേളനം.

ഒറ്റപ്പെട്ടവർക്കൊപ്പം എക്കാലത്തും നിലകൊണ്ട വ്യക്തിത്വമായിരുന്നു കുന്നശ്ശേരി പിതാവിന്റേതെന്നും ക്നാനായ സമുദായത്തെ ഉന്നതിയിൽ എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു. മലയാളികളുടെ ഹൃദയത്തിൽ ഇടംപിടിച്ച സംവിധായകനാണ് പുരസ്കാര ജേതാവായ സിബി മലയിലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 50,000 രൂപയുടെ ചെക്കും പ്രശംസാപത്രവും അടങ്ങുന്ന പുരസ്കാരം മുഖ്യമന്ത്രി സിബി മലയിലിന് കൈമാറി.

സമ്മേളനത്തിൽ ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കർദ്ദിനാൾ മാർ ജോയി ആലഞ്ചേരി അനുസ്മരണ പ്രഭാഷണം നടത്തി. കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നിർവഹിച്ചു. ജനപ്രതിനിധിയായി 25 വർഷം പൂർത്തിയാക്കിയ അഡ്വ. മോൻസ് ജോസഫിനെ ചടങ്ങിൽ ആദരിച്ചു. കോട്ടയം അതിരൂപതാ സഹായ മെത്രാൻ ബിഷപ് ഗീവർഗ്ഗീസ് മാർ അപ്രേം ആശംസാപ്രസംഗം നടത്തി.

ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി തോമസ് ചാഴികാടൻ എക്സ് എം.പി. സ്വാഗതം ആശംസിച്ചു. ട്രസ്റ്റിയായ ഷെവലിയാർ ജോയി ജോസഫ് കൊടിയന്തറ പ്രശംസാപത്രം വായിച്ചു.

പ്രൊഫ. രമണി തറയിൽ നന്ദി പ്രകാശിപ്പിച്ചു. ഓർഗനൈസിംഗ് സെക്രട്ടറിമാരായ ഡോ. ജോജോ ജോസഫ് കുന്നശ്ശേരി, സിറിയക് ചാഴികാടൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, സ്റ്റീഫൻ ജോർജ് എക്സ് എം.എൽ.എ, സിനിമാ നിർമ്മാതാക്കളായ പ്രേംപ്രകാശ്, ജോയി തോമസ്, പ്രശസ്ത തിരക്കഥാകൃത്തുകളായ ബോബി-സഞ്ജയ്, പി.യു. തോമസ് തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ചിക്കാഗോ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റ് സെപ്റ്റംബർ അഞ്ചിന്

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 19-ാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് സെപ്റ്റംബർ അഞ്ചിന് ഇല്ലിനോയിസിലെ ബെൻസൺ വില്ലയിലുള്ള എനർജി



ജിനു പുന്നശ്ശേരി
ടൂർണമെന്റ് ചെയർമാൻ



മാത്യു തട്ടാമറ്റം
ടൂർണമെന്റ് ജനറൽ കൺവീനർ



ജോഷി പുത്തൂരാൻ
കൺവീനർ

സ്പോർട്സ് കോംപ്ലക്സിൽവെച്ച് രാവിലെ ഒൻപതിന് തുടക്കം കുറിക്കുന്നു.

ഈ നാഷണൽ ടൂർണമെന്റിന്റെ ചെയർമാനായി ജിനു പുന്നശ്ശേരി, ജനറൽ കൺവീനറായി മാത്യു തട്ടാമറ്റത്തിനെയും കൺവീനറായി ജോഷി പുത്തൂരാനെയും തെരഞ്ഞെടുത്തു.

ചിക്കാഗോ മലയാളി സമൂഹം ഒന്നടങ്കം കാത്തിരിക്കുന്ന ഈ കായികമാമാങ്കത്തിനെ നയിക്കാൻ ഏറ്റവും കഴിവുറ്റ നേതൃത്വനിരയിലുള്ളവരെയാണ് ചിക്കാഗോ മലയാളി അസോസിയേഷൻ തെരഞ്ഞെടുത്തിരിക്കുന്നത്.

നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിലെ വളർന്നുവരുന്ന വോളിബോൾ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ചിക്കാഗോ മലയാളി അസോസിയേഷൻ ഈ ടൂർണമെന്റിന് നേതൃത്വം നൽകുന്നത്.

ഇതിനോടകം വലിയൊരു ജനപിന്തുണയാണ് ഈ സംഘാടകസമിതിക്ക് കിട്ടിയിരിക്കുന്നത്.

ടൂർണമെന്റിന്റെ വിജയത്തിനായി നിങ്ങളോരോരുത്തരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

# പാസ്റ്റർ ഡെന്നു ജോൺ ടൈറ്റസ് ഐ.പി.സി. ഹെബ്രോൺ ഡാളസ് യൂത്ത് പാസ്റ്ററായി ചുമതലയേറ്റു

സാം മാത്യു

ഡാളസ്: ഐ.പി.സി. ഹെബ്രോൺ ഡാളസിന്റെ പുതിയ യുവജന വിഭാഗം ശുശ്രൂഷകനായി (യൂത്ത് പാസ്റ്റർ) പാസ്റ്റർ ഡെന്നു ജോൺ ടൈറ്റസ് ചുമതലയേറ്റു. ജൂലൈ 12-ന് ഞായറാഴ്ച നടന്ന സഭായോഗത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിൽവെച്ചായിരുന്നു സ്ഥാനാരോഹണം.



സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജെയിംസ് വർഗ്ഗീസ്, സഭാ സെക്രട്ടറി ജോൺ മാത്യു എന്നിവർ ചേർന്ന് അദ്ദേഹത്തെ ഔദ്യോഗിക ചുമതലയ്ക്കായി നിയോഗിച്ചു.

കേരളത്തിലെ കോഴഞ്ചേരി സ്വദേശിയായ പാസ്റ്റർ ഡെന്നു ജോൺ ടൈറ്റസ്, ബാംഗ്ലൂർ ന്യൂ ലൈഫ് കോളജിൽനിന്നാണ് ദൈവശാസ്ത്രത്തിൽ ബിരുദം (Bachelor of Theology) നേടിയത്. ബൈബിൾ കോളജ് പഠനകാലത്ത് ബാംഗ്ലൂരിലെ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ യൂത്ത് പാസ്റ്ററായി അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു.

തുടർന്ന് 2021 ജനുവരിയിൽ ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് കുടിയേറിയ അദ്ദേഹം, ഒക്‌ലഹോമയിലെ പ്രശസ്തമായ ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. 2024-ൽ പുതിയ നിയമപഠനത്തിൽ (New Testament Studies) ബിരുദാനന്തര ബിരുദം പൂർത്തിയാക്കി. നിലവിൽ ഇതേ സർവകലാശാലയിൽ ഹയർ എഡ്യുക്കേഷൻ അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് (Ph.D) വിദ്യാർത്ഥിയാണ്.

ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റി കോളജ് ഓഫ് എഡ്യുക്കേഷനിൽ 'അഡ്വാന്റേജ് പ്രോഗ്രാം അക്കാദമിക് കോച്ച്' ആയി സേവനമനുഷ്ഠിച്ചു വരവെയാണ് ഡാളസ് ഐ.പി.സി. ഹെബ്രോൺ സഭയുടെ പുതിയ ദൗത്യം അദ്ദേഹം ഏറ്റെടുക്കുന്നത്.

ഫേബ സൂസൻ ഫിന്നിയാണ് സഹധർമ്മിണി. സഭയിലെ യുവാക്കളുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്ക് ഇദ്ദേഹത്തിന്റെ നേതൃത്വം ശക്തമായ അടിത്തറയേകുമെന്ന് സഭാ ഭാരവാഹികൾ പ്രത്യാശ പ്രകടിപ്പിച്ചു.






# ചിക്കാഗോ എസ്ബി-അസംപ്ഷൻ അലൂംമ്നി പ്രഥമ ദേശീയ കൺവൻഷൻ പ്രൗഢഗംഭീരമായി

തോമസ് ഡിക്രൂസ്




ചിക്കാഗോ: ഗൃഹാതുരത്വത്തിന്റെയും കൂട്ടായ്മയുടെയും ആർദ്രസ്മരണകൾ ആവോളമുണർത്തി പുരാതന കലാലയങ്ങളായ ചങ്ങനാശേരി സെയിന്റ് ബർക്കുമാൻസ്, അസംപ്ഷൻ കോളജ് പൂർവവിദ്യാർത്ഥികൾ അമേരിക്കയിൽ സംഘടിപ്പിച്ച പ്രഥമ ദേശീയ കൺവൻഷൻ പ്രൗഢോജ്വലമായി പര്യവസാനിച്ചു. ജൂലൈ ഒൻപതാം തീയതി വ്യാഴാഴ്ച ചിക്കാഗോയിൽ നടന്ന സമ്മേളനം എസ്ബി കോളജിന്റെ പ്രമുഖ പൂർവ്വവിദ്യാർത്ഥികളായ കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്, ചങ്ങനാശേരി ആർച്ച്ബിഷപ് അഭിവന്ദ്യ മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണ സ്വാമി ഐഎഎസ്, എസ്ബി-അസംപ്ഷൻ കോളജ് പ്രിൻസിപ്പൽമാർ എന്നിവർ ഭദ്രദീപം തെളിച്ചുകൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. കൺവൻഷൻ ചെയർമാൻ മാത്യു ദാനിയേൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ചങ്ങനാശേരി



ആർച്ച് ബിഷപ് തങ്ങൾക്ക് ലഭിക്കുന്ന നിരന്തര പ്രോത്സാഹനത്തിന് നന്ദി പറഞ്ഞുകൊണ്ട് കൺവൻഷന്റെ ഉന്നത ലക്ഷ്യങ്ങൾ അദ്ദേഹം വിശദീകരിച്ചു.

കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. ജീവിതം മൂല്യവത്തായി രൂപപ്പെടുത്തുന്നതിൽ എസ്.ബി. കോളജ് വിദ്യാഭ്യാസം തന്റെ ജീവിതത്തിൽ വഹിച്ച പങ്ക് നിസ്തുലവും അവിസ്മരണീയവുമാണെന്ന് കർദ്ദിനാൾ പറഞ്ഞു. ഭവനം എന്ന സങ്കല്പം സ്വന്തം വീടിന്റെ മതിൽക്കെട്ടിനു പുറത്ത് വിശാലമായ മനുഷ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും



മേഖലയിലാണ് അർത്ഥപൂർണ്ണമാകുന്നതെന്ന് മനസ്സിലാക്കാൻ അഞ്ചു വർഷത്തെ കോളജ് പഠനം തന്നെ സഹായിച്ചു. കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ തങ്ങൾ അക്കാലത്ത് എസ്ബി കോളജിൽ നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളും അനുഭവങ്ങളും പിൽക്കാലത്ത് ഫ്രാൻസിസ് മാർപാപ്പയുടെ യാത്രാദൗത്യങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കാൻ വേണ്ട ഊർജവും പ്രചോദനവും തനിക്കു നല്കി. ജീവിതത്തിൽ സ്വത്തുസമ്പാദനത്തിലുപരി സഹജീവികളെ കാരുണ്യപൂർവം സഹായിക്കാനുള്ള മനോഭാവവും ജ്ഞാനവും തേടാൻ പൂർവ്വ വിദ്യാർത്ഥികളെ കർദ്ദിനാൾ ആഹ്വാനം ചെയ്തു.

ആർച്ച്ബിഷപ് മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. നഗരങ്ങളിൽ മാത്രം ഉന്നതവിദ്യാഭ്യാസം സംലഭ്യമായിരുന്ന കാലത്ത് ഗ്രാമീണ മേഖലയിൽ വിദ്യാഭ്യാസ രംഗത്ത് മികവാർന്ന സേവനത്തിന് ആർ. ശങ്കർ അവാർഡ് ഉൾപ്പെടെ നിരവധി ബഹുമതികൾ സ്വന്തമാക്കി നമ്മുടെ കോളജുകൾ ശ്രദ്ധേയമായത് അഭിമാനകരമാണെന്ന് പറഞ്ഞു. ഉന്നത വിദ്യാഭ്യാസരംഗത്ത് മത്സരപ്രവണത പ്രകടമാകുന്ന ഇക്കാലത്ത് പൂർവ്വ വിദ്യാർത്ഥികൾ തങ്ങളുടെ അനുഭവവും വൈദഗ്ദ്ധ്യവും സമയവും മാതൃകലാലയങ്ങൾക്ക് നിർലോഭം നല്കിക്കൊണ്ട് അവയെ നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനായി അമേരിക്കയിൽ പൂർവ്വവിദ്യാർത്ഥി സാന്നിദ്ധ്യമുള്ള എല്ലാ സ്റ്റേറ്റുകളിലും എസ്.ബി. അസംപ്ഷൻ അലൂംമ്നി ചാപ്റ്ററുകൾ സ്ഥാപിക്കണമെന്നും ആർച്ച് ബിഷപ് ആവശ്യപ്പെട്ടു.

എസ്ബി കോളജ് വിദ്യാഭ്യാസം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഓർമ്മകളാണ് തന്നിൽ ഉണർത്തുന്നതെന്ന് എസ്.ബി. കോളജിലെ തന്റെ പഠനകാലം സ്മരിച്ചുകൊണ്ട് രാജു നാരായണസ്വാമി ഐഎഎസ് പറഞ്ഞു. പദ്യശകലങ്ങളാൽ സമ്പന്നമായ അദ്ദേഹത്തിന്റെ പ്രസംഗം സദസ്സ് സാകൂതം ശ്രവിച്ചു.

എസ്.ബി. കോളജ് പ്രിൻസിപ്പൽ റവ.ഡോ. ടെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, എസ്ബി കോളജ് മുൻ പ്രിൻസിപ്പൽ റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ എന്നിവർ ആശംസാപ്രഭാഷണങ്ങൾ നടത്തി. ചിക്കാഗോ യൂണിറ്റ് പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ സ്വാഗതം പറഞ്ഞു.

മെഡിക്കൽ, എൻജിനീയറിങ്, നേഴ്സിങ്, ശാസ്ത്ര സാങ്കേതികം, ബിസിനസ്, സ്റ്റേറ്റ് സർവീസ്, അദ്ധ്യാപനം എന്നീ മേഖലകളിൽ അമേരിക്കയിൽ ഉന്നതനിലയിൽ സേവനം ചെയ്തു വ്യക്തിമുദ്ര പതിപ്പിച്ച തെരഞ്ഞെടുക്കപ്പെട്ട പൂർവ്വ വിദ്യാർത്ഥികളെ കൺവൻഷനിൽ ആദരിച്ചു. കൺവൻഷനോടനുബന്ധിച്ച് പുറത്തിറക്കിയ സുവനീർ ജോർജ് ജോസഫ് വിലങ്ങോലിനു കോപ്പി നല്കി അഭിവന്ദ്യ പിതാക്കന്മാർ നിർവഹിച്ചു. സീനിയർ അലൂംമ്നസും കൺവൻഷൻ ഗ്രാൻഡ് സ്പോൺസറുമായ ഡോ. വിൻസെന്റ് കുട്ടംപേരൂരിനെ (വിസ്കോൺസിൻ) ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. റവ.ഫാ. കെ.കെ. കുര്യാക്കോസ് രചിച്ച മൂന്ന് പുസ്തകങ്ങളുടെ പ്രകാശനം അഭിവന്ദ്യ പിതാക്കന്മാർ നിർവഹിച്ചു. തുടർന്ന് സ്നേഹവിരുന്നും കലാപരിപാടികളും നടന്നു. എസ്ബി അസംപ്ഷൻ കോളജ് ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ കൺവൻഷൻ സംഘടിപ്പിച്ച ദേശീയ കൗൺസിലിനെ അഭിവന്ദ്യ പിതാക്കന്മാരും പ്രിൻസിപ്പൽമാരും അഭിനന്ദിച്ചു.

സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളായ പ്രഫ. ജെയിംസ് ഓലിക്കര, തോമസ് ഡിക്രൂസ്, ദയാലു ജോസഫ്, ജോർജ് ജോസഫ്, കാർമൽ തോമസ്, ടോം പെരുമ്പായിൽ, ബോബൻ കളത്തിൽ, ഷിബു അഗസ്റ്റിൻ, ലീല മാരേട്ട് എന്നിവരാണ് കൺവൻഷന് നേതൃത്വം നല്കിയത്. അമ്പിളി ജോർജ്, പിന്റോ കണ്ണമ്പള്ളി എന്നിവർ എംസിമാരായിരുന്നു. ഡോ. ബിനു ജോർജ് ടോബിയാസ് നന്ദി പറഞ്ഞു. അലൂംമ്നിയുടെ അടുത്ത ദേശീയ കൺവൻഷൻ 2028-ൽ ന്യൂജേഴ്സിയിൽ വെച്ച് നടത്തും.



## സിയാറ്റിലിൽ ചരിത്രമെഴുതി ആദ്യ പഞ്ചാരി മേളം

# പ്രവാസി മലയാളികളുടെ അഭിമാനമായി “Panchariz- Rhythm of Kerala”



സിയാറ്റിൽ: കേരളത്തിലെ ഉത്സവങ്ങളുടെ അവിഭാജ്യഘടകവും നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന താളവാദ്യകലാരൂപമായ പഞ്ചാരി മേളം ആദ്യമായി സിയാറ്റിലിൽ അരങ്ങേറി. “Panchariz- Rhythm of Kerala” എന്ന പേരിൽ രൂപംകൊണ്ട സംഘത്തിന്റെ നേതൃത്വത്തിൽ നടന്ന ഈ ചരിത്രപരമായ അവതരണം പ്രവാസി മലയാളി സമൂഹത്തിന് അഭിമാന നിമിഷമായി. ഏകദേശം രണ്ടര വർഷക്കാലമായി അർപ്പണബോധത്തോടെയും കഠിന പരിശീലനത്തോടെയും അഭ്യസിച്ച 17 കലാസ്നേഹികളുടെ സംഘമാണ് ഈ നേട്ടത്തിന് പിന്നിൽ. സംഘത്തിലെ 16 പേർ സിയാറ്റിലിൽ നിന്നുള്ളവരും ഒരാൾ കാലിഫോർണിയയിൽ നിന്നുള്ളതുമാണ്. മേള കലാരത്നം ശ്രീ കലാമണ്ഡലം ശിവദാസ് ആശാനും കലാക്ഷേത്ര രാജേഷ് നായരും ഓൺലൈനായും നേരിട്ടും നൽകിയ പരിശീലനത്തിന്റെ ഫലമായാണ് ഈ ചരിത്രനേട്ടം യാഥാർത്ഥ്യമായത്. വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ കലാസ്നേഹികൾ, തിരക്കേറിയ ജീവിതത്തിനിടയിലും ഒരേ ലക്ഷ്യത്തോടെ ഒന്നിച്ചുചേർന്ന് കഠിനാദ്ധ്വാനത്തിലൂടെ ഈ സ്വപ്നം സാക്ഷാത്കരിക്കുകയായിരുന്നു. 2026 ജൂലൈ 11-ന് വാഷിംഗ്ടണിലെ മൗണ്ട് സായി ഹൈസ്കൂൾ പെർഫോമിംഗ് ആർട്സ് സെന്ററിൽ, വർണപ്പകിട്ടാർന്ന വേദിയിലായിരുന്നു ഈ ചരിത്രപരമായ പഞ്ചാരി മേള അരങ്ങേറ്റം. പഞ്ചാരി മേളത്തിന്റെ പൂർണത ഉറപ്പാക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ കൊമ്പ്, കുഴൽ, ഇലത്താളം, വലന്തല കലാകാരന്മാരും അവതരണത്തിൽ പങ്കുചേർന്നു. അവരുടെ പിന്തുണയോടെ പാരമ്പര്യത്തിന്റെ എല്ലാ ചിട്ടവട്ടങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ മേളാവതരണമാണ് കാണികൾക്ക് അനുഭവിക്കാനായത്.



“Panchariz- Rhythm of Kerala” എന്ന പേരിൽ രൂപംകൊണ്ട ഈ സംഘം, സിയാറ്റിലിലെ മലയാളി സമൂഹത്തിന് കേരളത്തിലെ ഉത്സവങ്ങളുടെയും പെരുന്നാളുകളുടെയും മേളപ്പെരുക്കും ആഘോഷാന്തരീക്ഷവും വീണ്ടും അനുഭവിക്കാനുള്ള അവസരമാണ് ഒരുക്കിയത്. ഈ ചരിത്രപരമായ അരങ്ങേറ്റത്തിന് പിന്നിൽ പ്രവർത്തിച്ച കലാകാരന്മാർ മുരളി രാഘവൻ, വിഷ്ണു കൃഷ്ണൻ, ജോജോ ചാലിശ്ശേരി, ആഷിത റഹ്മാൻ, ലത സന്തോഷ്, രോഹിത് രാമചന്ദ്രൻ, സുരേഷ് എസ്. നായർ, ഹരിഹർ ശങ്കർ, സുരേഷ് ചെല്ലപ്പൻ, പ്രവീൺ ദേവബാലൻ, വിനീത് എ. നായർ, ആനന്ദ് മേനോൻ, മഞ്ജുള കലൂർ, വിശ്വം ചങ്ങരത്ത്, മിലി ജോർജ് ഓജസ്, പ്രകാശ് മേനോൻ, അജിത് കോതാരമത്ത് എന്നിവരാണ്. സിയാറ്റിലിലെ ആദ്യ പഞ്ചാരി മേള അരങ്ങേറ്റം പസഫിക് നോർത്ത് വെസ്റ്റിലെ മേളക്കലയുടെ പുതിയ അധ്യായത്തിന് തുടക്കമിട്ടതായി കലാസ്വാദകർ വിലയിരുത്തുന്നു.








# ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷത്തിൽ ബിജു നാരായണനും സംഘവും അവതരിപ്പിക്കുന്ന സംഗീതനിശ

**സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: അമേരിക്കയിലെ പ്രവാസി മലയാളികളുടെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മകളിലൊന്നായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഈ വർഷത്തെ ഓണാഘോഷം സംഗീതത്തിന്റെയും കലാപാരമ്പര്യത്തിന്റെയും നിറവിൽ അതിഗംഭീരമായി അരങ്ങേറാൻ ഒരുങ്ങുന്നു. ഓഗസ്റ്റ് 22-ന് ഫിലാഡൽഫിയയിലെ കാൻസ്റ്റാറ്റർ ഓഡിറ്റോറിയത്തിൽ (Cannstatter, 9130 Academy Road, Philadelphia) നടക്കുന്ന ആഘോഷത്തിന്റെ




മുഖ്യആകർഷണമായി മലയാളത്തിന്റെ പ്രിയപ്പെട്ട പിന്നണി ഗായകൻ ബിജു നാരായണനും അദ്ദേഹത്തിന്റെ സംഗീതസംഘവും അവതരിപ്പിക്കുന്ന ലൈവ് സംഗീതനിശയുണ്ടാകും.

മലയാളികളുടെ ഹൃദയങ്ങളിൽ എന്നും ഇടംപിടിച്ചിട്ടുള്ള അനേകം ഭക്തിഗാനങ്ങളും ചലച്ചിത്രഗാനങ്ങളും മാപ്പിളപ്പാട്ടുകളും ഉൾപ്പെടെ വൈവിധ്യമാർന്ന ഗാനങ്ങളാൽ പ്രശസ്തനായ ബിജു നാരായണൻ, തന്റെ മധുര ശബ്ദത്തിലൂടെ ഓണാഘോഷ വേദിയെ സംഗീതത്തിന്റെ ഉത്സവമാക്കി മാറ്റുമെന്ന് സംഘാടകർ പ്രതീക്ഷപ്രകടിപ്പിച്ചു. കുടുംബസമേതം എത്തുന്ന പ്രവാസി മലയാളികൾക്ക് കേരളത്തിന്റെ ഓർമ്മകൾ ഉണർത്തുന്ന ഹൃദയസ്പർശിയായ സംഗീതവിരുന്നായിരിക്കും ഈ ലൈവ് കോൺസർട്ട്.




...ത്തിന്റെ തനത് കലാ-സാംസ്കാരിക പൈതൃകം പ്രതിഫലിപ്പിക്കുന്ന മെഗാതിരുവാതിര, ചെണ്ടമേളം, നാടൻ കലാരൂപങ്ങൾ, കലാപരിപാടികൾ, നൃത്താവിഷ്കാരങ്ങൾ, വർണാഭമായ പൂക്കളം, വിഭവസമൃദ്ധമായ ഓണസദ്യ എന്നിവയും ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളായിരിക്കും. മെഗാതിരുവാതിരയ്ക്ക് പ്രമുഖ നൃത്തപരിശീലക ബേബി തടവനാലിന്റെ നേതൃത്വത്തിൽ പരിശീലനം പുരോഗമിക്കുകയാണ്.

ഈ വർഷത്തെ ഓണാഘോഷത്തിന്റെ മുഖ്യാഘോഷകനായി പ്രമുഖ കാൻസർ വിദഗ്ദ്ധനും ഹിമറ്റോളജിസ്റ്റുമായ ഡോ. എം.വി. പിള്ള പങ്കെടുക്കും. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, മതമേഖലകളിലെ പ്രമുഖരും വിവിധ മലയാളി സംഘടനകളുടെ ഭാരവാഹികളും ചടങ്ങിൽ സംബന്ധിക്കുമെന്ന് ട്രൈസ്റ്റേറ്റ് കേരള ഫോറം ഭാരവാഹികൾ അറിയിച്ചു.

പെൻസിൽവേനിയ, ന്യൂജേഴ്സി, ഡെലവെയർ സംസ്ഥാനങ്ങളിലെ നിരവധി മലയാളി സംഘടനകളെ ഒരുമിപ്പിക്കുന്ന ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ വാർഷിക ഓണാഘോഷം, പ്രവാസി മലയാളികൾക്ക് കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പുതുതലമുറയിലേക്ക് പകർന്നു നല്കുന്ന ഏറ്റവും വലിയ സാംസ്കാരിക വേദികളിലൊന്നായി മാറിക്കഴിഞ്ഞു. സംഗീതം, നൃത്തം, പാരമ്പര്യം, സൗഹൃദം, കുടുംബസംഗമം എന്നിവയെല്ലാം ഒരേ വേദിയിൽ കോർത്തിണക്കുന്ന ഈ മഹോത്സവത്തിൽ ആയിരക്കണക്കിന് മലയാളികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷയെന്ന് ചെയർമാനായ ലെനോ സ്കറിയ, ജനറൽ സെക്രട്ടറി ജോബി ജോർജ്, ട്രഷറർ രാജൻ സാമുവൽ, ഓണം ചെയർമാൻ ബിനു മാത്യു, പ്രോഗ്രാം കോ-ഓർഡിനേറ്റർ റോണി വർഗീസ് എന്നിവർ അഭിപ്രായപ്പെട്ടു.

ട്രൈസ്റ്റേറ്റ് കേരളാ ഫോറം എല്ലാ മലയാളി കുടുംബങ്ങളേയും ഈ മഹത്തായ ഓണാഘോഷത്തിലും ബിജു നാരായണനും സംഘവും അവതരിപ്പിക്കുന്ന ലൈവ് സംഗീതവിരുന്നിലും ഓണസദ്യയിലും പങ്കുചേർന്ന് ഓണത്തിന്റെ സന്തോഷവും ഐക്യവും ആഘോഷിക്കാൻ ടികെഎഫ് ഓണാഘോഷ സംഘാടക സമിതി ഹാർദ്ദമായി എല്ലാ മലയാളികളെയും സ്വാഗതം ചെയ്യുന്നു.

## എഴുത്തുകാരൻ പി.ടി. പൗലോസ് അന്തരിച്ചു



ന്യൂയോർക്ക്: പ്രസിദ്ധ എഴുത്തുകാരനും പത്രപ്രവർത്തകനുമായ പി.ടി. പൗലോസ് (70) പുന്നത്തനാട്ടു പുത്തൻപുരയിൽ (തെക്കേടത്തു വീട്) അന്തരിച്ചു. സാഹിത്യത്തിനുള്ള കേരള സെന്റർ, പുറമെ ഇ-മലയാളിയുടെ അവാർഡ് ജേതാവും പ്രവാസി സാഹിത്യകാരനുമായ പി.ടി. പൗലോസ് എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം സ്വദേശിയാണ്. 1968 മുതൽ കാൽനൂറ്റാണ്ടുകാലം കൽക്കട്ടയിലും പിന്നീട് 15 വർഷം കൊച്ചിയിലും പ്രവർത്തിച്ചു. 2010 മുതൽ ന്യൂയോർക്കിലെ ഫ്രാങ്ക്ളിൻ സ്ക്വയറിൽ താമസിക്കുന്നു. ന്യൂയോർക്ക് സർഗ്ഗവേദിയുടെ അമരക്കാരിൽ ഒരാളാണ്. കൽക്കട്ട മലയാളി അസോസിയേഷൻ സ്ഥാപകാംഗവും പ്രസിഡണ്ടും ബംഗാൾ റാഷണലിസ്റ്റ് അസോസിയേഷൻ സ്ഥാപക സെക്രട്ടറിയുമായിരുന്നു. മൂവാറ്റുപുഴ താലൂക്ക് ലൈബ്രറി കൗൺസിൽ മെംബറായും പ്രവർത്തിച്ചിട്ടുണ്ട്. കൽക്കട്ടയിൽ പത്രപ്രവർത്തനം, നാടകം (നടൻ, സംവിധായകൻ) എന്നീ മേഖലകളിൽ സജീവമായിരുന്നു. അടിയന്തരാവസ്ഥക്കാലത്തെ അറിയപ്പെടാത്ത കഥകൾ പുറത്തുവിട്ടതിനെത്തുടർന്ന് വധഭീഷണി നേരിട്ടിട്ടുണ്ട്. നാടകങ്ങളും കഥകളും ലേഖനങ്ങളുമായി 6 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കുഡോസ് ആണ് ആദ്യം പ്രസിദ്ധീകരിച്ച നാടകം. ഭാര്യ മേരി പൗലോസ്. മകൾ: സ്മിത പോൾ. മരുമകൻ: ജെനു പോൾ.

**ജോസ് കാടാപുറം**

## ഡാളസ് സിറ്റിവൈഡ് കോൺഫറൻസ് ആഗസ്റ്റ് 21 മുതൽ; പാസ്റ്റർ അനീഷ് കൊല്ലം മുഖ്യപ്രഭാഷകൻ

**രാജു തരകൻ**

ഡാളസ്: ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ വാർഷിക കോൺഫറൻസ് ഓഗസ്റ്റ് 21 മുതൽ 23 വരെ (വെള്ളി മുതൽ ഞായർ വരെ) മെസ്കീറ്റിലുള്ള ഷാരോൺ ഇവന്റ് സെന്ററിൽ നടക്കും. ഈ വർഷത്തെ കോൺഫറൻസിനോടനുബന്ധിച്ച് ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ നാല്പതാം വാർഷികാഘോഷവും സംഘടിപ്പിച്ചിട്ടുണ്ട്. പ്രമുഖ പ്രഭാഷകരായ പാസ്റ്റർ അനീഷ് കൊല്ലം, റവ. ഡസ്റ്റി സ്മോൾ, ഡോ. സൂസൻ തോമസ് (ബഹ്റൈൻ) എന്നിവർ വിവിധ സെഷനുകളിൽ ദൈവവചന ശുശ്രൂഷ നിർവഹിക്കും.


Pr Anish Kollam


Rev. Dusty Small


Dr Soosan Thomas

ഓഗസ്റ്റ് 21-ന് വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ഉദ്ഘാടനസമ്മേളനത്തോടെ കോൺഫറൻസിന് തുടക്കമാകും. ഓഗസ്റ്റ് 22-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ നാല്പതാം വാർഷികാഘോഷം നടക്കും. ഉച്ചയ്ക്ക് രണ്ട് മണിക്ക് സഹോദരന്മാർക്കായി പ്രത്യേക സമ്മേളനവും അതേസമയം തന്നെ സഹോദരിമാർക്കായി പ്രത്യേകസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. വൈകുന്നേരം 6 മണിക്ക് മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേക ആത്മീയ യോഗങ്ങൾ നടക്കും. ഓഗസ്റ്റ് 23-ന് ഞായറാഴ്ച രാവിലെ 9 മണിക്ക് സംയുക്ത ആരാധന ആരംഭിക്കും. മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേക ആരാധനായോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് (214) 223 1194, (214) 334 6962, (469) 363 5109 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. കൂടാതെ ഔദ്യോഗിക വെബ്സൈറ്റായ www.dallascitywide.org സന്ദർശിച്ചും കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാം. ഈ അനുഗൃഹീത ആത്മീയ കൂട്ടായ്മയിലേക്ക് ഏവരേയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

# ഉമ്മൻ ചാണ്ടി അനുസ്മരണം

# ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന ജനനായകൻ

ജിനു കുര്യൻ പാമ്പാടി

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ജനങ്ങളുടെ മനസ്സിൽ മായാത്ത സ്ഥാനം നേടിയ നേതാവായിരുന്നു മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. 2023 ജൂലൈ 18-ന് അദ്ദേഹം നമ്മേ വിട്ടുപോയെങ്കിലും അദ്ദേഹത്തിന്റെ സേവനപാരമ്പര്യവും ജനങ്ങളോടുള്ള കരുതലും ഇന്നും മലയാളികളുടെ ഓർമ്മകളിൽ സജീവമാണ്. അദ്ദേഹത്തിന്റെ മൂന്നാം ചരമവാർഷികം ആചരിക്കുമ്പോൾ ഒരു രാഷ്ട്രീയ നേതാവിനെ മാത്രമല്ല, ജനങ്ങളുടെ കണ്ണീരൊപ്പിയ ഒരു മനുഷ്യസ്നേഹിയെയാണ് കേരളം ഓർക്കുന്നത്.

പോകാത്ത സ്ഥലവും കാണാത്ത ജനവുമുണ്ടാകില്ല. ജനങ്ങളെ തേടി സഞ്ചരിക്കുകയും അവരുടെ സങ്കടങ്ങൾ സ്വന്തം സങ്കടങ്ങളായി ഏറ്റെടുക്കുകയും ചെയ്ത അദ്ദേഹത്തെപ്പോലെ മറ്റൊരാളെ കേരളം കണ്ടിട്ടില്ല.

അധികാരത്തിന്റെ ഔപചാരികതകളേക്കാൾ ജനങ്ങളുടെ ഇടയിൽ ജീവിക്കാനാണ് അദ്ദേഹം എന്നും ആഗ്രഹിച്ചത്. പുലർച്ചെ മുതൽ അർദ്ധരാത്രി വരെ പരാതികളുമായി എത്തുന്ന സാധാരണക്കാരെ ക്ഷമയോടെ കേൾക്കുകയും കഴിയുന്ന സഹായം ചെയ്യാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്ത നേതാവായിരുന്നു അദ്ദേഹം.

ചെറിയചെറിയ സങ്കടങ്ങളുമായി അദ്ദേഹത്തെ സമീപിച്ച മനുഷ്യരെപ്പോലും ഒരിക്കലും നിരാശരാക്കി മടക്കി അയച്ചിരുന്നില്ല. അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും പരിഹാരത്തിനായി അക്ഷീണം പ്രയത്നിക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പൊതുജീവിതത്തിന്റെ മുഖമുദ്ര. ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങൾക്ക് താല്ക്കാലിക ആശ്വാസം മാത്രമല്ല, ശാശ്വതമായ പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളാണ് അദ്ദേഹം എപ്പോഴും നടത്തിയത്.


ഏതു വിഷയത്തിലും അദ്ദേഹം ശ്രദ്ധയോടെ ഇടപെട്ടിരുന്നു. രോഗികളാണ് സമൂഹത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നവരെന്ന തിരിച്ചറിവിൽ നിന്നാണ് കാരുണ്യപദ്ധതി, കാരുണ്യ ഫാർമസി, കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി, ഹീമോഫീലിയ രോഗികൾക്ക് ജീവിതകാലം മുഴുവൻ സൗജന്യമായി മരുന്ന് ലഭ്യമാക്കുന്ന പദ്ധതി തുടങ്ങിയ ജനക്ഷേമ നടപടികൾ രൂപംകൊണ്ടത്. സാധാരണക്കാരന്റെ ജീവിതത്തെ ബാധിക്കുന്ന ഏതു വിഷയവും അദ്ദേഹത്തിന്റെ മുന്നിലെത്തിയാൽ നിയമപരമായ സങ്കീർണതകൾക്കുള്ളിൽ ഒതുങ്ങാതെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കാൻ അദ്ദേഹം തയ്യാറായിരുന്നു. അതാണ് ഒരു ഭരണാധികാരിയെന്ന നിലയിൽ അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്.

ജനസമ്പർക്ക പരിപാടി അദ്ദേഹത്തിന്റെ ഭരണത്തിന്റെ മുഖമുദ്രയായി മാറി. ആ പരിപാടിയിലൂടെ സഹായങ്ങൾ വിതരണം ചെയ്തത് മാത്രമല്ല, വർഷങ്ങളായി സർക്കാർ ഓഫീസുകളുടെ പടികൾ കയറിയിറങ്ങിയിട്ടും പരിഹാരം ലഭിക്കാതെ കിടന്നിരുന്ന ആയിരക്കണക്കിന് പ്രശ്നങ്ങൾ അദ്ദേഹം നേരിട്ടു മനസ്സിലാക്കി അവയ്ക്ക് പരിഹാരം കാണാൻ നിരവധി നയപരവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊണ്ടു. ജനസമ്പർക്ക പരിപാടിയിൽ നല്കിയ ധനസഹായങ്ങളേക്കാൾ, ജനങ്ങളുടെ ജീവിതത്തെ ബാധിച്ച സങ്കീർണ്ണപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരങ്ങൾ കാണുവാനുള്ള സമീപനമാണ് അദ്ദേഹത്തിന്റെ ഭരണത്തെ കൂടുതൽ ശ്രദ്ധേയമാക്കിയത്.

തുടർച്ചയായി പതിറ്റാണ്ടുകളോളം ഞാൻ അടക്കമുള്ളവർ വസിക്കുന്ന പുതുപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച അദ്ദേഹം ജനങ്ങളുടെ വിശ്വാസം നേടിയ അപൂർവ രാഷ്ട്രീയ നേതാക്കളിൽ ഒരാളായിരുന്നു.

തീക്ഷ്ണമായ രാഷ്ട്രീയ പരീക്ഷണങ്ങളിലൂടെ കടന്നുപോയിട്ടും അടിപതറാതെ ആ പുതുപ്പള്ളിക്കാരൻ ജ്വലിച്ചുനിന്നു. കീറൽ വീണ ഖദർ ഷർട്ടിന്റെ ആർഭാഡരാഹിത്യവും ലാളിത്യവുമാണ് ഉമ്മൻ ചാണ്ടിയെ ജനഹൃദയങ്ങളിലെ ആരാധനാപാത്രമാക്കിയത്. കയറിപ്പോകാനുള്ള ഏണിപ്പടികളായി അദ്ദേഹം ഒരിക്കലും ജനങ്ങളെ കണ്ടില്ല. അധികാരത്തിന്റെ ഉയരങ്ങളിൽ ഒറ്റയ്ക്ക് ഇരിക്കാൻ ആഗ്രഹിച്ചതുമില്ല. അക്ഷരാർത്ഥത്തിൽ ഉമ്മൻ ചാണ്ടി ജനങ്ങൾക്ക് സ്വന്തമായിരുന്നു.

കേരളത്തിലുടനീളം ഇത്രയധികം സഞ്ചരിച്ച മറ്റൊരു രാഷ്ട്രീയ നേതാവിനെ കണ്ടെത്തുക പ്രയാസമാണ്. പൊതുപ്രവർത്തനങ്ങളുടെ തിരക്കിൽ ഭക്ഷണവും ഉറക്കവും പോലും മറന്ന് ജനങ്ങൾക്കിടയിലൂടെ സഞ്ചരിച്ച അദ്ദേഹം ജീവിതകാലം മുഴുവൻ ആൾക്കൂട്ടത്തിനിടയിൽ ലയിച്ചുനിന്ന നേതാവായിരുന്നു. മരണശേഷം ആൾക്കൂട്ടത്തിൽ നിന്ന് അദ്ദേഹം അപ്രത്യക്ഷനായില്ല. മറിച്ച് ജനങ്ങളുടെ ഹൃദയങ്ങളിലേക്കാണ് അലിഞ്ഞുചേർന്നത്. അദ്ദേഹം ജനങ്ങൾക്കു നല്കിയ സ്നേഹം നൂറിരട്ടിയായി ജനങ്ങൾ തിരിച്ചു നല്കിയ കാഴ്ചയാണ് കേരളം അദ്ദേഹത്തിന്റെ വിയോഗവേളയിൽ കണ്ടത്.



മുഖ്യമന്ത്രിയായിരുന്ന കാലത്ത് വികസന പ്രവർത്തനങ്ങൾക്കും ക്ഷേമപദ്ധതികൾക്കും പുറമെ ജനങ്ങളിലേക്ക് നേരിട്ട് എത്തിച്ചേരുന്ന ഭരണശൈലിയാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്.

‘ജനസേവകനാണ് യഥാർത്ഥ ജനനായകൻ’ എന്ന ആശയം തന്റെ ജീവിതംകൊണ്ട് അന്വർത്ഥമാക്കിയ നേതാവായിരുന്നു ഉമ്മൻ ചാണ്ടി. മറ്റുള്ളവരോടുള്ള സ്നേഹവും സഹതാപവും അവരെ ചേർത്തു നിർത്താനുള്ള മനസ്സുമായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ശക്തി. കല്ലുകളും മുള്ളുകളും നിറഞ്ഞ രാഷ്ട്രീയപാതയിലൂടെ സഞ്ചരിച്ചെങ്കിലും സാധാരണക്കാരുടെ ഹൃദയത്തിലേക്കാണ് അദ്ദേഹം തന്റെ യാത്ര അവസാനിപ്പിച്ചത്.

തന്നെ കല്ലെറിഞ്ഞവർക്കുമേൽ തിരികെ എയ്യാൻ പാകമായ ശരങ്ങൾ ലഭിച്ചപ്പോഴും ചിരിച്ചുകൊണ്ട് “എനിക്ക് ആരോടും പകയില്ല” എന്ന് പറയാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ മഹത്വമായിരുന്നു. പ്രതികാരത്തേക്കാൾ ക്ഷമയിലും വിദ്വേഷത്തേക്കാൾ സ്നേഹത്തിലും വിശ്വസിച്ച രാഷ്ട്രീയ പ്രവർത്തകനായിരുന്നു അദ്ദേഹം.

ജീവിതത്തിന്റെ അവസാന നാളുകളിലും രോഗത്തോട് ധൈര്യത്തോടെ പൊരുതിയ അദ്ദേഹം പൊതുജീവിതത്തിൽ മാന്യതയും ലാളിത്യവും എങ്ങനെ കാത്തുസൂക്ഷിക്കാമെന്ന് കാണിച്ചുതന്ന മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ വിയോഗവാർത്ത കേരളത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തുകയും രാഷ്ട്രീയത്തിനതീതമായി ആയിരങ്ങൾ അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിക്കുകയും ചെയ്തു.

ബൈബിളിൽ പറയുന്നതുപോലെ “നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടതാണ്” (സദൃശ്യവാക്യങ്ങൾ 10:7). കാലം കടന്നുപോകുമ്പോൾ ചില പേരുകൾ ചരിത്രപുസ്തകങ്ങളിൽ മാത്രം



ലേഖകൻ

അവശേഷിക്കും. എന്നാൽ, ചില മനുഷ്യർ ജനങ്ങളുടെ ഹൃദയത്തിൽ ജീവിച്ചുകൊണ്ടിരിക്കും. ആ നീതിമാൻ ഉയിർത്തെഴുന്നേൽക്കുന്നത് ജനങ്ങളുടെ ഹൃദയങ്ങളിലാണെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഉമ്മൻ ചാണ്ടി ബാക്കിവെച്ചു പോയത് അധികാരത്തിന്റെ അടയാളങ്ങളല്ല, മനുഷ്യത്വത്തിന്റെ അടയാളങ്ങളാണ്. ജനഹൃദയങ്ങളിൽ പുതിയ ചരിത്രം സൃഷ്ടിച്ച പച്ചയായ മനുഷ്യൻ. ജനങ്ങളുടെ പരാതികൾ കേട്ട് മടുക്കാത്ത ജനനായകൻ, പുതുപ്പള്ളിയുടെ സ്വന്തം കുഞ്ഞൂഞ്ഞ്. ഈ വിശേഷണങ്ങൾ എല്ലാം അദ്ദേഹത്തിന്റെ ജീവിതത്തിന് ജനങ്ങൾ നല്കിയ അംഗീകാരങ്ങളാണ്. കോൺഗ്രസിന്റെ അതികായനായ രാഷ്ട്രീയ നേതാവെന്നതിലുപരി ജനപ്രതിനിധി എന്ന വാക്കിന് പുതിയ അർത്ഥം നല്കി ജീവിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹം.

ജനങ്ങളുടെ വേദന സ്വന്തം വേദനയായി ഏറ്റെടുത്ത പ്രിയപ്പെട്ട ഉമ്മൻ ചാണ്ടിയെ ആദരപൂർവം സ്മരിക്കുന്നു. അധികാരം സേവനമാണെന്നും രാഷ്ട്രീയം മനുഷ്യനിലേക്കുള്ള യാത്രയാണെന്നും ജീവിതംകൊണ്ട് തെളിയിച്ച ആ ജനനായകൻ എന്നും മലയാളികളുടെ ഹൃദയങ്ങളിൽ ജീവിച്ചിരിക്കും.

# ടാമ്പായിൽ പ്രീ–മാര്യേജ് കോഴ്സ് സംഘടിപ്പിച്ചു

സിജോയി പറപ്പള്ളിൽ

ടാമ്പാ (ഫ്ളോറിഡ): സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ ക്നാനായ റീജിയൻ നേതൃത്വം നല്കിയ പ്രീ-മാര്യേജ് കോഴ്സ് നടത്തപ്പെട്ടു. അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്നുമായി ഇരുപത്തിയഞ്ചോളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു. ടാമ്പാ ഇടവക വികാരി ഫാ. ജോസ് ആദോപ്പള്ളിൽ, ഫാ. ജിജോ നെല്ലിക്കണ്ടത്തിൽ, ലൂക്കോസ് & റിങ്കു ചാമക്കാലയിൽ, ജോജോ മേക്കാട്ടേൽ, ഡസ്റ്റിൻ & പ്രെറ്റി മുടീകുന്നേൽ, റെക്സി മൈജോ ആകശാലയിൽ, സൂസാന തേക്കുംകാട്ടിൽ, ഫിലോ വെള്ളാപ്പള്ളി, ജെസ്സി കുളങ്ങര, ടോണി പുല്ലാപ്പള്ളിൽ എന്നിവരോടൊപ്പം ഡോ. ആൻ വെർഡേജ, ഡോ. കാർലോസ് ലമോട്ട് എന്നിവരും വിവിധ ക്ലാസുകൾ എടുത്തു.

ഞായറാഴ്ച വിശുദ്ധ കുർബാനയോടനുബന്ധിച്ചു നടന്ന സമാപന ചടങ്ങിൽ വെച്ച് ഫാ. ജോസ് ആദോപ്പള്ളിൽ ഏവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യുവജനപ്രതിനിധിയായ ഹാനാ മഠത്തിലേട്ട് ഈ കോഴ്സ് തങ്ങൾക്ക് വെഡ്ഡിംഗ് എന്ന ചടങ്ങിന് അപ്പുറം വിവാഹം എന്ന കൂദാശയെപ്പറ്റി കൂടുതൽ ചിന്തിക്കുവാനും അതോടൊപ്പം വിവാഹ ജീവിതത്തിൽ ആവശ്യമായ പല അറിവുകളും നേടുവാനും ഇതുമൂലം സാധിച്ചുവെന്ന് പങ്കുവെച്ചു. ചടങ്ങിൽ ഫാമിലി കമ്മീഷൻ കോ-ഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളി ഇതിൽ പങ്കെടുത്തവർക്കും ഇതിനു നേതൃത്വം നല്കിയ എല്ലാവർക്കും അഭിനന്ദനം അറിയിച്ചു. മൂന്നു ദിവസത്തെ ഈ ക്യാമ്പിന് ഇടവകയിൽനിന്നും ജീവ പ്രാലേൽ, എബിൻ തടത്തിൽ എന്നിവർ നേതൃത്വം നല്കി.



# തലമുറകളുടെ അചഞ്ചല വിശ്വാസവുമായി ഫാമിലി കോൺഫറൻസിന് തുടക്കം

ജോർജ് തുമ്പയിൽ & ഉമ്മൻ കാപ്പിൽ

ലാങ്കസ്റ്റർ വിൻധം റിസോർട്ട് ഭക്തിയിലും പാരമ്പര്യ വിശ്വാസത്തിലും അടിയുറച്ച സഭാ സ്നേഹത്തിന്റെ സന്ദേശം വിളിച്ചോതി മലങ്കര ഓർത്തഡോക്സ് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന് പ്രൗഢഗംഭീരമായ തുടക്കം. വർണ്ണശബളമായ ഘോഷയാത്രയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ലോങ് ഐലൻഡിൽ നിന്നുള്ള ജോൺ കുര്യന്റെ നേതൃത്വത്തിലുള്ള ചെണ്ടമേളം ആഘോഷങ്ങൾക്കു മാറ്റുകൂട്ടി. ഘോഷയാത്ര അജിത് വട്ടശേരിൽ കോ-ഓർഡിനേറ്റ് ചെയ്തു.

സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം ആരംഭിച്ച ഉദ്ഘാടനസമ്മേളനം ഏറ്റവും ഹൃദ്യമായിരുന്നു. ന്യൂയോർക്കിലെ കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകകളുടെ നേതൃത്വത്തിലുള്ള ഗായകസംഘം ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായെ അനുസ്മരിച്ചുകൊണ്ടുള്ള ഗാനാലാപത്തോടെ ആരംഭിച്ച ഗാനങ്ങൾ ആത്മീയ ഉണർവും പ്രചോദനവും ലഭിക്കുവാൻ പ്രാപ്തമായിരുന്നു. അനുഗ്രഹീത ഗായകനായ ജോസഫ് പാപ്പൻ ക്വയറിനു നേതൃത്വം നല്കി. അമേരിക്കൻ ദേശീയഗാനം ആൻജെലീന ജേക്കബും ഇന്ത്യൻ ദേശീയഗാനം ക്വയറും ആലപിച്ചു. കോ-ഓർഡിനേറ്റർ ഫാ. അലക്സ് കെ. ജോയ് സ്വാഗതമാശംസിച്ചു.

തുടർന്ന് വെളിച്ചം പകരുവാൻ നമുക്കുള്ള കടപ്പാട് ഓർമ്മിപ്പിച്ചുകൊണ്ട് നിലവിളക്കു കൊളുത്തുകയുണ്ടായി. ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കളാവോസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്തനാസിയോസ്, ഹൈറോമോങ്ക് വാസിലിയോസ് (റഷ്യൻ ഓർത്തഡോക്സ്), ലിജിൻ ഹന്നാ തോമസ് (സൗത്ത് വെസ്റ്റ് ഭദ്രാസനം), ഫാ. ഡോ. വറുഗീസ് എം. ഡാനിയേൽ, ഫാ. ഡോ. എബി ജോർജ്, ജോൺ താമരവേലിൽ, ജെയ്സൺ തോമസ് എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചു. വിശ്വാസികൾ വെളിവ് നിറഞ്ഞോരീശോ എന്ന ഗാനം ഏറ്റു ചൊല്ലി.

ഭദ്രാസന മെത്രാപ്പോലീത്ത ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും വിശ്വാസികൾ പങ്കെടുക്കുന്ന ഈ കോൺഫറൻസ് മഹത്തായ സംരംഭമാണ്. കാര്യക്ഷമതയോടെ മാസങ്ങൾ നീളുന്ന തയ്യാറെടുപ്പോടെ കോൺഫറൻസ് ഒരുക്കുന്ന സംഘാടകരെ മെത്രാപ്പോലീത്ത അഭിനന്ദിച്ചു. കോൺഫറൻസിലെ ചിന്താവിഷയമായ കൃപയുടെ പാത്രത്തെക്കുറിച്ചും മെത്രാപ്പോലീത്ത സംസാരിച്ചു.

തുടർന്ന് മുഖ്യപ്രസംഗകൻ ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ഓർത്തഡോക്സ് വിശ്വാസത്തിൽ അധിഷ്ഠിതമായ ചിന്താവിഷയം അവലോകനം ചെയ്യുവാനുള്ള തീക്ഷ്ണതയും സഭാവിശ്വാസവും പാരമ്പര്യങ്ങളും മുറുകെപ്പിടിക്കുന്നതും ആശാവഹമാണെന്ന് പറഞ്ഞു. പിന്നീട് ഹൈറോമോങ്ക് വാസിലിയോസ്, ലിജിൻ ഹന്നാ തോമസ്, ഫാ. ഡോ. വറുഗീസ് എം. ഡാനിയൽ, ഫാ. ഡോ. എബി ജോർജ് എന്നിവരും ചിന്താവിഷയത്തെപ്പറ്റി സംക്ഷിപ്തമായി പ്രതിപാദിച്ചു.

കോൺഫറൻസിൽ സുരക്ഷിതത്വവും അച്ചടക്കവും പാലിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഡോ. റെബേക്ക പോത്തൻ (സുവനീർ എഡിറ്റർ) സംസാരിച്ചു. ആഷാ ജോർജ് (ജോ. സെക്രട്ടറി), റിങ്കിൾ ബിജു (ജോ. ട്രഷറർ), ഭദ്രാസന കൗൺസിൽ അംഗങ്ങൾ ഫാ. വിജയ് തോമസ്, ജോബി ജോൺ, ഉമ്മൻ കാപ്പിൽ, ബിജോ തോമസ്, മലങ്കര സഭാ മാനേജിങ് കമ്മിറ്റി അംഗം ബിനു കൊപ്പാറ തുടങ്ങിയവരും വേദിയിൽ സന്നിഹിതരായിരുന്നു.

അക്സ വർഗീസ്, ആൻജെലിന ഏലിയാസ് എന്നിവർ പ്രോഗ്രാം നിയന്ത്രിച്ചു. ആൻഡ്രു തോമസ് ആയിരുന്നു പ്രോഗ്രാം കോ-ഓർഡിനേറ്റർ. സൈറ്റ് & സൗണ്ട് തിയേറ്ററിന്റെ ജോഷ്വാ ഷോ കോൺഫറൻസിൽ പങ്കെടുത്ത പലർക്കും അവിസ്മരണീയ അനുഭവമായിരുന്നു.



















# പച്ചമണ്ണിൻ മനുഷ്യത്വമായ മനുഷ്യൻ



**റോജി എം. ജോൺ**
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

മനുഷ്യരുടെ ആവലാതികൾ കേൾക്കാനും പരിഹരിക്കാനും വിധിക്കപ്പെട്ടയാളാണെന്ന് സ്വയം വിശ്വസിച്ചു, അതിന് വേണ്ടി മാത്രം ജീവിച്ചു. തീർത്തും അപരിചിതരായ മനുഷ്യർക്ക് പോലും ഒരു ഫോൺ കോളിനപ്പുറം ആശ്വാസവുമായി ഉമ്മൻ ചാണ്ടി ഉണ്ടായിരുന്നു. മനുഷ്യരുടെ നിസഹായതകളെ മറികടക്കാൻ നിയമത്തിന്റെ നൂലാമാലകൾ ഉമ്മൻചാണ്ടിക്ക് തടസമായില്ല. കല്ലെറിഞ്ഞ് വീഴ്ത്താൻ ശ്രമിച്ച രാഷ്ട്രീയ പ്രതിയോഗിയോട് പോലും പരാതികൾ ഇല്ലെന്ന് പറഞ്ഞ ക്ഷമയുടെ രാഷ്ട്രീയമാണ് ഉമ്മൻചാണ്ടി. ശബ്ദം പോലും നഷ്ടപെട്ട് തുടങ്ങിയ ജീവിതത്തിന്റെ സായംസന്ധ്യയിലും ജനങ്ങൾക്ക് ഒപ്പം നിൽക്കാൻ വാശികാണിച്ച ഉമ്മൻചാണ്ടി സർ.


ആൾകൂട്ടത്തിന് മുന്നിലോ പിന്നിലോ ആയിരുന്നില്ല ഉമ്മൻചാണ്ടി . എപ്പോഴും ആൾക്കൂട്ടത്തിനൊപ്പം. ആൾക്കൂട്ടത്തിന്റെ നായകനെ ആൾക്കൂട്ടം നിറകണ്ണുകളോടെ, തൊണ്ടയിടറി യാത്രയാക്കിയിട്ട് മൂന്ന് വർഷങ്ങൾ.

ചില മനുഷ്യർ അങ്ങനെയാണ്, മൺമറഞ്ഞുപോയാലും ഊതിക്കാച്ചിയ പൊന്നുപോലെ ഓർമകളിൽ തിളങ്ങിക്കൊണ്ടിരിക്കും.

ഈശ്വരനല്ല, മാന്ത്രികനല്ല, പച്ചമണ്ണിൻ മനുഷ്യത്വമായ മനുഷ്യൻ.

ഉമ്മൻ ചാണ്ടി സാറിന്റെ ജനകീയമായ ഓർമകൾക്ക് മുന്നിൽ പ്രണാമം

# കാലത്തിന് മായ്ച്ചു കളയാൻ കഴിയാത്ത സ്നേഹം



**ചാണ്ടി ഉമ്മൻ** എം.എൽ.എ.

മൂന്ന് വർഷങ്ങൾ കഴിഞ്ഞു... ഒരു ദിവസം പോലും അപ്പയെ ഓർക്കാതെ കടന്നുപോയിട്ടില്ല.... പറയാൻ ബാക്കിയായ വിശേഷങ്ങൾ ഇന്നും മനസ്സിലുണ്ട്... ഒരിക്കൽ കൂടി കേൾക്കാൻ കൊതിക്കുന്ന ആ ശബ്ദം ഇന്നും കാതുകളിൽ മുഴങ്ങുന്നു... കൈപിടിച്ച് നടത്തുമായിരുന്ന ആ സ്നേഹത്തിന്റെ ചൂട് ഇന്നും ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്നു... ലോകം ഇന്ന് അപ്പയെ ജനനായകനായി ആദരിക്കുകയും ചെയ്യുമ്പോൾ, ഞാൻ ഓർക്കുന്നത് എന്റെ അപ്പയെയാണ്. എന്നെ വിശ്വസിച്ച, ജീവിതത്തിന്റെ പല സന്ദർഭങ്ങളിലെ വീഴ്ചകളിൽ കരുത്തായി നിന്ന, സമൂഹത്തിനായി ജീവിക്കുന്നതാണ് ഏറ്റവും വലിയ രാഷ്ട്രീയം എന്ന് സ്വന്തം ജീവിതം കൊണ്ട് പഠിപ്പിച്ച എന്റെ അപ്പയെ.

അപ്പ ഇല്ലെന്ന സത്യം കാലം പഠിപ്പിച്ചിട്ടുണ്ടാകാം... പക്ഷേ അപ്പയുടെ സ്നേഹവും, വാക്കുകളും, മൂല്യങ്ങളും, ഓർമ്മകളും കാലത്തിന് ഒരിക്കലും മായ്ച്ചുകളയാൻ കഴിയില്ല... ചില വേർപാടുകൾ സമയത്തിനൊപ്പം മങ്ങില്ല... ഓരോ ദിവസവും ഹൃദയത്തിൽ കൂടുതൽ ആഴത്തിൽ പതിയും.

മറക്കാനാവാത്ത ഓർമ്മകളോടെ... എന്നും ഹൃദയത്തിൽ.

# ഉമ്മൻ ചാണ്ടി: ഒരു രാഷ്ട്രീയ സർവ്വകലാശാല



**അഡ്വ. വർഗ്ഗീസ് മാമ്മൻ** എം.എൽ.എ.

കേരളത്തിന്റെ ജനപ്രിയ മുഖ്യമന്ത്രിയായി എക്കാലവും ജനങ്ങളുടെ മനസ്സിൽ ജീവിക്കുന്ന അനശ്വരനായ ഉമ്മൻ ചാണ്ടി സാറിന്റെ മൂന്നാം ചരമവാർഷികമായിരുന്നു ജൂലൈ 18-ന്.

ജാതി-മത-രാഷ്ട്രീയ ഭേദമന്യേ കേരളത്തിലെ ജനങ്ങളുടെ ആദരവും സ്നേഹവും നേടിയ അപൂർവ നേതാവായിരുന്നു അദ്ദേഹം. സാധാരണക്കാരോടും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളോടും പുലർത്തിയ ആത്മബന്ധവും ജനകീയ പ്രവർത്തന ശൈലിയുമാണ് അദ്ദേഹത്തെ ജനപ്രിയനാക്കിയത്.

രാഷ്ട്രീയ പ്രവർത്തകർക്ക് എക്കാലവും ഒരു രാഷ്ട്രീയ സർവകലാശാലയാണ് ഉമ്മൻ ചാണ്ടി സാർ. ഉമ്മൻ ചാണ്ടി സാറിന്റെ പ്രവർത്തനവും നേതൃത്വവും രാഷ്ട്രീയ ശൈലിയും പുതിയ തലമുറയിലെ രാഷ്ട്രീയ പ്രവർത്തകർക്ക് ഒരു പാഠപുസ്തകമാണ്.

തിരുവല്ലയിലെ ജനപ്രതിനിധിയായി മത്സരിക്കാനും ജനങ്ങളുടെ പിന്തുണയോടെ വിജയിക്കാനും അവസരം ലഭിച്ചപ്പോഴെല്ലാം എന്റെ മനസ്സിൽ നിറഞ്ഞുനിന്ന വ്യക്തിത്വം ഉമ്മൻ ചാണ്ടി സാറിന്റേതായിരുന്നു. അദ്ദേഹം തുടക്കം കുറിച്ച വികസന കാഴ്ചപ്പാടും ജനകീയ ഭരണശൈലിയും തന്നെയാണ് ഇന്ന് മുഖ്യമന്ത്രി വി.ഡി. സതീശന്റെ നേതൃത്വത്തിലുള്ള സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്ന വികസന പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുന്നത്.

വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനകാലം മുതൽ ഉമ്മൻ ചാണ്ടി സാറിന്റെ സ്നേഹവും പ്രോത്സാഹനവും പരിഗണനയും ലഭിക്കാൻ ഭാഗ്യമുണ്ടായ വ്യക്തിയാണ് ഞാൻ. അത് നന്ദിപൂർവം ഈ അവസരത്തിൽ ഓർക്കുകയാണ്.

ഉമ്മൻ ചാണ്ടി സാറിന്റെ മൂന്നാം അനുസ്മരണ ദിനത്തിൽ പുതുപ്പള്ളി പള്ളി ദേവാലയ അങ്കണത്തിൽ നിന്ന് പാമ്പാടിയിലേക്ക് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ പതാക - ദീപശിഖാ യാത്ര ഉദ്ഘാടനം ചെയ്യാൻ അവസരം ലഭിച്ചത് എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ അനുഭവങ്ങളിലൊന്നായി ഞാൻ കരുതുന്നു.



# കൊലയാളികളെ സൃഷ്ടിക്കുന്ന നിർമ്മിത ബുദ്ധി: എ. ഐ. ബയോവെപ്പണുകൾ എന്ന പുതിയ ഭീഷണി





സുരേഷ്കുട്ടി

ഇന്നിപ്പോൾ AI ഉപകരണങ്ങൾ കടന്നു ചെല്ലാത്ത മേഖലകൾ ഇല്ല എന്ന് തന്നെ പറയാം. വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ AI അധിഷ്ഠിത ഉപകരണങ്ങളെ പല ഇടത്തും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇതിനും ദുരുപയോഗ സാധ്യതകൾ ചെറുതല്ല.

കടലിൽ കാണപ്പെടുന്ന കോൺ സ്നൈൽ എന്ന ചെറിയ ഒച്ചിന് മനുഷ്യന്റെ ജീവനെടുക്കാൻ മാത്രം വിഷം ഉണ്ട്. ഇവയുടെ വിഷത്തിൽ അടങ്ങിയിരിക്കുന്ന കോണോടോക്സിനുകൾ നാഡീവ്യവസ്ഥയെ തളർത്തുന്നവയാണ്, ഇതിന് ഇതുവരെ ഒരു മറുമരുന്ന് കണ്ടെത്തിയിട്ടുമില്ല.

2024-ൽ ചൈനയിലെ ഒരു കൂട്ടം ഗവേഷകർ നിർമ്മിത ബുദ്ധി ഉപയോഗിച്ച് പുതിയ കോണോടോക്സിനുകൾ രൂപകൽപ്പന ചെയ്തത് ജീവശാസ്ത്ര ലോകത്ത് വലിയ ചർച്ചകൾക്ക് വഴിവെച്ചു. മരുന്ന് കണ്ടെത്തുക എന്ന നല്ല ലക്ഷ്യത്തോടെയാണ് ഈ പഠനം നടന്നതെങ്കിലും, ഇത് വലിയൊരു സുരക്ഷാ ഭീഷണിയുടെ തുടക്കമാണോ എന്ന ആശങ്ക പലരും പങ്കുവെച്ചു.

അമേരിക്കൻ ഐക്യനാടുകളിലെ ഗവേഷകർ വികസിപ്പിച്ചെടുത്ത ഓപ്പൺ സോഴ്സ് പ്രോട്ടീൻ ലാംഗ്വേജ് മോഡൽ അടിസ്ഥാനമാക്കിയാണ് ഈ പഠനം നടന്നത് എന്നത് ഭയത്തിന്റെ ആഴം വർദ്ധിപ്പിച്ചു. ആൽഫാഫോൾഡ് പോലുള്ള എ ഐ മോഡലുകൾ ഉപയോഗിച്ച് കമ്പ്യൂട്ടറിലൂടെ ഏത് പ്രോട്ടീനും നിർമ്മിച്ചെടുക്കാം എന്ന അവസ്ഥ വന്നതോടെ ജീവശാസ്ത്ര മേഖല വലിയൊരു മാറ്റത്തിലൂടെയാണ് കടന്നുപോകുന്നത്.

എന്നാൽ ഈ സാങ്കേതികവിദ്യ തെറ്റായ കൈകളിൽ എത്തിയാൽ സംഭവിക്കാവുന്ന ദുരന്തങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതുണ്ട്.

ചെറിയ ലബോറട്ടറികളിൽ ഇരുന്ന് ആർക്കെങ്കിലും ആന്ത്രാക്സ് പോലുള്ള ഭീഷണികൾ എങ്ങനെ ഉണ്ടാക്കാം എന്ന് എഐ ചാറ്റ്ബോട്ടുകളോട് ചോദിച്ചു മനസ്സിലാക്കാൻ ഇന്ന് സാധിക്കും. അതിലും ഭയാനകമായ മറ്റൊരു കാര്യം, തീവ്രവാദ ഗ്രൂപ്പുകൾക്ക് ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയ ബയോവെപ്പണുകൾ നിർമ്മിക്കാൻ കഴിഞ്ഞേക്കാം എന്നതാണ്.

റൈസിൻ പോലെയുള്ള അതിമാരകമായതും എന്നാൽ പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്തതുമായ പുതിയ വിഷവസ്തുക്കൾ എ.ഐ. വഴി നിർമ്മിക്കപ്പെടാനുള്ള സാധ്യതയെക്കുറിച്ച് വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നുണ്ട്.



ഒരു പുതിയ വൈറസിനെ പൂർണ്ണമായും ഡിസൈൻ ചെയ്തെടുക്കുക എന്നത് നിലവിൽ ശ്രമകരമാണെങ്കിലും, ഇത്തരം മാരകമായ ടോക്സിനുകൾ ഡിസൈൻ ചെയ്യാൻ നിലവിലെ എ ഐ ടൂളുകൾക്ക് തന്നെ സാധിച്ചേക്കാം എന്ന് നാഷണൽ അക്കാദമീസ് ഓഫ് സയൻസസ്, എഞ്ചിനീയറിംഗ്, ആൻഡ് മെഡിസിൻ റിപ്പോർട്ട് വ്യക്തമാക്കുന്നു.

ഒരിക്കലും പ്രകൃതിയിൽ നിലനിന്നിട്ടില്ലാത്ത, നിലവിലെ പരിശോധനാ സംവിധാനങ്ങൾക്ക് കണ്ടെത്താനാവാത്ത ഡിസൈനർ ടോക്സിനുകൾ സൃഷ്ടിക്കപ്പെടാം എന്നത് ശാസ്ത്രലോകത്തെ വലിയൊരു പേടിസ്വപ്നമാണ്.

ഈ ഭീഷണിയുടെ യഥാർത്ഥ വ്യാപ്തി മനസ്സിലാക്കാൻ മൈക്രോസോഫ്റ്റിലെ ഗവേഷകർ ഒരു സുപ്രധാന പരീക്ഷണം നടത്തി. മനുഷ്യന് ഭീഷണിയായേക്കാവുന്ന 72 ജൈവ തന്മാത്രകളുടെ പുതിയ പതിപ്പുകൾ എഐ ഉപയോഗിച്ച് അവർ തയ്യാറാക്കി. ഇവയുടെ യഥാർത്ഥ പ്രവർത്തന രീതി നിലനിർത്തിക്കൊണ്ട് തന്നെ, ഡി.എൻ.എ പരിശോധനകളിൽ പിടിക്കപ്പെടാത്ത രീതിയിലായിരുന്നു ഇവയുടെ രൂപകൽപ്പന.

ഈ ഡിസൈനുകൾ ഡിഎൻഎ നിർമ്മിച്ച് നൽകുന്ന കമ്പനികൾക്ക് അയച്ചു കൊടുത്തപ്പോൾ പല ഡിസൈനുകളും അപകടകരമാണെന്ന് തിരിച്ചറിയാൻ അവരുടെ സുരക്ഷാ സോഫ്റ്റ്‌വെയറുകൾക്ക് കഴിഞ്ഞില്ല. ഇത്തരം ഡിസൈനുകളെ വളരെ ചെറിയ കഷണങ്ങളാക്കി മാറ്റിയപ്പോൾ ഏറ്റവും പുതിയ സുരക്ഷാ സംവിധാനങ്ങളെപ്പോലും അവയ്ക്ക് കബളിപ്പിക്കാൻ കഴിഞ്ഞു. എഐ ഉപയോഗിച്ച് സുരക്ഷാ സംവിധാനങ്ങളുടെ കണ്ണുവെട്ടിച്ച് മാരകമായ വിഷവസ്തുക്കളുടെ ഡി.എൻ.എ സീക്വൻസുകൾ ആർക്കും എളുപ്പത്തിൽ നേടിയെടുക്കാൻ സാധിക്കും എന്ന സത്യമാണ് ഈ പരീക്ഷണം തുറന്നു കാട്ടിയത്.

എങ്കിലും കമ്പ്യൂട്ടർ സ്ക്രീനിൽ ഡിസൈൻ ചെയ്യുന്ന ഒരു വിഷവസ്തുവിനെ യഥാർത്ഥ ലോകത്ത് ഒരു ഭീഷണിയായി മാറ്റുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഇതിന് വളരെ മികച്ച ലബോറട്ടറി സംവിധാനങ്ങളും അതിവിദഗ്ദ്ധരായ ഗവേഷകർ നൽകുന്ന പിന്തുണയും ആവശ്യമാണ്. സുരക്ഷാ പരിശോധനകളിൽ നിന്ന് രക്ഷപ്പെടാനായി ഡിഎൻഎ ഘടനയിൽ മാറ്റങ്ങൾ വരുത്തുമ്പോൾ ആ തന്മാത്രയുടെ പ്രവർത്തനശേഷി നഷ്ടപ്പെടാനും സാധ്യതയുണ്ട്. ഇതിനെല്ലാം ഉപരിയായി, ഇത്തരം ഭീഷണികളെ നേരിടാനും നമുക്ക് എഐ സാങ്കേതിക വിദ്യയുടെ സഹായം തേടാവുന്നതാണ്.

പുതിയ ഭീഷണികളെ അതിവേഗം തിരിച്ചറിയാനും അവയ്ക്കുള്ള പ്രതിവിധികൾ നിർമ്മിക്കാനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നമ്മെ സഹായിക്കും. അപകടകരമായ എഐ മോഡലുകൾക്ക് നിയന്ത്രണങ്ങൾ കൊണ്ടുവരികയും അതോടൊപ്പം പ്രതിരോധ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് വരുംകാലങ്ങളിൽ ഈ അദൃശ്യ ഭീഷണിയെ നേരിടാൻ ലോകത്തിന് മുന്നിലുള്ള ഏകവഴി.

അവലംബം: Callaway, E. (2026). AI can design viruses, toxins and other bioweapons. How worried should we be?. Nature

# ഫൊക്കാന കൺവൻഷനിൽ ആയിരത്തിലേറെ കലാകാരികളുമായി മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ് ശ്രമം

ന്യൂയോർക്ക്: കേരളത്തിന്റെ ശാസ്ത്രീയ നൃത്തപാരമ്പര്യത്തിന് ആഗോള വേദിയിൽ പുതിയ ചരിത്രം രചിക്കാൻ ഒരുങ്ങുകയാണ് ഫൊക്കാന 2026 ദേശീയ കൺവൻഷൻ. ആയിരത്തിലധികം കലാകാരികൾ ഒരേസമയം മോഹിനിയാട്ടം അവതരിപ്പിക്കുന്ന ഗിന്നസ് വേൾഡ് റെക്കോർഡ് ശ്രമമാണ് കൺവൻഷന്റെ ഏറ്റവും ശ്രദ്ധേയമായ ആകർഷണമായി ഒരുക്കുന്നത്. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 1,100-ലധികം നർത്തകികൾ ഇതിനകം രജിസ്റ്റർ ചെയ്തു കഴിഞ്ഞു. നോർത്ത് അമേരിക്കയിലെ

ശ്രീകുമാർ ഉണ്ണിത്താൻ

മലയാളി സമൂഹത്തിന്റെ ഐക്യവും കലാസ്നേഹവും ലോകത്തിനു മുന്നിൽ തെളിയിക്കുന്ന അപൂർവ മുഹൂർത്തമാകുമിതെന്ന് ഏവരും പ്രതീക്ഷിക്കുന്നു.

അമേരിക്കയിൽ എട്ടു മുതൽ പത്തു ലക്ഷം വരെ മലയാളികൾ താമസിക്കുന്നുവെന്നാണ് വിവിധ പ്രവാസി സംഘടനകളുടെ കണക്ക്. വിദ്യാഭ്യാസം, ആരോഗ്യരംഗം, ഐടി, ഗവേഷണം, ബിസിനസ് തുടങ്ങി വിവിധ മേഖലകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ച ഈ സമൂഹം ഇപ്പോൾ കേരളത്തിന്റെ തനത് കലാപൈതൃകം ലോക റെക്കോർഡിന്റെ വേദിയിലേക്ക് ഉയർത്തിക്കൊണ്ടു പോകാൻ കൈകോർക്കുകയാണ്. പ്രവാസി മലയാളികളുടെ സാംസ്കാരിക അഭിമാനത്തിന്റെയും കൂട്ടായ്മയുടെയും ഉജ്വല പ്രതീകമായി ഈ ഗിന്നസ് ശ്രമം മാറുമെന്ന് ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി പറഞ്ഞു.

മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്ന എല്ലാ കലാകാരികളുടെയും വേഷങ്ങൾ കോട്ടയത്തെ ലക്ഷ്മി സിൽക്സ് സ്പോൺസർ ചെയ്യുമെന്ന സന്തോഷ വാർത്തയും പങ്കുവെക്കുന്നു.

കേരളത്തിന്റെ പാരമ്പര്യവും പെരുമയും ലോകവേദിയിൽ കൂടുതൽ പ്രൗഢിയോടെ അവതരിപ്പിക്കുന്ന ഈ മഹാസംരംഭത്തിൽ ലക്ഷ്മി സിൽക്സിന്റെ സഹകരണം വിലമതിക്കാനാവാത്ത പിന്തുണയാണെന്നും അവർ പറഞ്ഞു.

ഗിന്നസ് റെക്കോർഡ് പരിപാടിയിൽ പങ്കെടുക്കുന്ന കലാകാരികൾക്ക് അവർ പങ്കെടുക്കുന്ന ദിവസത്തെ കൺവൻഷൻ രജിസ്ട്രേഷൻ ഫീസ് പൂർണമായും ഒഴിവാക്കാൻ ഫൊക്കാന തീരുമാനിച്ചിട്ടുണ്ട്. അമേരിക്കയുടെ വിവിധ കോണുകളിൽ നിന്ന് എത്തുന്ന നൃത്തോപാസകരുടെ പങ്കാളിത്തം കൂടുതൽ സുഗമവും സൗകര്യപ്രദവുമാക്കുന്നതിനായാണ് ഈ തീരുമാനം. അതിനാവശ്യമായ എല്ലാ ലോജിസ്റ്റിക് സംവിധാനങ്ങളും വിപുലമായി ഒരുക്കിവരുന്നതായും സംഘാടകർ അറിയിച്ചു.

ഗുരു ബീന മേനോൻ കൊറിയോഗ്രാഫി ചെയ്യുന്ന ഈ പ്രോഗ്രാമിൽ അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്സും ഗുരുക്കന്മാരുമായ നിമ്മി ദാസ്, നിമ്മി ബാബു, ബിന്ധ്യ ശബരി, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, ജെയിൻ തെരേസ, ബാബ അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗമ്യ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, അഞ്ജന പ്രദീപ്, പ്രിയ ലൂയിസ്, ജോജോ കൊട്ടാരക്കര, സുഷമ പ്രവീൺ, മേരിയാൻ മൈക്കിൾ, സുജിത് തോന്നാറിൽ, റൂബീന സുദർശൻ, അപരുമ ചാറ്റർജി തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്സും ഇതിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.

ഇതിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്ന മനോജ് വട്ടപ്പള്ളി, കോ കോ-ഓർഡിനേറ്റർ ഡോ. ഷൈനി രാജു എന്നിവരും എക്സിക്യൂട്ടീവ് കമ്മിറ്റിയും ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനവുമായ പ്രവാസി സംഘടനയായ ഫൊക്കാനയുടെ 2026 ദേശീയ കൺവൻഷൻ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവാസി മലയാളി സംഗമമായി മാറുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ചു.

സാമ്പത്തിക നേട്ടമല്ല, ലോകമെമ്പാടുമുള്ള മലയാളികളുടെ ഹൃദയങ്ങളെ ഒരു ചരടിൽ കോർത്തിണക്കുകയും കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം ലോകസമക്ഷം അഭിമാനത്തോടെ അവതരിപ്പിക്കുകയുമാണ് ഫൊക്കാനയുടെ ലക്ഷ്യമെന്ന് നേതാക്കൾ വ്യക്തമാക്കി.

ചരിത്രത്തിന്റെ താളുകളിൽ ഇടം നേടാൻ ഒരുങ്ങുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിലും ഫൊക്കാന 2026 കൺവൻഷനിലും എല്ലാ മലയാളികളുടെയും ഹൃദയപൂർവ്വമായ സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.




അനുസ്മരണം

# ക്രിസ്തുവിൽ സമ്പന്നയായ സഹോദരി ലൗലി ഷൈൻ

എൽസി ബേബി

പേരുപോലെ തന്നെ ജീവിതം മുഴുവൻ ദൈവസ്നേഹത്തിന്റെ പ്രകാശം പരത്തി ജീവിച്ച് തന്റെ 53-ാം വയസ്സിൽ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട ലൗലി സഹോദരിയുടെ ഓർമ്മകളുടെ കൊട്ടാരം ഒരിക്കലും മാഞ്ഞുപോകാനാവാത്ത ഒന്നായിരുന്നു. തിരുവചനപ്രകാരം ക്രിസ്തുവിൽ ജനിച്ച്, ക്രിസ്തുവിനായി മാത്രം ജീവിച്ച്, ക്രിസ്തുവിൽ മരിച്ചു എന്നു പറയത്തക്കവണ്ണമുള്ള ലൗലി സഹോദരിയുടെ ജീവിതാനുഭവങ്ങൾ പങ്കുവെക്കുവാൻ ലഭിച്ച ഈ നല്ല അവസരത്തിനായി സ്തോത്രം ചെയ്യുന്നു. ഇത്ര ചെറുപ്രായത്തിൽ എന്തുകൊണ്ട് കർത്താവ് അവളെ തന്റെ സന്നിധിയിലേക്ക് ചേർത്തു എന്നു നാം ചോദിച്ചുപോകാവുന്ന സാഹചര്യത്തിൽ അവളുടെ പ്രിയ ഭർത്താവ് ഷൈൻ സഹോദരൻ നല്കിയ മറുപടി അത്ഭുതകരമായിരുന്നു. "തന്നിലൻപുള്ള തൻമക്കൾക്കു വരുവതെല്ലാം നന്മയായവർ കരുതുന്നു.. ഒന്നിലുമവർ മനം തളർന്നവശരായിടാതെ അവനെ നോക്കിയവർ എന്നുമാനന്ദിച്ചിടുന്നു..." അതുകൊണ്ട് അങ്ങനെയുള്ള നമ്മുടെയൊക്കെ ബാലിശമായ ചോദ്യങ്ങൾക്കു യാതൊരു പ്രസക്തിയുമില്ല. പരിശുദ്ധനും പരമാധികാരിയുമായ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിന് ഒരിക്കലും തെറ്റുപറ്റുന്നില്ല. കാലങ്ങളും സമയങ്ങളുമെല്ലാം നമുക്കു മാത്രമുള്ളതാകുന്നു. കർത്താവ് നമുക്കു നല്കുന്ന ആയുസ്സ് കേവലം ക്ഷണികമാണെന്നും അതു കർത്തൃനാമ മഹത്വത്തിനായി മാത്രം ജീവിച്ച്, കത്തിയെരിഞ്ഞണയുന്ന ഒരു കൈത്തിരി പോലെ മറ്റുള്ളവർക്ക് ദൈവികപ്രകാശം നല്കി, അന്ധകാരത്തിലിരിക്കുന്നവർക്ക് അത്ഭുതപ്രകാശം നല്കി ജീവിക്കുക എന്നതായിരിക്കട്ടെ നമ്മുടെ ജീവിതമാതൃക എന്നത് തന്റെ ജീവിതത്തിൽ മാതൃക കാണിച്ചു ജീവിച്ചു കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ട സഹോദരി ലൗലി നമുക്കൊരു വെല്ലുവിളിയായി ശേഷിക്കുന്നു. ഈ സന്ദർഭത്തിൽ തന്റെ ഭർത്താവ് ഷൈൻ നല്കുന്ന സാക്ഷ്യവും അതുതന്നെയാകുന്നു. ദൈവം തന്റെ ഹിതപ്രകാരം അവരെ കൂട്ടിച്ചേർത്ത നാൾ മുതൽ അവർ ഇരുവരും ഒരു മനസ്സോടെ കർത്തൃപാദങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിച്ച് ആരംഭിച്ച ഫെയ്ത്ത് മിനിസ്ട്രി അതിനുള്ള ഉദാഹരണമാകുന്നു. കർത്തൃസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കാതെ ഒരു കാര്യവും ലൗലി സഹോദരി ചെയ്യാറില്ല. അവൾ ഉത്തമയായ ഒരു പ്രാർത്ഥനാവിരയായിരുന്നു. "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നത് ലാഭവും" എന്നത് അവളുടെ ജീവിതോദ്ദേശം മാത്രമായിരുന്നു. വിശ്വസ്തതയും തക്ക തുണയുമായ ഒരു ഭാര്യ, സ്നേഹനിധിയും വാത്സല്യനിധിയുമായ ഭാര്യ. എല്ലാവരെയും ഒരുപോലെ കരുതി സ്നേഹിക്കുന്ന ഒരു ഉത്തമ സഹോദരി. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പര്യായമായ നേഴ്സിങ് ജീവിതത്തിലും അവളുടെ ത്യാഗോജ്വലമായ ജീവിതത്തെക്കുറിച്ച് പ്രഘോഷിക്കുവാൻ അവളോടു കൂടെ പ്രവർത്തിച്ചിരുന്ന നേഴ്സുമാരുടെ ഒരു സംഘം യൂണിഫോമിൽ


ലേഖിക

അവളുടെ ശവസംസ്കാര വേളയിൽ കത്തിപ്രകാശിക്കുന്ന കൈത്തിരിയുമായി വന്ന് അവളെക്കുറിച്ചു പറഞ്ഞ സാക്ഷ്യവും പ്രാർത്ഥനയും അത്ഭുതകരമായ ഒരു പ്രഖ്യാപനം തന്നെയായിരുന്നു.

കർത്താവ് തനിക്കു ദാനമായി നല്കിയ മക്കളെ ക്രിസ്തുവിൽ സമ്പന്നരായി വളർത്തുവാൻ ലൗലി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഭർത്താവിനു തക്ക തുണയായി വിശ്വസ്തയായി, മാതൃകയായി ജീവിച്ചു കാണിച്ച ഉത്തമയായ ഭാര്യ. അവരുടെ കുടുംബജീവിതത്തിന്റെ ഭദ്രതയും മാതൃകയും അവർ ഒന്നിച്ചുള്ള പ്രാർത്ഥനയുടെയും അന്യോന്യമുള്ള സ്നേഹത്തിന്റെയും താഴ്മയുടെയും തിരുവചനം പ്രമാണിച്ചുള്ള ജീവിതത്തിന്റെയും അടിസ്ഥാനമായിരുന്നു. സഭാജീവിതത്തിൽ സഹോദരിമാരുടെ പ്രാർത്ഥനയിലും സഭായോഗങ്ങളിലും സൺഡേസ്കൂൾ അദ്ധ്യാപിക എന്ന നിലയിലും അവൾ തന്റെ പങ്കുകൾ വിശ്വസ്തതയോടെ വിജയകരമായി ജീവിച്ചുകാണിച്ചു എന്നതും പ്രശംസനീയംതന്നെ. മറ്റുള്ളവരെക്കുറിച്ചു നല്ല വാക്കുകളല്ലാതെ കുറ്റങ്ങളോ കുറവുകളോ ദോഷമോ ഏഷണിയോ ദുർഭാഷണമോ ഒന്നും ലൗലി സംസാരിക്കാറില്ല. പരസ്യമായും പരോക്ഷമായും അവർക്ക് പറയാനുള്ളത് "നാം ഭൂമിയിൽ എത്ര അദ്ധ്വാനിച്ചും കഷ്ടപ്പെട്ടും ഭൗതിക ലൗകിക നന്മകളും ധന സുഖസമ്പത്തുകൾ വർദ്ധിപ്പിച്ചു ശേഖരിച്ചു കൂട്ടിയാലും ക്രിസ്തുവിൽ സമ്പന്നരാകാതെ സത്പ്രവൃത്തികളിൽ സമ്പന്നരാകാതെ, ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കാതെ ജീവിച്ചാൽ വെറുംകയ്യോടെ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കുമ്പോൾ ലജ്ജിതരായി നില്ക്കേണ്ടിവരും എന്നു മാത്രമായിരുന്നു അവളുടെ ജീവിതാഭിലാഷം. തന്നാലാവോളം ക്രിസ്തുവിൽ സമ്പന്നയാകുക, സൽപ്രവൃത്തികളിൽ സമ്പന്നയാകുക, നന്മ ചെയ്യുന്നതിൽ ആവോളം മടുത്തുപോകാതെ ഉത്സുകരായിരിക്കുക എന്നതു മാത്രമായിരുന്നു." അവളുടെ മക്കൾക്കും ഭർത്താവിനും സഹോദരങ്ങൾക്കും ബന്ധുമിത്രാദികൾക്കും അവളെക്കുറിച്ചു പ്രശംസിക്കുവാനുള്ള സാക്ഷ്യവും അതുതന്നെ ആയിരുന്നു. അവളുടെ ഭർത്താവ് ഷൈൻ തന്റെ കുടുംബജീവിതത്തിൽ ഇത്ര വലിയ സാക്ഷ്യം നല്കി മാതൃകയായി ജീവിച്ചു കാണിച്ച 'എന്റെ ലൗലി' എന്ന ഹൃദയസ്പർശിയായ സാക്ഷ്യം കേൾവിക്കാരുടെ ഹൃദയങ്ങൾ ചലിപ്പിക്കുന്നതും കണ്ണുകൾ നിറഞ്ഞുകവിയാനിടയാക്കിയതും വിസ്മരിക്കാനാവില്ല. മാരകരോഗം തന്നെ കീഴ്പ്പെടുത്തി, കർത്തൃസന്നിധിയിലേക്കു പറന്നുയർന്നുപോയ ലൗലിയെ വീണ്ടും കാണാം എന്ന പ്രത്യാശയിൽ കാത്തിരിക്കുന്നതോടൊപ്പം അവൾ കാണിച്ചുതന്ന മാതൃക അനുകരിപ്പാൻ നമുക്ക് ഉത്സാഹിക്കാം. അവളുടെ ആകസ്മിക വേർപാട് കുടുംബാംഗങ്ങൾക്കും അവളോട് ബന്ധപ്പെട്ട എല്ലാവർക്കും ഒരു തീരാനഷ്ടമാണെങ്കിലും ദൈവഹിതം അതായിരുന്നു എന്നോർത്ത് ആശ്വസിക്കാം.

സർവ്വാശ്വാസങ്ങളുടെയും പിതാവായ ദൈവം ദുഃഖാർത്തരായ പ്രിയ ഷൈനെയും മക്കളേയും കുടുംബാംഗങ്ങളേയും സ്വർഗ്ഗീയ സമാധാനം കൊണ്ട് നിറച്ച് ആശ്വസിപ്പിക്കട്ടെ എന്ന ആശംസയോടും പ്രാർത്ഥനയോടും കൂടെ തല്ക്കാലം വിട!

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

B&M
AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# മലയാളി പെന്തെക്കോസ്ത് കോൺഫറൻസ്: ദേശീയ നേതൃനിരയെ തെരഞ്ഞെടുത്തു

ഫിന്നി രാജു, ഹൂസ്റ്റൺ



പാസ്റ്റർ തേജസ് തോമസ്



പാസ്റ്റർ ബിനോയി ഫിലിപ്പ് കരുമാങ്കൽ



നിബു വെള്ളവന്താനം



ഡോ. ഗ്രേസ് ഗീവർഗീസ്



പാസ്റ്റർ ഡെവിൻ ഡാനിയേൽ



സാം തോമസ്



പാസ്റ്റർ മാത്യു സി. സാമുവേൽ



ഷെറി കെ. ജോർജ്



ഫിന്നി രാജു

ഒക്‌ലഹോമ: ഒക്‌ലഹോമയിൽ നടക്കുന്ന 41-ാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ് (പി.സി.എൻ.എ.കെ.) മഹാസമ്മേളനത്തിനായുള്ള ദേശീയ നേതൃത്വത്തെ തെരഞ്ഞെടുത്തു. 1983-ൽ ഒക്‌ലഹോമയിൽ ആരംഭിച്ച പി.സി.എൻ.എ.കെ. വീണ്ടും അതേ നഗരത്തിലേക്ക് മടങ്ങിയെത്തുമ്പോൾ ആത്മീയമായും സംഘടനാപരമായും ശ്രദ്ധേയമായ ഒരു മഹാസമ്മേളനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് ദേശീയ സംഘാടകസമിതി നിലവിൽ വന്നത്. 2028 ജൂൺ 29 മുതൽ ജൂലൈ 2 വരെയാണ് നാഷണൽ കോൺഫറൻസ് നടത്തപ്പെടുന്നത്.

പാസ്റ്റർ തേജസ് തോമസ് ദേശീയ കൺവീനറായി സമ്മേളനത്തിന്റെ സമഗ്ര പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും. കൊല്ലം ജില്ലയിലെ കൊട്ടാരക്കര പൂയപ്പള്ളി സ്വദേശിയായ അദ്ദേഹം ഷാരോൺ ഫെലോഷിപ്പ് ചർച്ച് ഓഫ് നോർത്ത് അമേരിക്കയുടെ ഓർഡെയിൻഡ് ശുശ്രൂഷകനും ഒക്‌ലഹോമയിലെ ഷാരോൺ ചർച്ചിന്റെ സജീവ അംഗവുമാണ്. ഷാരോൺ ഫെലോഷിപ്പ് ചർച്ച് ഓഫ് നോർത്ത് അമേരിക്കയുടെ എക്സിക്യൂട്ടീവ് ബോർഡ് അംഗമായ അദ്ദേഹം 2012-ലെ ഷാരോൺ നാഷണൽ കോൺഫറൻസിന്റെ ദേശീയ കൺവീനറായും 2023-ലെ നാഷണൽ കോൺഫറൻസിന്റെ ദേശീയ കൺവീനറായും 2023-ലെ നാഷണൽ കോൺഫറൻസിന്റെ ദേശീയ സെക്രട്ടറിയായും 2027-ലെ ഷാരോൺ നാഷണൽ കോൺഫറൻസിന്റെ ദേശീയ സെക്രട്ടറിയായും പ്രവർത്തിച്ചുവരുന്നു. സഭാ-സംഘടനാ രംഗങ്ങളിൽ ദീർഘകാല സേവനത്തിനൊപ്പം മാധ്യമ ശുശ്രൂഷകളിലും സജീവമായി പ്രവർത്തിച്ചുവരുന്നു. ഭാര്യ പ്രീതി തോമസ്. മക്കൾ: ഡോൺ, ഫെയ്ത്ത്, ഐറീൻ.

ബിനോയി ഫിലിപ്പ് കരുമാങ്കൽ ദേശീയ സെക്രട്ടറിയാണ്. കോട്ടയം സ്വദേശിയായ അദ്ദേഹം കോട്ടയം ടൗൺ ചർച്ച് ഓഫ് ഗോഡ് സഭാംഗമായിരുന്നു. ചർച്ച് ഓഫ് ഗോഡിന്റെ യുവജന വിഭാഗമായ വൈ.പി.ഇയുടെ കേരള സ്റ്റേറ്റ് ബോർഡ് അംഗം ഉൾപ്പെടെ വിവിധ നേതൃചുമതലകൾ വഹിച്ചിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് ബിലിവേഴ്സ് ബോർഡ് കേരള സ്റ്റേറ്റ് വൈസ് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച കരുമാങ്കൽ ഫീലിപ്പോസിന്റെ (അച്ചൻകുഞ്ഞ്) മകനാണ്. നിലവിൽ ഡാളസ് സയോൻ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സജീവ അംഗമാണ്. 2019-ൽ ഹൂസ്റ്റണിൽ നടന്ന അസംബ്ലീസ് ഓഫ് ഗോഡ് ഇൻ ഇന്ത്യ ഫെല്ലോഷിപ് ഓഫ് നോർത്ത് അമേരിക്കയുടെ ദേശീയ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. വിവിധ പ്രാദേശിയ, റീജിയൻ, ദേശീയ സമ്മേളനങ്ങളിൽ നേതൃത്വ ചുമതലകൾ വഹിച്ചിട്ടുള്ള ബിനോയ് മികച്ച സംഘാടകനും അനുഗൃഹീയ പ്രഭാഷകനുമാണ്.

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി ഔദ്യോഗിക മേഖലയിലെ ഉന്നത പദവികളിൽ സേവനമനുഷ്ഠിച്ചുവരുന്ന അദ്ദേഹം നിലവിൽ അമേരിക്കയിലെ പ്രമുഖ സെമികണ്ടക്ടർ കമ്പനിയിൽ എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിക്കുന്നു. ഭാര്യ ബിനു പൊയ്കയിൽ ഫിലിപ്പ്. മക്കൾ: തിമോത്തി, ജോർദൻ.

നിബു വെള്ളവന്താനം ദേശീയ ട്രഷററാണ്. മാധ്യമരംഗത്തും സഭാ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായ അദ്ദേഹം ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ സ്ഥാപക ജനറൽ സെക്രട്ടറി, കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ജനറൽ സെക്രട്ടറി, ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ ജോയിന്റ് സെക്രട്ടറി, ഗ്ലോബൽ മീഡിയ യുഎസ്എ സെക്രട്ടറി, പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി, ഗോസ്പൽ വോയ്സ് യുഎസ്എ ചീഫ് എഡിറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഒർലാന്റോ ഐപിസി സഭയുടെ സജീവ അംഗവും കല്ലിശ്ശേരി സ്വദേശിയും ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് മുൻ മീഡിയ സെക്രട്ടറി സണ്ണി മഴുക്കീറിന്റെ മകനുമാണ്. ഭാര്യ ഡോ. സിജി മാത്യു. മകൻ ബെഞ്ചമിൻ മാത്യു.

പാസ്റ്റർ ഡെവിൻ ഡാനിയേൽ ഇംഗ്ലീഷ് കോ-ഓർഡിനേറ്ററാണ്. ഫിലാഡൽഫിയ ഫുൾ ഗോസ്പൽ അസംബ്ലിയിലെ യൂത്ത് പാസ്റ്ററായ അദ്ദേഹം ഫെഡറൽ ഗവൺമെന്റിൽ അഭിഭാഷകനായും സേവനമനുഷ്ഠിക്കുന്നു. എംഡിവിയും പാസ്റ്ററൽ കൗൺസിലിംഗിൽ ഡി മിൻ ബിരുദവും നേടിയ അദ്ദേഹം യുവജനങ്ങളെയും ഇംഗ്ലീഷ് ശുശ്രൂഷകളെയും ഏകോപിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ന്യൂയോർക്കിലെ സേലം അസംബ്ലി ഓഫ് ഗോഡ് സഭയിലെ സൺഡേ സ്കൂൾ അദ്ധ്യാപികയും മിഷൻസ് കോ-ഓർഡിനേറ്ററുമായ ഡോ. ഗ്രേസ് ഗീവർഗീസാണ് നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ. ഡോക്ടറേറ്റ് ഇൻ നേഴ്സിങ് പ്രാക്ടീസ് നേടിയ കാർഡിയോളജി നേഴ്സ് പ്രാക്ടീഷണറായ അവർ തിയോളജിയിൽ മാസ്റ്റേഴ്സ് ബിരുദവും നേടിയിട്ടുണ്ട്.

സാം തോമസ് ജനറൽ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. ന്യൂയോർക്കിലെ ഇന്ത്യ ക്രിസ്ത്യൻ അസംബ്ലി സഭയിലെ ദീർഘകാല അംഗമായ അദ്ദേഹം പി.സി.എൻ.എ.കെ. നാഷണൽ ട്രഷറർ, ഐപിസി ഫാമിലി കോൺഫറൻസ് സെക്രട്ടറി, പി.വൈ.എഫ്.എ. സെക്രട്ടറി, ഐപിസി ഈസ്റ്റേൺ റീജിയൻ ട്രഷറർ, ഐപിസി ജനറൽ കൗൺസിൽ അംഗം തുടങ്ങിയ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്. ന്യൂയോർക്ക് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് ഓഫ് ടാക്സേഷൻ ആൻഡ് ഫിനാൻസിൽ ഓഡിറ്റ് സൂപ്പർവൈസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പാസ്റ്റർ മാത്യു സി. സാമുവേൽ പ്രയർ കോ-ഓർഡിനേറ്ററാണ്. ടെക്സസിലെ ബെഥേൽ റിവൈവൽ ചർച്ചിന്റെ സീനിയർ പാസ്റ്ററായ അദ്ദേഹം മിഷൻ പ്രവർത്തനങ്ങളിലും പ്രാർത്ഥനാ ശുശ്രൂഷകളിലും ദീർഘകാല അനുഭവസമ്പത്തുള്ള വ്യക്തിയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിട്ടുള്ള അദ്ദേഹം 69 രാജ്യങ്ങളിൽ സുവിശേഷ സന്ദേശം പ്രസംഗിക്കുകയും നിരവധി ആത്മീയ സമ്മേളനങ്ങൾക്കും പ്രാർത്ഥനാ കൂട്ടായ്മകൾക്കും നേതൃത്വം നല്കുകയും ചെയ്തിട്ടുണ്ട്.

ഷെറി കെ. ജോർജ് പബ്ലിക് റിലേഷൻസ് കോ-ഓർഡിനേറ്ററാണ്. എസ്.എഫ്.സി.എൻ.എ. നാഷണൽ മീഡിയ ഡയറക്ടറായും 2027 എസ്.എഫ്.സി.എൻ.എ. ഫാമിലി കോൺഫറൻസിന്റെ ലോക്കൽ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്ന അദ്ദേഹം സാമൂഹിക സേവനരംഗത്തും പൊതുബന്ധ പ്രവർത്തനങ്ങളിലും ശ്രദ്ധേയനാണ്.

ഫിന്നി രാജു ഹൂസ്റ്റൺ നാഷണൽ മീഡിയ കോ-ഓർഡിനേറ്ററായി സമ്മേളനത്തിന്റെ ഔദ്യോഗിക വാർത്താ-മാധ്യമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും. മാധ്യമ-സംഘടനാ രംഗത്ത് ദീർഘകാല അനുഭവസമ്പത്തുള്ള അദ്ദേഹം ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ടും ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ നോർത്ത് അമേരിക്ക സെക്രട്ടറിയുമാണ്. ഹൂസ്റ്റണിലെ ഐപിസി ഹെബ്രോൺ സഭയുടെ സജീവ അംഗമായ അദ്ദേഹം പി.സി.എൻ.എ.കെ., ഐപിസി ഫാമിലി കോൺഫറൻസ് ഉൾപ്പെടെ നിരവധി ദേശീയ-അന്തർദ്ദേശീയ ആത്മീയ സമ്മേളനങ്ങളിൽ മീഡിയ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. പ്രസ് റിലീസുകൾ, ഡിജിറ്റൽ മീഡിയ, ലൈവ് സ്ട്രീമിംഗ്, സോഷ്യൽ മീഡിയ പ്രചാരണം എന്നിവയിൽ വിശാലമായ അനുഭവസമ്പത്തുള്ള അദ്ദേഹം സമ്മേളനത്തിന്റെ മാധ്യമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും.

സമ്മേളനത്തിന്റെ ആത്മീയ, ഭരണ, മീഡിയ, പൊതുബന്ധം, വനിതാ, ഇംഗ്ലീഷ്, പ്രാർത്ഥനാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ഈ സംഘമാണ് ഒരുക്കങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

ദേശീയ നേതൃത്വത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ 2028-ലെ ഒക്‌ലഹോമ പി.സി.എൻ.എ.കെ. മഹാസമ്മേളനം ആത്മീയമായും സംഘടനാപരമായും മാതൃകാപരമായ ഒരു സമ്മേളനമാക്കി മാറ്റുന്നതിനുള്ള ഒരുക്കങ്ങളാണ് പുരോഗമിക്കുന്നതെന്ന് ദേശീയ സംഘാടക സമിതി അറിയിച്ചു.

## പരീക്ഷകൾ വിദ്യാർത്ഥി കേന്ദ്രിതമാകണമെന്ന് രാഹുൽ

ദെഹ്റാദൂൺ: ചോദ്യക്കടലാസ് ചോർച്ച ഇന്ത്യയിൽ നിത്യ പ്രതിഭാസമാകുമ്പോഴും ഒരാൾപോലും ഇക്കാര്യത്തിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്ന് പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. ചോദ്യക്കടലാസ് ചോർച്ച ഇന്ത്യയിൽ ഏഴരക്കോടി വിദ്യാർത്ഥികളെയാണു ബാധിച്ചത്. ഇതേത്തുടർന്ന് 22 വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തിട്ടും പ്രധാനമന്ത്രി പ്രതികരിച്ചിട്ടില്ലെന്ന് ഉത്തരാഖണ്ഡിലെ ദെഹ്റാദൂണിൽ 'ഛാത്രോം കീ ഗൂഞ്ജ്' (വിദ്യാർത്ഥികളുടെ ശബ്ദം) പരിപാടിയിൽ പ്രസംഗിക്കവേ അദ്ദേഹം പറഞ്ഞു.

ഇത്തവണത്തെ നീറ്റിന് 40 ലക്ഷം രൂപ, 2021-ലെ ഐ.ഐ.ടി. ജെ.ഇ.ഇയ്ക്ക് 15 ലക്ഷം, ഉത്തരാഖണ്ഡ് പട്‌വാരിക്ക് 15 ലക്ഷം, 2024 ബിഹാർ അദ്ധ്യാപക പരീക്ഷയ്ക്ക് 10 ലക്ഷം രൂപ, 2025 ഒഡീഷ എസ്.ഐ പരീക്ഷയ്ക്ക് 25 ലക്ഷം രൂപ എന്നിങ്ങനെ ചോദ്യപേപ്പറുകൾക്ക് വാങ്ങി - രാഹുൽ ടേബിൾ പ്രദർശിപ്പിച്ചുകൊണ്ട് ആരോപിച്ചു.

പരീക്ഷകൾ വിദ്യാർത്ഥികേന്ദ്രിതമാകണം. വൈസ് ചാൻസലർമാരും എൻ.ടി.എ. അധികൃതരും രാഷ്ട്രീയതാത്പര്യത്തിനനുസരിച്ച് നീങ്ങുന്നവരാകരുത് - രാഹുൽ പറഞ്ഞു.

ദെഹ്റാദൂണിലെ റേസ് കോഴ്സിലുള്ള സനാതൻ ധർമ ഇന്റർകോളജ് മൈതാനിയിൽ നടന്ന സംവാദപരിപാടിയിൽ വൻ ജനപങ്കാളിത്തമായിരുന്നു. കനത്തമഴയെ അവഗണിച്ച് ആയിരങ്ങൾ സംവാദത്തിനെത്തി. ദെഹ്റാദൂൺ പരേഡ് മൈതാനിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന പരിപാടി അധികൃതർ അനുമതി നിഷേധിച്ചതിനെത്തുടർന്ന് സ്കൂൾ മൈതാനിയിലേക്കു മാറ്റുകയായിരുന്നു.



നീറ്റ് ചോദ്യക്കടലാസ് ചോർച്ചയെത്തുടർന്ന് ജീവനൊടുക്കിയ റിയാകുമാരി ഥാപയുടെ പിതാവ് രാകേഷ് മാലിനെ ആശ്വസിപ്പിക്കുന്ന രാഹുൽഗാന്ധി.

# മേജർ ആർച്ച്ബിഷപ് മാർ തട്ടിലിന് ഹൂസ്റ്റൺ ക്നാനായ ദൈവാലയത്തിൽ പ്രൗഢഗംഭീര സ്വീകരണം

ബിബി തെക്കനാട്ട്





ഹൂസ്റ്റൺ: സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റശേഷം ആദ്യമായി ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയം സന്ദർശിച്ച മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന് ഇടവകസമൂഹം പ്രൗഢഗംഭീര സ്വീകരണം നൽകി. തൃശൂർ അതിരൂപതാ മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത്, ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ചെണ്ടമേളത്തിന്റെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ ദൈവാലയത്തിലേക്ക് ആനയിച്ച വിശിഷ്ടാതിഥികളെ വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, ട്രസ്റ്റി ജെയിംസ് വടക്കേക്കര എന്നിവർ പൂച്ചെണ്ടുകൾ നൽകി സ്വീകരിച്ചു. ദൈവാലയത്തിൽ പ്രവേശിച്ച പിതാക്കന്മാർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന വിശുദ്ധ കുർബാനയുടെ പ്രവേശന പ്രദക്ഷിണത്തിൽ പാരീഷ് കൗൺസിൽ അംഗങ്ങൾ, മതബോധന അദ്ധ്യാപകർ, അൾത്താര ശുശ്രൂഷകർ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിന്റെ ആമുഖപ്രസംഗത്തിൽ ബിഷപ് മാർ ജോയ് ആലപ്പാട്ട്, ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയിൽ 25 വർഷത്തിലേറെയായി മാതൃകാപരമായ സേവനം അനുഷ്ഠിക്കുന്ന ഫാ. അബ്രാഹം മുത്തോലത്തിനെ അഭിനന്ദിച്ചു. രൂപതയുടെ പ്രഥമ വികാരി ജനറാളായി 12 വർഷം അദ്ദേഹം നിർവ



ഹിച്ച സ്തുത്യർഹമായ ശുശ്രൂഷകളെയും ബിഷപ് അനുസ്മരിച്ചു. കൂടാതെ, അമേരിക്കയിലെ ഷെക്കീന ഗ്ലോബൽ ന്യൂസിന്റെ ചാപ്ലെയിനായും ഫാ. മുത്തോലത്തിനെ നിയമിച്ചിട്ടുണ്ടെന്ന് അദ്ദേഹം ഔദ്യോഗികമായി അറിയിച്ചു.

സ്വാഗതപ്രസംഗത്തിൽ ഫാ. അബ്രാഹം മുത്തോലത്ത്, ഹൂസ്റ്റണിൽ ഷെക്കീന ഗ്ലോബൽ ന്യൂസിനായി 12 ഏക്കർ സ്ഥലം സ്വന്തമാക്കുകയും അവിടെ ആരാധനാ ചാപ്പൽ, ടെലിവിഷൻ റെക്കോർഡിങ് സ്റ്റുഡിയോ, ഓഫീസ് സൗകര്യങ്ങൾ, താമസസൗകര്യം എന്നിവ ഒരുക്കുകയും ചെയ്ത ബ്രദർ സന്തോഷ് കരുമത്രയെ പ്രത്യേകം അഭിനന്ദിച്ചു. 2026 ജൂലൈ 13-ന് ഈ ആധുനിക സൗകര്യങ്ങളുടെ ആശീർവാദം നിർവഹിക്കാൻ സാധിച്ചതിലുള്ള സന്തോഷവും അദ്ദേഹം പങ്കുവെച്ചു.

തുടർന്ന് നടന്ന വിശുദ്ധ കുർബാനയ്ക്ക് മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ചു. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ് മാർ ജോയ് ആലപ്പാട്ട്, ഫാ. ഫ്രാൻസിസ് ഇലവുത്തുങ്കൽ, ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. റോയി മൂലേച്ചാലിൽ, ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമികരായിരുന്നു.

ഐക്യം കാത്തുസൂക്ഷിക്കുന്നതിലും പുരാതനമായ ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും സംരക്ഷിക്കുന്നതിലും ക്നാനായ സമൂഹം നൽകുന്ന വിലയേറിയ സംഭാവനകളെ മേജർ ആർച്ച്ബിഷപ് തന്റെ വചനസന്ദേശത്തിൽ പ്രശംസിച്ചു. ക്നാനായ സമുദായത്തിന്റെ ന്യായമായ സ്വപ്നങ്ങളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുന്നതിന് തന്റെ പൂർണ്ണ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം ഉറപ്പുനൽകി.

വിശുദ്ധ കുർബാനയ്ക്കുശേഷം സംസാരിച്ച ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ഷെക്കീന ന്യൂസ് ചാനലിന്റെ ദൈവപരിപാലനയിലുള്ള വളർച്ചയെ അഭിനന്ദിച്ചു. കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട സത്യസന്ധവും വസ്തുനിഷ്ഠവുമായ വാർത്തകൾ പ്രചരിപ്പിക്കുന്നതിൽ ഈ മാധ്യമം ആധുനിക ലോകത്ത് നിർവഹിക്കുന്ന ദൗത്യം ഏറെ പ്രസക്തമാണെന്ന് അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർക്കായി ഒരു പ്രത്യേക ഇംഗ്ലീഷ് ചാനൽ കൂടി ആരംഭിച്ച ബ്രദർ സന്തോഷ് കരുമത്രയുടെ ദീർഘവീക്ഷണത്തെ അദ്ദേഹം പ്രത്യേകം ശ്ലാഘിച്ചു.

കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെയായി ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയോടു ചേർന്നുനിന്ന് ക്നാനായ കത്തോലിക്കാ സമൂഹത്തിനുവേണ്ടി ഫാ. അബ്രാഹം മുത്തോലത്ത് നിർവഹിച്ച സ്തുത്യർഹ സേവനങ്ങളെ മാനിച്ച്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിലും ഇടവക ട്രസ്റ്റിമാരും ചേർന്ന് അദ്ദേഹത്തിന് ആദരസൂചകമായി മേജർ ആർച്ച്ബിഷപ്പിലൂടെ ഫലകം സമർപ്പിച്ചു.

ഷെക്കീന ന്യൂസ് ചാനലിലൂടെയും അമേരിക്കയിൽ ഹൂസ്റ്റൺ ആസ്ഥാനമായി ആരംഭിച്ച ഷെക്കീന ഗ്ലോബൽ ന്യൂസിലൂടെയും സഭയ്ക്ക് നൽകുന്ന മഹത്തായ മാധ്യമശുശ്രൂഷകളെ മുൻനിർത്തി ബ്രദർ സന്തോഷ് കരുമത്രയെ മേജർ ആർച്ച്ബിഷപ്പും മറ്റു പിതാക്കന്മാരും ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു.

ചടങ്ങിൽ പങ്കെടുത്ത പിതാക്കന്മാർക്കും വൈദികർക്കും ആത്മീയമായി ഒപ്പം നിന്ന വിശ്വാസികൾക്കും ഫാ. അബ്രാഹം മുത്തോലത്ത് നന്ദി രേഖപ്പെടുത്തി. ഹൂസ്റ്റണിൽ സ്വന്തമായ സ്ഥലവും ഓഫീസും സ്റ്റുഡിയോയും ആരാധനാ ചാപ്പലുമായി ഷെക്കീന ഗ്ലോബൽ ന്യൂസ് പ്രവർത്തനം ആരംഭിച്ചതിന് ദൈവത്തിന് നന്ദിയർപ്പിക്കുന്ന വലിയൊരു പ്രാർത്ഥനാമുഹൂർത്തം കൂടിയായി ഈ ശുശ്രൂഷകൾ മാറി.



# പുസ്തക ആസ്വാദനം, പരിചയം, നിരൂപണം


**ജോൺ ഇളമത**

ആദ്യമായിത്തന്നെ പറയട്ടെ, ഇവിടെയിരുന്ന് എഴുതുന്നവർ ആരുംതന്നെ പ്രവാസികളല്ല, മറിച്ച് കുടിയേറ്റക്കാരാണ്. അതുകൊണ്ട് ആദ്യംതന്നെ ഇവിടുത്തെ മലയാളി എഴുത്തുകാരുടെ ശീർഷകം തന്നെ 'കുടിയേറ്റ സാഹിത്യം' എന്ന് എഴുതുന്നതായിരിക്കും അഭിലഷണീയം!

ഇവിടെ നിരൂപണം എഴുതിക്കൊണ്ടിരുന്ന ആദ്യത്തെ ആൾ എന്റെ അറിവിൽ സുധീർ പണിക്കവീട്ടിൽ ആയിരുന്നു. നിരൂപണം എന്നുതന്നെ എഴുതിയിരുന്നു. അദ്ദേഹം ഇവിടെ പലരുടെയും പുസ്തകങ്ങൾക്ക് നിരൂപണങ്ങൾ എഴുതി. പിന്നീട് ഇപ്പോൾ വന്നവർ വ്യക്തമായി പറയുന്നില്ല, അവർ എഴുതുന്നത് നിരൂപണം ആണോ, ആസ്വാദനം ആണോ, പരിചയമാണോ എന്ന്. അല്ല മാറിമാറി പേരിടുന്നതുകൊണ്ട് കാര്യങ്ങളില്ല. പരിചയം എന്നത് ലളിതമായ വാക്കാണ്. അതിൽ ഒരുപടി കൂടി മുന്നിട്ടു നിൽക്കുന്നതു തന്നെ ആസ്വാദനം. രണ്ടിനും പുറം ചൊറിയൽ എന്നു പറയേണ്ടതില്ല. ഇവ രണ്ടും ഒരു എഴുത്തുകാരനെ ആവേശപ്പെടുത്തുന്നതോ ഊർജ്ജസ്വലത കൊടുക്കുന്നതോ ആണെന്ന് കരുതിയാൽ അതായിരിക്കും വളരെ കരണീയമായ കാര്യം.

പിന്നെയും ഒരു കാര്യം പറയട്ടെ. നിരൂപണ സാഹിത്യം എന്നത് വളരെ ശ്രേഷ്ഠമായ കാര്യമാണ്. കൃഷ്ണൻ നായർ മുതൽ തുടങ്ങിവെച്ച പ്രസ്ഥാനമാണ്. അവർ ധാരാളം വായിച്ചവരാണ്, അറിവുള്ളവരാണ്. എങ്കിലും അവർക്കും ചില വീഴ്ചകളൊക്കെ ഇടയ്ക്കിടെ ഉണ്ടായിട്ടുണ്ടെന്ന് ശ്രദ്ധേയമത്രേ. അത് മനപ്പൂർവമോ അല്ലാതെയോ ആയിരിക്കാം. ഞാൻ ഈ പറഞ്ഞുവരുന്നത് ഇവിടെ നടത്തുന്ന വിമർശനവും ഖണ്ഡനവും മനനവും ഇവിടുത്തെ എഴുത്തുകാരെ ഊർജ്ജസ്വലത കൊടുക്കുന്ന ഒന്നായിരിക്കണം എന്നുമാത്രം.

ഇവിടെ നിരൂപണസാഹിത്യം എഴുതുന്നതിൽ തെറ്റില്ല. പക്ഷേ, അത് നിരൂപണസാഹിത്യം തന്നെയാണെന്ന് തെളിയിക്കുന്നത് അത് എഴുതുന്ന എഴുത്തുകാരന്റെ, നിരൂപണസാഹിത്യകാരന്റെ ചുമതല തന്നെ! അത് കാര്യകാരണ സഹിതം ഉദാഹരണങ്ങളോടെ വ്യക്തമാക്കുകയും ചെയ്യണം. അല്ലെങ്കിൽ അതിന് പ്രസക്തിയില്ല. ഇതിനിടെ ഒരു കാര്യംകൂടി പറഞ്ഞുവെക്കട്ടെ. നിലവിൽ ആരെങ്കിലും പുസ്തകം അടിച്ചത് വില്പനയിൽ ഉണ്ടെങ്കിൽ, ആ പുസ്തകത്തിന്റെ എഴുത്തുകാരന്റെ അറിവില്ലാതെ നിരൂപണം എന്നു പറഞ്ഞ് അതിനെ അടിച്ചു താഴ്ത്തുന്ന



ലേഖകൻ

തും മഹാ തെറ്റുതന്നെ. അത് അയാളുടെ എഴുത്തിനെ വളരെ ബാധിക്കും. പുസ്തക വില്പനയെ ബാധിക്കും എന്നത് ഓർക്കുക. ഇവിടെ സാഹിത്യകാരന്മാരില്ല, നിരൂപകരില്ല എന്നൊക്കെ വിളിച്ചു പറയുന്ന പ്രവണത നിർത്തേണ്ട കാലമായി. കാരണം ഇവയെല്ലാം ഇവിടെത്തന്നെയുണ്ട്.

നിങ്ങൾ എഴുതുന്നത് അല്ലെങ്കിൽ നിങ്ങൾ നിരൂപണം ചെയ്യുന്നത് ശ്രേഷ്ഠമാക്കേണ്ടത് ഇവിടെയുള്ള എഴുത്തുകാരുടെയും നിരൂപണം എഴുതുന്നുണ്ടെങ്കിൽ എഴുതുന്ന സാഹിത്യകാരന്മാരുടെയും ചുമതല തന്നെ. അതുകൊണ്ട് നന്മ ഉദ്ദേശിക്കുന്ന എല്ലാവരും തന്നെ നിരൂപണസാഹിത്യത്തെയും എഴുത്തിനെയും ഗൗരവമായി തന്നെ ചിന്തിക്കേണ്ടതുണ്ട്. അല്ലാതെ 'പുറം ചൊറിച്ചിൽ' ആണെന്ന് പറയുകയും സ്വന്തം കസേരയിട്ട് സ്വന്തം കിരീടം വെച്ച് മറ്റുള്ളവരെ കോച്ച് കൊച്ചാക്കുന്ന സംവിധാനം എത്രയോ ശോചനീയം തന്നെ. അവർ സ്വന്തം അന്തസ്സുകൾ തന്നെ തേജോവധം ചെയ്യുന്നു. ഇവിടുത്തെ എഴുത്തുകാരെയും എഴുത്തിനെയും മെച്ചപ്പെടുത്താൻ ശ്രമിക്കുന്ന എല്ലാ നല്ലവരായ വിമർശകരോടും ഇത്രയും പറഞ്ഞ് അവസാനിപ്പിക്കട്ടെ. നമുക്ക് നമ്മുടെ സാഹിത്യശ്രമങ്ങൾ നന്നാക്കാൻ പരസ്പര യോജിപ്പും സ്നേഹത്തോടും കൂടി പ്രവർത്തിക്കുന്നത് ആരോഗ്യകരമായ ഒരു സാഹിത്യമണ്ഡലം നമുക്ക് ഉണ്ടാക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ ഇവിടെ നിർത്തുന്നു.

## സ്മാർട്ട് വാച്ചിനും സ്മാർട്ട് ഗ്ലാസിനും പാർലമെന്റിൽ നിയന്ത്രണം

ന്യൂഡൽഹി: പാർലമെന്റ് മന്ദിരത്തിൽ സ്മാർട്ട് വാച്ചുകൾ, സ്മാർട്ട് ഗ്ലാസുകൾ, പെൻ ക്യാമറകൾ തുടങ്ങിയവ ഉപയോഗിക്കുന്നതിന് എംപിമാർക്കു നിയന്ത്രണം. ഇത്തരം ഡിജിറ്റൽ ഉപകരണങ്ങൾ മറ്റുള്ളവരുടെ സ്വകാര്യതയ്ക്കും പാർലമെന്ററി പ്രിവിലേജുകൾക്കും വെല്ലുവിളിയാകാമെന്ന നിഗമനത്തിലാണിത്. മറ്റുള്ളവരുടെ സ്വകാര്യത ലംഘിക്കുന്ന തരത്തിൽ ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കരുതെന്ന് ലോക്സഭാ സെക്രട്ടേറിയറ്റിന്റെ ബുള്ളറ്റിനിലാണ് നിർദേശം.

## യുഎസ് വിസ നിയന്ത്രണം ഇന്ത്യയെ കൂടുതൽ ബാധിക്കും

ന്യൂഡൽഹി: വിദ്യാർത്ഥികൾക്കും എക്സ്ചേഞ്ച് പ്രോഗ്രാം വഴിയുള്ള സന്ദർശകർക്കും മാധ്യമ പ്രവർത്തകർക്കുമുള്ള യുഎസ് വിസയുടെ കാലാവധി വെട്ടിക്കുറച്ചത് ഏറ്റവുമധികം ബാധിക്കുക ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളെ. വിദ്യാർത്ഥി, എക്സ്ചേഞ്ച് വിസയിലുള്ളവർക്കു പരമാവധി നാല് വർഷമായിരിക്കും ഇനി കാലാവധി. പഠനകാലാവധി കഴിഞ്ഞ് 60 ദിവസം കൂടി യുഎസിൽ തങ്ങാനാകുമായിരുന്നത് 30 ദിവസമായി വെട്ടിച്ചുരുക്കുകയും ചെയ്താണ് യുഎസ് ഹോംലാൻഡ് സെക്യൂരിറ്റി ഡിപ്പാർട്ടുമെന്റ് ഉത്തരവിറക്കിയിരിക്കുന്നത്.

നിലവിൽ യുഎസിൽ പഠനം നടത്തുന്നവരെ ഉൾപ്പെടെ പുതിയ തീരുമാനം ബാധിക്കുമെന്നാണ് വിവരം. നിലവിലുള്ളവർ സ്വാഭാവികമായി പുതിയ വ്യവസ്ഥയുടെ ഭാഗമാകുമെന്ന് അധികൃതർ പറയുന്നു. ഇവരുടെ വിസ കാലാവധി കഴിഞ്ഞാൽ എന്തു ചെയ്യുമെന്ന ആശങ്ക ഉയരുന്നുണ്ട്. ജോലിയോ ഉപരിപഠനാവസ്ഥയോ കുറഞ്ഞ സമയത്തിനുള്ളിൽ കണ്ടെത്തേണ്ട സാഹചര്യമുണ്ടാകും.

ഭൂരിഭാഗം വിദ്യാർത്ഥികളും എഫ് -1 വിസയിലാണ് യുഎസിലെത്തുന്നത്. എഫ് (അക്കാഡമിക് സ്റ്റുഡന്റ് വിസ), ജെ (എക്സ്ചേഞ്ച് വിസിറ്റർ വിസ-വിദ്യാഭ്യാസ എക്സ്ചേഞ്ച് പരിപാടികൾക്കു നല്കുന്നത്) വിഭാഗം വിസയിലുള്ളവർക്കു നിശ്ചിത സമയക്രമമില്ലാതെ വിദ്യാർത്ഥിയായി തുടരുന്നിടത്തോളം യുഎസിൽ താമസിക്കാൻ സാധിച്ചിരുന്നു. കോഴ്സ് പൂർത്തിയാക്കാൻ കൂടുതൽ സമയം ആവശ്യമെങ്കിൽ സ്ഥാപനങ്ങളോട് അഭ്യർത്ഥിച്ച് നീട്ടിയെടുക്കുന്നതായിരുന്നു രീതി. എഫ് വിസക്കാർക്ക് പഠനം കഴിഞ്ഞാലും 60 ദിവസം വരെ താമസിക്കാമെന്നതും നേട്ടമായിരുന്നു. ഈ സമയത്തിനുള്ളിൽ ഉപരിപഠന സാദ്ധ്യത കണ്ടെത്താനോ ജോലിയിൽ പ്രവേശിക്കാനോ സാധിച്ചിരുന്നു.

എന്നാൽ, പുതിയ വ്യവസ്ഥ അനുസരിച്ച് നാല് വർഷം പൂർത്തിയാക്കിയവർക്ക് കൂടുതൽ കാലം തുടരണമെങ്കിൽ യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസിൽ പ്രത്യേക അപേക്ഷ നല്കണം.

മാധ്യമ പ്രവർത്തകർക്കുള്ള ഐ വിസ 240 ദിവസമായാണ് പരിമിതപ്പെടുത്തിയിരിക്കുന്നത്. ചൈനീസ് പൗരർക്കുള്ള വിസ 90 ദിവസമായും കുറച്ചു.

കുടിയേറ്റ വ്യവസ്ഥകൾ കർശനമാക്കുന്നതിന്റെ ഭാഗമായാണ് തീരുമാനമെന്നാണ് യുഎസ് അധികൃതരുടെ വിശദീകരണം. 2025 ജനുവരിയിലെ കണക്കനുസരിച്ച് യുഎസിൽ മൂന്നു ലക്ഷത്തിലേറെ ഇന്ത്യൻ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 2024-ലെ യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് റിപ്പോർട്ട് അനുസരിച്ച് 90,129 ഇന്ത്യൻ വിദ്യാർത്ഥികളാണ് എഫ് വിസ നേടിയത്. 15,208 ജെ വിസയും 426 ഐ വിസയും നല്കിയിരുന്നു. യുഎസിൽ ഉപരിപഠനത്തിനായെത്തുന്ന ഭൂരിഭാഗം ഇന്ത്യക്കാരും അവിടെ ജോലിയും സ്ഥിരതാമസവും ലക്ഷ്യമിടുന്നവരാണ്. ഇവരെയെല്ലാം പുതിയ വ്യവസ്ഥകൾ ബാധിക്കുമെന്നാണ് വിലയിരുത്തൽ.

സെപ്റ്റംബർ 15-നാണ് പുതിയ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരിക. അതിനുള്ളിൽ ഈ ഘട്ടത്തിലെ പ്രവേശന നടപടികൾ പൂർത്തിയാകും. എന്നാൽ, അടുത്ത വർഷം മുതൽ യുഎസിൽ ഉപരിപഠനം ലക്ഷ്യമിടുന്ന പലരും മറ്റു സാദ്ധ്യതകൾ കൂടി പരിശോധിക്കുമെന്നു വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

## മൂന്നാംഭാഷ; നിരീക്ഷണവുമായി സുപ്രീംകോടതി

ന്യൂഡൽഹി: സിബിഎസ്ഇയുടെ ത്രിഭാഷാനയം നടപ്പാക്കൽ വിവാദമായിരിക്കെ മൂന്നാംഭാഷ പഠിപ്പിക്കൽ ഒൻപതാം ക്ലാസിൽ അവസാനിപ്പിക്കണമെന്ന നിരീക്ഷണവുമായി സുപ്രീംകോടതി. ഒൻപതാം ക്ലാസിൽ പുതിയ ഭാഷ പഠിപ്പിക്കരുതെന്നും ജസ്റ്റിസ് ബി. വി. നാഗരത്ന, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് അഭിപ്രായപ്പെട്ടു. തമിഴ്നാട്ടിൽ നവോദയാ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കുന്നതിനിടെയാണ് ഈ നിരീക്ഷണം.

എല്ലാ ജില്ലകളിലും നവോദയാ സ്കൂളുകൾ സ്ഥാപിക്കണമെന്ന മദ്രാസ് ഹൈക്കോടതി ഉത്തരവിനെതിരെ നല്കിയ അപ്പീലിൽ, ത്രിഭാഷാ നയത്തെയാണ് എതിർക്കുന്നതെന്ന് തമിഴ്നാട് സർക്കാർ വാദിച്ചു. മൂന്നാം ഭാഷയായി ഹിന്ദി തന്നെ വേണമെന്നു നിർബന്ധമില്ലല്ലോയെന്ന് ജസ്റ്റിസ് നാഗരത്ന ചോദിച്ചു. ഈ വാദത്തിനെതിരെ മൂന്നാംഭാഷ ഒൻപതാം ക്ലാസ് മുതലാണ് നിർബന്ധമാക്കുന്നതെന്ന് തമിഴ്നാടിന്റെ അഭിഭാഷകൻ വാദിച്ചു. അപ്പോഴാണ് ഒൻപതാം ക്ലാസിൽ പുതിയ ഭാഷ പഠിപ്പിക്കുന്നതിനെ എതിർത്ത് ജസ്റ്റിസ് നാഗരത്ന നിരീക്ഷണം നടത്തിയത്.

പത്താം ക്ലാസിലെ പൊതുപരീക്ഷയ്ക്ക് എട്ടാം ക്ലാസ് മുതലേ സമ്മർദ്ദമുണ്ടാകുമെന്നും ഒൻപതാം ക്ലാസിൽ മൂന്നാമതൊരു ഭാഷകൂടി പഠിക്കേണ്ടിവരുന്നത് വിദ്യാർത്ഥികളെ സമ്മർദ്ദത്തിലാക്കുമെന്നും അവർ പറഞ്ഞു.

കേന്ദ്രത്തിന്റേതാണെന്ന കാരണത്താൽ നവോദയ സ്കൂളുകളെ എതിർക്കരുതെന്ന് തമിഴ്നാട് സർക്കാരിനോട് കോടതി പറഞ്ഞു.

## പരിസ്ഥിതി അനുമതി വേഗത്തിലാക്കാൻ കേന്ദ്രം

ന്യൂഡൽഹി: വ്യവസായ പദ്ധതികൾക്കും മറ്റുമുള്ള പരിസ്ഥിതി അനുമതി വേഗത്തിലാക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2006-ലെ പരിസ്ഥിതി ആഘാത പഠന വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി. സംസ്ഥാനതല സമിതികളുടെ പുനഃസംഘടന വൈകുന്നതു മൂലം ഫയലുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാനാണ് പുതിയ നീക്കം. സംസ്ഥാനതലത്തിലുള്ള പരിസ്ഥിതി ആഘാത നിർണയ അതോറിറ്റിയും (എസ്ഇഐഎഎ) വിദഗ്ധ സമിതിയും (എസ്ഇഎസി) പ്രവർത്തനരഹിതമായാൽ പകരം പ്രവർത്തിക്കാൻ എസ്എഇഐഎ (സ്റ്റാൻഡിങ് അതോറിറ്റി ഓൺ എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ്), എസ്സിഇഐഎ (സ്റ്റാൻഡിങ് കമ്മിറ്റി ഓൺ എൻവയൺമെന്റ് ഇംപാക്ട് അപ്രൈസൽ) എന്നീ സ്ഥിരം സംവിധാനങ്ങൾ വരും.

അപേക്ഷയിൽ 120 ദിവസത്തിനുള്ളിൽ എസ്ഇഎസി പരിശോധന പൂർത്തിയാക്കിയില്ലെങ്കിൽ അത് സ്വയമേവ എസ്സിഇഐഎയുടെ പരിഗണനയിലെത്തും. അതുപോലെ, അനുമതി സംബന്ധിച്ച തീരുമാനം എസ്ഇഐഎഎ നിശ്ചിത സമയത്തിനകം അറിയിച്ചില്ലെങ്കിൽ അത് എസ്എഇഐഎക്കു കൈമാറുകയും അവർ 30 ദിവസത്തിനകം അന്തിമ തീരുമാനമെടുക്കുകയും ചെയ്യും.

സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്എഇഐഎ അതോറിറ്റിയിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പരിസ്ഥിതി വകുപ്പിലെ ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായിരിക്കും. പരിസ്ഥിതി വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്സിഇഐഎ കമ്മിറ്റിയിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ജനറൽ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെംബർ സെക്രട്ടറി, ഐഐടി/എൻഐടിയിൽനിന്നുള്ള വിദഗ്ധൻ എന്നിവരാണ് മറ്റംഗങ്ങൾ.

## നെഹ്റു ട്രോഫി: 'വേഴു' ഭാഗ്യചിഹ്നം




ആലപ്പുഴ: 72-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നമായ വള്ളം തുഴയുന്ന വേഴാമ്പലിന് 'വേഴു' എന്ന പേര് തെരഞ്ഞെടുത്തു. 'വേഴു' എന്ന പേര് പതിച്ച ഭാഗ്യചിഹ്നം മന്ത്രി എം. ലിജു പ്രകാശനം ചെയ്തു. 1,575 എൻട്രികളിൽ നിന്നാണ് 'വേഴു' എന്ന പേര് തെരഞ്ഞെടുത്തത്.

പേര് നിർദേശിക്കാനുള്ള മത്സരത്തിൽ ആലപ്പുഴ കുതിരപ്പന്തി നടുവിലെപ്പറമ്പ് എ. ആർ. ശുഐബ് വിജയിയായി. ഓഗസ്റ്റ് 22-ന് നടക്കുന്ന നെഹ്റു ട്രോഫി മത്സരത്തിൽ പ്രത്യേകമായി 25 പ്രീമിയം കോർപറേറ്റ് ടിക്കറ്റുകൾ കൂടി നൽകും. ഒരുലക്ഷം രൂപ വില വരുന്ന പ്രീമിയം ടിക്കറ്റുകൾ മത്സരം കാണാനാഗ്രഹിക്കുന്ന കോർപറേറ്റുകൾക്കു മാത്രമാണ് ലഭ്യമാകുക.

# DOULOS BIBLICAL SEMINARY

DOULOS INTERNATIONAL MINISTRIES INC. VECHOOCHIRA, RANNI

RECOGNIZED BY IPC GENERAL COUNCIL. ACCREDITED BY NATA

26 Years in Ministry

ZOOM — ACCESSIBLE FROM INDIA, GULF, EUROPE CANADA & USA

www.doulosvechoochira.org

C.Th. | B.Th. | M.Div. | M.Th.

**2026- 27 Admission Open**

## STARTING

ENGLISH AND MALAYALAM MEDIUM

C.Th., B.Th., M.Div. classes started

**M.Th. (Missions) is starting from June 15th**




### DOULOS BIBLICAL SEMINARY പുതിയ കോഴ്സ് ആരംഭിക്കുന്നു

26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് പത്തനംതിട്ട ജില്ലയിൽ വെച്ചൂച്ചിറയിൽ ആരംഭിച്ച DOULOS BIBLICAL SEMINARY-യുടെ പുതിയ **M.Th. (Missions)** കോഴ്സ് ജൂൺ 15 ന് ആരംഭിക്കുന്നു. ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവവചനം അഭ്യസിപ്പിക്കുവാൻ ദൈവം സഹായിച്ചു. ആത്മീയരും സമർപ്പിതരും ദൈവവചനപണ്ഡിതരുമായ അധ്യാപകർ ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ONLINE ക്ലാസുകൾ നടന്നു കൊണ്ടിരിക്കുന്നു. ഈ സെമസ്റ്ററിന്റെ ക്ലാസുകൾ മെയ് 13 നു പ്രാർത്ഥിച്ച് ആരംഭിക്കുകയുണ്ടായി.

C.Th., B.Th., M.Div. (Malayalam/English) എന്നീ കോഴ്സുകൾ ഓൺലൈൻ ആയി നടന്നുകൊണ്ടിരിക്കുന്നു.

Pr. Dr. V. P. Jose (Director), Pr. Dr. John K. Mathew (Principal), Pr.Anil Kodithottam (Vice Principal), Pr. Reji Mooledom (Academic Dean), Sr. Preethi Das (Registrar) തുടങ്ങിയവർ കോളേജിന് നേതൃത്വം നൽകുന്നു.

Pr. Dr. O. M. Rajukutty, Pr. Dr. Binu Alummoottil, Pr. Dr. T. M. Jose, Pr. Dr. Biju Eapen, Pr. Dr. Lalachan Abraham, Pr. Dr. Allen Pallivadakkan, Pr. Dr. Mani Philip, Pr. Jomon Jacob, Pr.Jai Thomas, Pr. Moncy Mammen, Pr. John Mammen, Pr. James Abraham, Pr. Sreevals, Pr. A. T. Johnson, Pr.Syalan Chacko, Evg.P.S Cherian എന്നിവർ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

Pr. Shinto Johnson, Pr. Sajan Samuel, Br. Rajan Ariyappally, Br. Benny Kochuvadakayil, Br. Peter Mathew Valliath ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു. നമ്മുടെ ആയുസ്സിന്റെ നാളുകൾ അതിവേഗം തീരുന്നു. കർത്താവും വാതിൽക്കലായി. വെറും കൈയായി നാഥന്റെ മുമ്പിൽ നിൽപാൻ ഇടയാകാതിരിക്കട്ടെ! പകലുള്ളേടുത്തോളം അയച്ചവന്റെ വേല ചെയ്യാം!

**CONTACT +91 9164603370**

ഈ സെമസ്റ്ററിലെ അഡ്മിഷൻ ജൂൺ 15 വരെ തുടരുന്നതാണ്.



# Grace CONVENTION CENTER

Punnamoodu, Mavelikara




**DESTINATION Wedding Package in KERALA**

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667

FOLLOW US NOW

+91 9188751000

+91 9633949676,+91 8547805929

info@graceconventioncenter.com

www.graceconventioncenter.com

For Location And Feedback Kindly scan the QR

GRACE CONVENTION CENTER

Celebrate your Dreams with Us

# ഡോ. അനിൽ മേനോനും സംഘവും ബഹിരാകാശ നിലയത്തിലെത്തി

വാഷിംഗ്ടൺ ഡിസി: മലയാളിയായ ഡോ. അനിൽ മേനോൻ ഉൾപ്പെടെയുള്ള മൂന്നംഗ ബഹിരാകാശ ഗവേഷകസംഘം വിജയകരമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിച്ചേർന്നു.


റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ്കോസ്മോസിന്റെ 'സോയൂസ് എംഎസ്-29' പേടകത്തിലാണ് റഷ്യൻ സഞ്ചാരികളായ പ്യോട്ടർ ദുബ്രോവ്, അന്ന കികിന എന്നിവർക്കൊപ്പം ഡോ. അനിൽ ബഹിരാകാശത്തേക്കു കുതിച്ചത്. ജൂലൈ 14-ന് ചൊവ്വാഴ്ച രാത്രി 11.26-ഓടെ സോയൂസ് പേടകം അന്താരാഷ്ട്ര ബഹിരാകാശ നിലയവുമായി ഡോക്ക് ചെയ്തു.

15-ന് പുലർച്ചെ 1.25-ന് സംഘം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഇറങ്ങുമെന്നാണു കരുതിയതെങ്കിലും അല്പം വൈകി. പുലർച്ചെ രണ്ടോടെ വാതിൽ തുറക്കുന്നതിനു മുമ്പായി ബഹിരാകാശ സഞ്ചാരികൾ ആവശ്യമായ സുരക്ഷാ പരിശോധനകൾ നടത്തി. തുടർന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ നാസയുടെയും യൂറോപ്യൻ സ്പേസ് ഏജൻസിയുടെയും റഷ്യയുടെയും സഞ്ചാരികൾ അനിൽ മേനോൻ ഉൾപ്പെടെയുള്ളവരെ സ്വീകരിച്ചു.

പേടകത്തിന്റെ വാതിൽ തുറക്കാൻ തുടങ്ങുന്ന സമയത്ത് ട്രാക്കിംഗ് ആൻഡ് ഡാറ്റാ റിലേ ഉപഗ്രഹങ്ങളിൽനിന്നുള്ള സിഗ്നൽ നഷ്ടപ്പെട്ടതുമൂലം ബഹിരാകാശ നിലയത്തിൽനിന്നുള്ള തത്സമയ വീഡിയോ സംപ്രേഷണം തടസപ്പെട്ടിരുന്നു.

എന്നാൽ, 12 മിനിറ്റുകൾക്കു ശേഷം ഉപഗ്രഹങ്ങൾ വീണ്ടും സിഗ്നൽ പരിധിയിൽ വന്നതോടെ സംപ്രേഷണം പുനഃസ്ഥാപിക്കപ്പെട്ടു. എട്ടു മാസക്കാലം അനിൽ മേനോൻ ബഹിരാകാശ നിലയത്തിലുണ്ടാകും. ദീർഘകാല ബഹിരാകാശ യാത്രകൾ മനുഷ്യശരീരത്തിൽ ഉണ്ടാക്കുന്ന വ്യതിയാനങ്ങൾ, മൈക്രോ ഗ്രാവിറ്റിയിൽ രക്തയോട്ടം, നാഡീവ്യൂഹങ്ങളുടെ ഘടന, രക്തത്തിലെ ഘടകങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഡോ. അനിൽ മേനോൻ വിവിധ പരീക്ഷണങ്ങൾ നടത്തും.

2027 ഏപ്രിലിൽ സംഘം ഭൂമിയിലേക്കു മടങ്ങും.



ഡോ. അനിൽ മേനോൻ, റഷ്യൻ സഞ്ചാരികളായ പ്യോട്ടർ ദുബ്രോവ്, അന്ന കികിന എന്നിവർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ യാത്രികർക്കൊപ്പം.

# ബാർ ഹോട്ടൽ: തട്ടിപ്പ് പിടിക്കാൻ ഓപ്പറേഷൻ സ്റ്റോംലൈറ്റ്

തിരുവനന്തപുരം: കേരളത്തിലെ ബാർ ഹോട്ടലുകളിൽ 70.73 കോടി രൂപയുടെ വിറ്റുവരവു മറച്ചുവെച്ചെന്നു സംസ്ഥാന ജിഎസ്ടി വകുപ്പു കണ്ടെത്തി. ഇതുവഴി 7.06 കോടി രൂപയുടെ നികുതി വെട്ടിപ്പു നടന്നതായാണു കണ്ടെത്തൽ.

വിറ്റുവരവിന്റെ 10 ശതമാനം ആണു ബാർ ഹോട്ടലുകൾ നികുതിയടയ്ക്കേണ്ടത്. 'ഓപ്പറേഷൻ സ്റ്റോംലൈറ്റ്' എന്ന പേരിലാണു സംസ്ഥാന വ്യാപകമായി നികുതി വകുപ്പ് പരിശോധന നടത്തിയത്.

കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷം ബാർ ഹോട്ടലുകളിൽനിന്നുള്ള വിറ്റുവരവു നികുതി പിരിവ് ഉഴപ്പിയതിനാൽ മുൻ വർഷത്തെക്കാൾ 100.61 കോടി രൂപയുടെ നികുതി നഷ്ടം സംഭവിച്ചു. ഇതെത്തുടർന്നാണ് 38 ഹോട്ടലുകളിൽ ആദ്യഘട്ടമായി ജിഎസ്ടി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധിച്ചത്.

ജൂലൈ 10-നു വൈകിട്ടു നാലിന് ആരംഭിച്ച പരിശോധന 11-നു പുലർച്ചെ വരെ നീണ്ടു. റിട്ടേണുകൾ നിശ്ചിത സമയത്തു സമർപ്പിക്കാതെ നികുതിവെട്ടിക്കുന്ന ബാർ ഹോട്ടലുകളിലായിരുന്നു പരിശോധന. മുൻ വർഷങ്ങളിലെ ഇടപാടുകൾ സംബന്ധിച്ച രേഖകളും പിടിച്ചെടുത്തിട്ടുണ്ട്. നികുതിയടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ 260 ബാർ ഹോട്ടലുകളുടെ പട്ടിക ജിഎസ്ടി വകുപ്പ് തയാറാക്കിയിരുന്നു.

കൊച്ചിയിലെ ഒരു ബാറിൽ ബിൽ എഴുതി നൽകുന്നത് ടിഷ്യൂ പേപ്പറിൽ. തൃശൂരിലെ ഒരു ബാറിൽ തുണ്ടു കടലാസിലാണ് ബിൽ. പരിശോധനയ്ക്കു മുന്നോടിയായി കസ്റ്റമറെന്ന നിലയിൽ എത്തിയ ഉദ്യോഗസ്ഥർക്കാണ് ഈ തട്ടിക്കൂട്ടു ബിൽ നൽകിയത്.മിക്ക ബാറുകളിലും മൂന്ന് കൗണ്ടറുകളാണുള്ളത്. ഇതിൽ ഏറ്റവും വിലക്കുറവിൽ മദ്യം വിൽക്കുന്ന ലോക്കൽ കൗണ്ടറിലെ വിലയാണ് മറ്റു കൗണ്ടറുകളിൽ ഉയർന്ന വിലയ്ക്കു വിൽക്കുന്ന മദ്യത്തിനും നികുതിയായി കാണിക്കുന്നത്. ഇതുവഴി സർക്കാരിനു നൽകേണ്ട നികുതിയിൽ പകുതിയോളം വെട്ടിപ്പു നടത്തുന്നുണ്ടെന്നാണ് കണക്കുകൂട്ടൽ. നികുതി അടയ്ക്കാത്തതിനാൽ ജിഎസ്ടി ഉദ്യോഗസ്ഥർ വിലക്ക് ഏർപ്പെടുത്തിയ രണ്ട് ബാറുകൾ തുറന്നു പ്രവർത്തിക്കുന്നതായും കണ്ടെത്തി.

# പി.സി. ജോസഫ് പൗവ്വത്ത് അന്തരിച്ചു



കല്ലറ: കല്ലറ സെന്റ് തോമസ് ക്നാനായ ഇടവകാംഗം പി.സി. ജോസഫ് പൗവ്വത്ത് (91) ബാംഗ്ലൂരിൽ അന്തരിച്ചു. ഇന്ത്യൻ എയർഫോഴ്സിലെ റിട്ടയേർഡ് മാസ്റ്റർ വാറന്റ് ഓഫീസറായിരുന്നു പരേതൻ. ഭാര്യ പരേതയായ ചിന്നമ്മ ജോസഫ് ഓണശ്ശേരിൽ കുടുംബാംഗമാണ്. മക്കൾ: സബീന ആൻഡ് ജോസഫ് കുടിയിരിക്കൽ (ബാംഗ്ലൂർ), സന്ധ്യ ആൻഡ് റ്റോമി പ്ലാത്തോട്ടത്തിൽ (ചിക്കാഗോ), ജെയിംസ് പൗവ്വത്ത് ആൻഡ് സോഫി (തേക്കുംകാട്ടിൽ) താമ്പാ.

കൊച്ചുമക്കൾ: ജോ ആൻഡ് ജോഷ്വാ, നിമ്മി ആൻഡ് നാൻസി, അൻജന, അനിഷ, അർച്ചന, അനിഹ, അഖിൽ.

സഹോദരങ്ങൾ: പരേതനായ പുന്നൂസ് ചാക്കോ പൗവ്വത്ത് (കുമരകം), പരേതയായ മേരി അബ്രഹാം ചെമ്മലക്കുഴി (തൊടുപുഴ), ഏലിയാമ്മ വില്യംസ് വലിയപറമ്പിൽ (കോട്ടയം), രാജു പൗവ്വത്ത് (കോട്ടയം).

# ഇന്ത്യയിലെ ആദ്യ എ.ഐ. സർവകലാശാല ബെംഗളൂരുവിൽ വരുന്നു

ബെംഗളൂരു: സർക്കാർതലത്തിലുള്ള ഇന്ത്യയിലെ ആദ്യ എ.ഐ. (നിർമിതബുദ്ധി) സർവകലാശാല കർണാടകത്തിൽ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ പ്രഖ്യാപിച്ചു. ബെംഗളൂരു ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ ഗൂഗിൾ ഐ.ഒ (ഇൻപുട്ട്-ഔട്ട്പുട്ട്) കണക്ട് ഇന്ത്യ-2026 സമ്മേളനം ഉദ്ഘാടനം ചെയ്യുമ്പോഴാണ് ശിവകുമാർ പ്രഖ്യാപനം നടത്തിയത്. സർവകലാശാലയുടെ ശിലാസ്ഥാപനം ഉടൻ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ബെംഗളൂരുവിലെ ബിഡദിയിൽ വരുന്ന സ്മാർട്ട് സിറ്റിയിലാണ് സർവകലാശാല സ്ഥാപിക്കുകയെന്നാണ് സൂചന. അതേസമയം, സർവകലാശാലയുടെ ആസ്ഥാനം എവിടെയാണെന്ന് ശിവകുമാർ പറഞ്ഞില്ല. ബെംഗളൂരുവിലെ 100 ഏക്കർ കാമ്പസ് സർവകലാശാലയ്ക്കുണ്ടാകുമെന്ന് അറിയിച്ചു. കലബുറഗി, ബെളഗാവി, ഹുബ്ബള്ളി-ധാർവാഡ്, മംഗളൂരു, മൈസൂരു എന്നിവിടങ്ങളിൽ സർവകലാശാലയ്ക്ക് പ്രാദേശിക കേന്ദ്രങ്ങളുണ്ടാകും. ഐ.ഐ. വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഇനവേഷന്റെയും സംരംഭകത്വത്തിന്റെയും സെന്റർ ഓഫ് എക്സലൻസായിരിക്കും ഈ ലോകോത്തര കാമ്പസെന്ന് ശിവകുമാർ അറിയിച്ചു. ലോകത്തിലെ ഏറ്റവും മികച്ച അഞ്ച് എ.ഐ. നഗരങ്ങളിലൊന്നായും ഇന്ത്യയിലെ 40 ശതമാനം യൂണികോൺ സ്റ്റാർട്ടപ്പുകളുടെ കേന്ദ്രമായും ബെംഗളൂരു മാറിയതായി ശിവകുമാർ പറഞ്ഞു. കർണാടകത്തിന്റെ കഴിവും ഇനവേഷൻ ആവാസവ്യവസ്ഥയും സംരംഭകത്വ മനോഭാവവും ഇത് അടയാളപ്പെടുത്തുന്നതായും ചൂണ്ടിക്കാട്ടി. കർണാടകത്തെ ഇന്ത്യയുടെ എ.ഐ. തലസ്ഥാനമായി മാറ്റുകയെന്നതിന് സംസ്ഥാനം പ്രതിജ്ഞാബദ്ധമാണെന്നും പറഞ്ഞു. കർണാടകത്തെ ഗൂഗിളിന്റെ ഏറ്റവും വലിയ ലബോറട്ടറിയാക്കി മാറ്റാമെന്നും അദ്ദേഹം പറഞ്ഞു. ഗൂഗിളിന് എല്ലാ സഹായവും സർക്കാർ നൽകുമെന്ന് അറിയിച്ച ശേഷം ജയ് ഹിന്ദിനും ജയ് കർണാടകയ്ക്കുമൊപ്പം ജയ് ഗൂഗിൾ എന്നും പബറഞ്ഞാണ് ശിവകുമാർ പ്രസംഗം അവസാനിപ്പിച്ചത്. ബിഡദി സ്മാർട്ട് സിറ്റിക്കെതിരെ പ്രദേശത്തെ കർഷകർ നടത്തിവരുന്ന സമരം കൂടുതൽ ശക്തി പ്രാപിക്കുന്നതിനിടെയിലാണ് സർവകലാശാലയുടെ പ്രഖ്യാപനം ശിവകുമാർ നടത്തിയത്. പദ്ധതിക്കായി ഏക്കർകണക്കിന് കൃഷിഭൂമി ഏറ്റെടുക്കുന്നതിലാണ് പ്രതിഷേധം.

# ഹർജിത് സിങ് ഗ്രെവാൾ ദേശീയ ന്യൂനപക്ഷ കമ്മീഷൻ അദ്ധ്യക്ഷൻ

ന്യൂഡൽഹി: ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ അദ്ധ്യക്ഷനായി പഞ്ചാബിലെ ബിജെപി നേതാവ് ഹർജിത് സിങ് ഗ്രെവാളിനെ നിയമിച്ചു. തുടർച്ചയായ രണ്ടാം തവണയാണ് സിഖ് അംഗം ന്യൂനപക്ഷ കമ്മീഷൻ അദ്ധ്യക്ഷനാകുന്നത്. തമിഴ്നാട്ടിൽനിന്നുള്ള ബിജെപി നേതാവ് എസ്. മുനവറി ബീഗത്തെ വൈസ് ചെയർപേഴ്സനായും ക്രിസ്ത്യൻ വിഭാഗത്തിൽനിന്നുള്ള പ്രതിനിധിയായി ഗോവയിലെ ബിജെപി മുൻ എംഎൽഎ ഗ്ലെൻ ഇ സൂസ ടിക്ലോയെയും തെരഞ്ഞെടുത്തു. മുൻ കേന്ദ്രമന്ത്രി ജോർജ് കുര്യനായിരുന്നു കമ്മീഷനിലെ ഇതിനു മുൻപുള്ള ക്രിസ്ത്യൻ അംഗം. അടുത്ത വർഷം ആദ്യം നടക്കാനിരിക്കുന്ന പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പു മുന്നിൽക്കണ്ടാണ് അദ്ധ്യക്ഷ നിയമനമെന്നാണു സൂചന. പഞ്ചാബിലെ ബിജെപിയുടെ ഏറ്റവും പ്രമുഖ സിഖ് മുഖങ്ങളിലൊന്നാണ് ഹർജിത്സിങ് ഗ്രെവാൾ. 18 മാസത്തോളം അംഗങ്ങളിൽ ഭൂരിഭാഗവുമില്ലാതെയായിരുന്നു കമ്മീഷന്റെ പ്രവർത്തനം. ഇതിനെതിരെ ഡൽഹി ഹൈക്കോടതി കേന്ദ്രത്തിന്റെ സത്യവാങ്മൂലംതേടിയതോടെയാണു നിയമനം ആരംഭിച്ചത്.

# റിനി പയസ് കുന്നശേരി അന്തരിച്ചു



കോട്ടയം: ബ്രിട്ടീഷ് സൗത്ത് ഇന്ത്യ കൗൺസിൽ ഓഫ് കൊമേഴ്സ് ഡയറക്ടർ പയസ് കുന്നശേരിയുടെ ഭാര്യ റിനി പയസ് (47) നാട്ടിൽ അന്തരിച്ചു. കോട്ടയം കൊല്ലാട് കറുകയിൽ കുടുംബാംഗമാണ്. രോഗബാധിതയായി ചികിത്സയിലായിരുന്നു. യുകെയിലെ ബ്രിസ്റ്റോളിലുള്ള ഗ്ലോസ്റ്റർഷെയറിലാണ് പയസും കുടുംബവും താമസിക്കുന്നത്. കോട്ടയം അതിരൂപത മുൻ ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ സഹോദരപുത്രനാണ് പയസ് കുന്നശേരി. കൊല്ലാട് കറുകയിൽ രാജനും വത്സമ്മയുമാണ് മാതാപിതാക്കൾ. സാന, അച്ചു, ബേബിമരിയ എന്നിവരാണ് മക്കൾ.

KERALA EXPRESS പ്രവാസി താളുകൾ

# നാമും നമ്മുടെ തലമുറയും

ഏലിയാമ്മ ലൂക്കോസ്

**നാം** മുന്നോട്ടു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. കണ്ടിട്ടില്ലാത്ത ദിവസങ്ങൾ കണ്ടും കേട്ടിട്ടില്ലാത്തതു പലതും കേട്ടും അനുഭവിച്ചിട്ടില്ലാത്തതു പലതും അനുഭവിച്ചും മുന്നോട്ടു കുതിക്കുന്നു. ഒരു ദിവസം ഈ നടപ്പ് അവസാനിക്കും. നാം ശരിയായ വഴിയിൽക്കൂടി നടക്കുന്നുവോ? നാം ലക്ഷ്യം തെറ്റാതെയാണോ നമ്മുടെ നടപ്പ്? നിശ്ചയമായും നാം നമ്മുടെ ലക്ഷ്യസ്ഥാനത്ത് എത്തുമോ? നമ്മെത്തന്നെ ഒന്നു ശോധന ചെയ്യാം.

വിശുദ്ധ ബൈബിളിൽ കാണുന്ന കൃപ. ദൈവകൃപ ലഭിച്ച ഒരു വ്യക്തിയാണ് നോഹ. ആശ്വസിപ്പിക്കുന്നവനെന്നാണ് ആ പേരിന്റെ അർത്ഥം. ആദ്യമായി കൃപ ലഭിച്ചവൻ നോഹ എന്നു കാണുന്നു. അവൻ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു. മനുഷ്യരെല്ലാം ദൈവത്തെ വിട്ടു പിരിഞ്ഞു. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രെ എന്നും യഹോവ കണ്ടു." ദൈവം ദുഃഖിക്കുന്ന ഒരു സമയമായിരുന്നു അത്. മനുഷ്യനെ സൃഷ്ടിക്കകൊണ്ട് യഹോവ അനുതപിച്ചുവെന്നു കാണുന്നു. എന്നാൽ, നോഹ ദൈവത്തെ ഭയപ്പെട്ടു, ദൈവഭക്തിയോടെ ജീവിച്ചു, ദൈവത്തെ വിശ്വസിച്ചു. മഴ ഇല്ലാതിരുന്ന കാലത്ത് മഴ കണ്ടിട്ടില്ലാത്ത സമയത്തു മഴ പെയ്യുമെന്നു ദൈവം പറഞ്ഞപ്പോൾ നോഹ അതു വിശ്വസിച്ചു. പെട്ടകം പണിയാൻ പറഞ്ഞ ദൈവശബ്ദത്തിങ്കൽ പെട്ടകം പണിതു. മക്കൾ പിതാവിനോടൊപ്പം ചേർന്നു. ചുറ്റുപാടുമുള്ള ജനങ്ങൾ നോഹയെ പരിഹസിക്കുമ്പോഴും അവർ ദൈവത്തെ വിശ്വസിച്ച് ഉറച്ചുനിന്നു. അപ്പനും അമ്മയും മൂന്ന് ആൺമക്കളും അവരുടെ ഭാര്യമാരും ഒരുമിച്ചു നിൽക്കുന്ന ഒരു കുടുംബം. ഇതാണ് യഥാർത്ഥ ഭവനം. ദൈവത്തെ അനുസരിച്ചതിനാൽ വിശ്വസിച്ചു രക്ഷപ്പെട്ട അവർ എട്ട്പേരും പെട്ടകത്തിൽ കയറി. മഴ പെയ്തു, വെള്ളം പൊങ്ങി. നോഹയുടെ പെട്ടകം ആ ആഴിയുടെ മുകളിൽക്കൂടി ഒഴുകി ഒഴുകി അരാരാത്തു പർവ്വതത്തിൽ ഉറച്ചു. അവർ എട്ടു പേരും രക്ഷപ്പെട്ടു. ജനമെല്ലാം വെള്ളപ്പൊക്കത്തിൽ നശിച്ചു. എന്നാൽ, നോഹയും കുടുംബവും രക്ഷപ്പെട്ടു.

പ്രിയരെ, നാമും നമ്മുടെ മക്കളും ദൈവത്തിൽ വിശ്വസിക്കുന്നുവോ? ദൈവത്തെ അനുസരിക്കുന്നുവോ? നാം നശിച്ചുപോകുന്നവരുടെ കൂട്ടത്തിലോ രക്ഷപ്പെടുന്നവരുടെ കൂട്ടത്തിലോ? എല്ലാവരും ഇതൊരു തമാശയായി കാണുന്നു. പലരും മരണംകൊണ്ട് എല്ലാം അവസാനിക്കുന്നുവെന്നു കരുതുന്നു. മറ്റുചിലർ നല്ലവനായ ദൈവം ആരെയും നിത്യനരകത്തിൽ അയയ്ക്കുകയില്ലെന്നു വിശ്വസിക്കുന്നു. നമുക്ക് രണ്ട് വഴികൾ ദൈവം വെച്ചിരിക്കുന്നു. സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കും. ആരും നശിച്ചുപോകാൻ ദൈവം ഇഷ്ടപ്പെടാത്തതുകൊണ്ട് യേശുവിനെ മനുഷ്യരൂപത്തിൽ ഭൂമിയിലേക്ക് അയച്ചു. പ്രമാണങ്ങൾ തന്നു. നാമത് അനുസരിച്ചാൽ നിത്യസ്വർഗ്ഗത്തിൽ പ്രവേശിക്കാം. അല്ലെങ്കിൽ നിത്യനാശത്തിൽ അഥവാ നരകത്തിലെത്തും. നോഹയെപ്പോലെ നമ്മുടെ തലമുറയുമായി സ്വർഗ്ഗത്തിലെത്തണം. നമ്മുടെ ഈ ലോകജീവിതം കേവലം നാലുവിരൽ നീളം മാത്രം. വെറുതെ ഞാൻ എഴുതിത്തക്കള്ളുകയല്ല. നിർബന്ധത്തോടെ പറയുന്നു: "ദൈവത്തെ വിശ്വസിച്ചു അനുസരിക്കുക. അതുകൊണ്ട് നഷ്ടമല്ല ലാഭമത്രെ ഉണ്ടാകുക. ദൈവകല്പനകളെ മുറുകെപ്പിടിച്ച് അവയെ ആചരിച്ച് അനുസരിച്ച് നാം മുമ്പോട്ടു പോകുമ്പോൾ നമ്മുടെ തലമുറകളും കൂടെ വരും. നമ്മുടെ തലമുറകൾ നമ്മോടൊപ്പമുണ്ടാകണം. അല്ലെങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമാകും. വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നമ്മുടെ നടപ്പുകൾ ശരിയാണോയെന്നു ചിന്തിക്കണം. പിതൃപാരമ്പര്യം നല്ലതെങ്കിൽ അവ സ്വീകരിക്കാം. കാശ്കൊടുത്ത് മദ്യം വാങ്ങിക്കുടിച്ച് കരൾ കാൻസർ വരുത്തുക, കാശ് കൊടുത്ത് സിഗരറ്റ് വാങ്ങി വലിച്ചു കാൻസർ നേടുക എന്നതൊക്കെ തെറ്റുകളല്ലേ? ദൈവത്തെ ആരാധിക്കുന്നതിനു പകരം മന്ത്രവാദവും വിഗ്രഹാരാധനയും ശരിയോ? തെറ്റുകളിൽ നിന്നു മോചനം നേടുക. സത്യമായവയെ പിൻതുടരുക അതാണ് അഭികാമ്യം."



ലേഖിക

നാം നന്നാകാതെ മക്കളെ നന്നാക്കാൻ പറ്റുകയില്ല. വിശുദ്ധ യോഹന്നാൻ അപ്പോസ്തലൻ എഴുതി "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നുവെന്ന് കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷമെനിക്കില്ല" എന്ന്. നാമോരോരുത്തരും അങ്ങനെ ആയിരിക്കേണം. മക്കൾ യഹോവ തരുന്ന ദാനമാണ്, പ്രതിഫലമാണ്. അവരെ നേരോടെ നടത്തുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. സത്യമേവ ജയം. സത്യം വിജയിക്കുക തന്നെ ചെയ്യും. യേശുതന്നെ വഴിയും സത്യവും ജീവനുമാകുന്നു. യേശുവിനെ യഥാർത്ഥമായി പിൻതുടരുന്നവർ നിത്യസ്വർഗ്ഗത്തിൽ എത്തപ്പെടും. ഒഴുക്കിനൊത്തു നീന്തിയാൽ ചുഴിയിൽപ്പെടും. അക്കരെ എത്താൻ വിശാലമായ വഴിയിലൂടെയല്ല, ഇടുക്കവും ഞെരുക്കവുമുള്ള വഴിയിൽക്കൂടെ തന്നെ യാത്ര ചെയ്യണം.

ബാലൻ നടക്കേണ്ടുന്ന വഴി അഭ്യസിപ്പിക്ക, വൃദ്ധനായാലും അതു വിട്ടു മാറുകയില്ല. കുഞ്ഞുപ്രായത്തിൽ തന്നെ മക്കളെ നല്ലതു പഠിപ്പിക്കണം. മോശക്കുഞ്ഞിനെ അമ്മയായ യൊഖെബേദു വചനം പഠിപ്പിച്ചുവിട്ടു. കാലങ്ങൾ കഴിഞ്ഞപ്പോൾ യിസ്രായേലിനെ അടിമത്വത്തിൽ നിന്നു വിടുവിക്കാൻ യോഗ്യനായ ഒരു യുവാവായിത്തീർന്നു. ഹന്ന തന്റെ മകൻ ശമുവേലിനെ കുഞ്ഞുപ്രായത്തിൽ തന്നെ ന്യായപ്രമാണങ്ങൾ അനുസരിക്കാൻ ശീലിപ്പിച്ചു. അവൻ ദൈവത്തിനും മനുഷ്യർക്കും പ്രസാദമുള്ളവനായിത്തീർന്നു. ഒരു ന്യായാധിപനും പുരോഹിതനും പ്രവാചകനുമായിത്തീർന്ന മാന്യനായ വ്യക്തിയാണ് ശമുവേൽ.

യേശു ക്രൂശിൽ കിടന്നുകൊണ്ട് 'യെരുശലേം പുത്രിമാരെ നിങ്ങൾ നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവീൻ.' നമ്മുടെ മക്കൾ വഴിവിട്ടു പോകാതെ ദൈവത്തോടു പറ്റിയിരിപ്പാൻ നാം കരഞ്ഞു പ്രാർത്ഥിക്കേണം. കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും. കതിരിന്മേൽ വളം വെക്കാതെ പത്തു വയസ്സിനു മുൻപ് അവർക്കു വേണ്ടതായ പരിശീലനം മാതാപിതാക്കൾ നല്കണം. കുസൃതിത്തരങ്ങളും കോമാളിത്വമൊക്കെ ചില സമയങ്ങളിൽ അവർക്കുണ്ടായാലും അവരുടെ മനസ്സിൽ ഉറച്ചിരിക്കുന്ന നീതിബോധം അവരെ തട്ടി ഉണർത്തും. മക്കളെ കോപിപ്പിക്കരുതെന്നു വിശുദ്ധ പൗലോസ് എഴുതിയിട്ടുണ്ട്.

തന്മയത്വത്തോടെ അവരോട് ഇടപെടണം. പക്ഷപാതം കാണിക്കരുത്. എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കണം. അവരുടെ പ്രശ്നങ്ങൾക്കു നാം പരിഹാരമായിരിക്കണം. മനസ്സലിവോടെ, കരുണയോടെ അവരോട് ഇടപെടണം. ബാലശിക്ഷയും ശാസനയും അത്യാവശ്യമാണ്. അവരുടെ തോൽവികളിൽ നാം അവർക്ക് തണലായിരുന്നു ആശ്വസിപ്പിച്ചു വിജയത്തിലെത്തിക്കണം. നല്ല കൂട്ടുകാരെ ലഭിപ്പാൻ അവർക്ക് ഇട നല്കണം. എത്രയോ കുട്ടികൾ നിരാശരായി ആത്മഹത്യ ചെയ്യുന്നു. അങ്ങനെയുള്ളവരെ ആര് ഉദ്ധരിക്കും? നാം നല്ല വഴി തെരഞ്ഞെടുക്കുമ്പോൾ മക്കളും ആ പാത പിൻപറ്റും. നമുക്കതിനായി ഉണരാം, ഉത്സാഹിക്കാം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 96.51 |
| യൂറോ | 110.40 |
| സ്റ്റെർലിംഗ്പൗണ്ട് | 129.92 |
| സ്വിസ് ഫ്രാങ്ക് | 119.56 |
| സിംഗപ്പൂർ ഡോളർ | 74.76 |
| കനേഡിയൻ ഡോളർ | 68.90 |
| ഒമാൻ റിയാൽ | 250.98 |
| ബഹ്റൈൻ ദിനാർ | 256.29 |
| സൗദി റിയാൽ | 25.68 |
| യു.എ.ഇ. ദിർഹം | 26.27 |
| കുവൈത്ത് ദിനാർ | 312.32 |

# വകുപ്പുകൾ കൈകോർക്കും: പുതിയ ഡാറ്റാ ഭരണം

തിരുവനന്തപുരം: വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവും ഫയൽനീക്കത്തിലെ കാലതാമസവുംമൂലം പദ്ധതികൾ നീളുന്നതൊഴിവാക്കാൻ ഡേറ്റാ അധിഷ്ഠിത ഭരണം നടപ്പാക്കാൻ കേരള സർക്കാർ. അതത് വകുപ്പുകളിലും മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ഓഫീസിലും ഫയലുകളുടെയും പദ്ധതികളുടെയും നിലവിലെ സ്ഥിതി തത്സമയം വിലയിരുത്താൻ കഴിയുന്ന സംവിധാനമാണ് നടപ്പാക്കുക.

സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിനുകീഴിൽ ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിങ് സെൽ തുടങ്ങുമെന്ന് മന്ത്രിസഭായോഗം വിശദീകരിച്ച് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.



# ഇന്ത്യയടക്കം ഇരുപതിലേറെ രാജ്യങ്ങളിൽ ക്രൈസ്തവ പീഡനം വർധിക്കുന്നു

വാഷിംഗ്ടൺ ഡിസി: ലോകമെമ്പാടും ക്രൈസ്തവവിശ്വാസികൾ നേരിടുന്ന അതിക്രമങ്ങളും വിവേചനങ്ങളും മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി വർധിച്ചുവരുന്നതായി രാജ്യാന്തര മനുഷ്യാവകാശ സംഘടനയായ 'ഇന്റർനാഷണൽ ക്രിസ്ത്യൻ കൺസേൺ' സംഘടനയുടെ ഏറ്റവും പുതിയ ഗ്ലോബൽ പെർസിക്യൂഷൻ ഇൻഡക്സ് റിപ്പോർട്ടിലാണ് ഈ വിവരമുള്ളത്. ഇന്ത്യ, നൈജീരിയ, നിക്കരാഗ്വ, സിറിയ തുടങ്ങി 20 രാജ്യങ്ങളിൽ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളും ഗുരുതരമായ സാഹചര്യവും റിപ്പോർട്ടിൽ അക്കമിട്ട് നിരത്തുന്നു.

മതദേശീയത, സ്വേച്ഛാധിപത്യ പ്രവണതകൾ, തീവ്രവാദം, മതസംഘടനകൾക്കു മേലുള്ള കടുത്ത ഭരണകൂട നിയന്ത്രണങ്ങൾ എന്നിവയാണ് ഈ ആഗോള പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതെന്ന് 'ഫേസസ് ഓഫ് ദി പെർസിക്യൂട്ടഡ്' എന്നു പേരിട്ടിരിക്കുന്ന ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. ലോകമെമ്പാടുമുള്ള 38.8 കോടിയിലധികം ക്രൈസ്തവർ വിശ്വാസത്തിന്റെ പേരിൽ ഉയർന്ന തോതിലുള്ള പീഡനത്തിനും വിവേചനത്തിനും വിധേയരാകുന്നുണ്ടെന്നു റിപ്പോർട്ടിൽ പറയുന്നു. ഏഴു ക്രൈസ്തവ വിശ്വാസികളിൽ ഒരാൾ എന്നതിനു തുല്യമാണ് ഈ കണക്ക്. ക്രൈസ്തവർക്കെതിരേയുള്ള അതിക്രമങ്ങൾ വർധിക്കുന്ന രാജ്യങ്ങളിലെ ഭരണനേതൃത്വങ്ങൾക്കുനേരേയും റിപ്പോർട്ട് വിരൽ ചൂണ്ടുന്നു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി, നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബു, നിക്കരാഗ്വൻ പ്രസിഡന്റ് ഡാനിയൽ ഒർട്ടേഗ, സിറിയൻ പ്രസിഡന്റ് അഹമ്മദ് അൽ ഷാറ എന്നിവരുടെ ഭരണകാലയളവിലെ സാഹചര്യങ്ങൾ റിപ്പോർട്ടിൽ പരാമർശിക്കുന്നു.

ഇന്ത്യയിൽ ക്രൈസ്തവർക്കുനേരെ വർധിച്ചുവരുന്ന ആൾക്കൂട്ട അക്രമണങ്ങളിലും അക്രമസംഭവങ്ങളിലും റിപ്പോർട്ടിൽ ആശങ്ക രേഖപ്പെടുത്തുന്നു. മനുഷ്യാവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സ്വതന്ത്ര സന്നദ്ധ സംഘടനകൾക്കും അതിക്രമങ്ങൾ പുറത്തുകൊണ്ടുവരുന്ന മാധ്യമങ്ങൾക്കും അടിയന്തരമായി സുരക്ഷ ഉറപ്പാക്കണമെന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നു. പീഡനങ്ങളും കൂട്ടക്കൊലകളും പതിവാകുന്ന നൈജീരിയയിൽ അക്രമങ്ങളെക്കുറിച്ച് സ്വതന്ത്രമായ അന്താരാഷ്ട്ര അന്വേഷണം വേണമെന്നും മതസ്വാതന്ത്ര്യത്തിന് തടസമാകുന്ന നിയമങ്ങൾ റദ്ദാക്കാൻ അന്താരാഷ്ട്ര സമൂഹം സമ്മർദം ചെലുത്തണമെന്നും ഐസിസി ആവശ്യപ്പെട്ടു.

സ്ഥിതിവിവരക്കണക്കുകൾക്ക് അപ്പുറം സ്വന്തം സുരക്ഷിതത്വത്തേക്കാളും ജീവനേക്കാളും വിശ്വാസത്തിനു വില കൽപ്പിച്ച മനുഷ്യരുടെ കഥകളാണ് റിപ്പോർട്ടിലുള്ളതെന്നും ആഗോള നയരൂപീകരണ വിദഗ്ധർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്നും ഐസിസി പ്രസിഡന്റ് ഷോൺ റൈറ്റ് ആവശ്യപ്പെട്ടു.

അതേസമയം, വെല്ലുവിളികൾക്കിടയിലും ഏറ്റവും പ്രതികൂലമായ സാഹചര്യങ്ങളിൽപ്പോലും സഭ വളർന്നുകൊണ്ടിരിക്കുകയാണെന്നും അടിച്ചമർത്തലുകൾക്കെതിരായ ചെറുത്തുനിൽപ് ശക്തിപ്പെടുന്നുണ്ടെന്നും റിപ്പോർട്ടിൽ പരാമർശമുണ്ട്.

# ഓസ്ട്രേലിയയിൽ കരുത്തുകാട്ടാൻ ഇന്ത്യൻ റഫാൽ

ന്യൂഡൽഹി: ഓസ്ട്രേലിയയിൽ നടന്നുന്ന ലോകത്തിലെ ഏറ്റവും വലിയ ബഹുരാഷ്ട്ര വ്യോമാഭ്യാസ പ്രകടനം 'എക്സർസൈസ് പിച്ച് ബ്ലാക്ക് 2026'-ൽ പങ്കെടുക്കാൻ വ്യോമസേനയുടെ അഭിമാനമായ അത്യാധുനിക റഫാൽ യുദ്ധവിമാനങ്ങൾ. ആദ്യമായാണ് റഫാൽ വിമാനങ്ങൾ പിച്ച് ബ്ലാക്ക് വ്യോമസേനാഭ്യാസത്തിൽ പങ്കെടുക്കുന്നത്.


റോയൽ ഓസ്ട്രേലിയൻ വ്യോമസേന ആതിഥേയത്വം വഹിക്കുന്ന അഭ്യാസപ്രകടനം തിങ്കളാഴ്ച മുതൽ ഓഗസ്റ്റ് ഏഴു വരെയാണ്. ഓസ്ട്രേലിയയിലെ ഡാർവിൻ, ടിൻഡൽ, ആംബർലി വ്യോമസേനാ താവളങ്ങളിലായിട്ടാണ് സൈനികപ്രകടനം. 19 രാജ്യങ്ങളിൽ നിന്നായി നൂറിലധികം വിമാനങ്ങളും 2500-ലധികം സൈനിക ഉദ്യോഗസ്ഥരും ഇതിൽ പങ്കാളികളാകും.

നാല് റഫാൽ യുദ്ധവിമാനങ്ങൾ രണ്ട് സി-17 ഗ്ലോബ്മാസ്റ്റർ ഗതാഗത വിമാനങ്ങൾ, 250-ലധികം വ്യോമസേനാംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ഇന്ത്യൻ സംഘം.

# തമോഗർത്തങ്ങളിലെ നക്ഷത്രവേട്ട കണ്ടെത്താൻ ഇനി നാസയുടെ 'റോമൻ'

വാഷിംഗ്ടൺ: പ്രപഞ്ചത്തിലെ വിദൂര തമോഗർത്തങ്ങളെയും അവ നക്ഷത്രങ്ങളെ വിഴുങ്ങുന്ന അപൂർവ പ്രതിഭാസങ്ങളെയും കണ്ടെത്താൻ നാസയുടെ പുതിയ ബഹിരാകാശ ദൂരദർശിനി ഒരുങ്ങുന്നു. 'നാൻസി ഗ്രേസ് റോമൻ സ്പേസ് ടെലിസ്കോപ്പ്' എന്നു പേരിട്ടിരിക്കുന്ന ഈ ദൂരദർശിനിക്ക് ഏകദേശം 11 ശതകോടി വർഷങ്ങൾക്കു മുമ്പ് നിലനിന്നിരുന്ന പുരാതന തമോഗർത്തങ്ങളെപ്പോലും കണ്ടെത്താൻ സാധിക്കുമെന്നാണ് പുതിയ ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. അടുത്ത മാസം 30-നാണ് ഇതിന്റെ വിക്ഷേപണം നിശ്ചയിച്ചിരിക്കുന്നത്.


തമോഗർത്തങ്ങൾ നക്ഷത്രങ്ങളെ വലിച്ചുകീറി വിഴുങ്ങുന്ന ടൈഡൽ ഡിസ്റപ്ഷൻ ഇവന്റ് (ടിഡിഇ) എന്ന പ്രതിഭാസത്തെ നിരീക്ഷിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. നക്ഷത്രങ്ങൾ ഇത്തരത്തിൽ വിഴുങ്ങപ്പെടുമ്പോൾ പുറപ്പെടുന്ന ശക്തമായ പ്രകാശം വഴിയാണ് സാധാരണയായി ദൃശ്യമാകാത്ത ഭാരം കുറഞ്ഞ തമോഗർത്തങ്ങളെ തിരിച്ചറിയുന്നത്. പ്രപഞ്ച വികാസം മൂലം നീളം കൂടിയ തരംഗദൈർഘ്യമായി മാറിയ പ്രകാശകിരണങ്ങളെ കണ്ടെത്താൻ ഇൻഫ്രാറെഡ് സാങ്കേതികവിദ്യയാണ് ഈ ദൂരദർശിനിയിൽ ഉപയോഗിക്കുന്നത്. പ്രതിവർഷം നൂറോളം ടിഡിഇ പ്രതിഭാസങ്ങൾ കണ്ടെത്താൻ റോമൻ ദൂരദർശിനിക്കു സാധിക്കുമെന്നാണ് ശാസ്ത്രജ്ഞരുടെ കണക്കുകൂട്ടൽ. ജെയിംസ് വെബ് ദൂരദർശിനി പ്രപഞ്ചത്തിലെ ആദ്യകാല



നാൻസി ഗ്രേസ് റോമൻ സ്പേസ് ടെലിസ്കോപ്പിന്റെ നാസ പുറത്തുവിട്ട ചിത്രം.

ഗാലക്സികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയതുപോലെ, പ്രപഞ്ചത്തിന്റെ ഉത്പത്തിയെക്കുറിച്ചുള്ള മുൻകാല രഹസ്യങ്ങൾ ചുരുളഴിക്കാൻ റോമൻ ദൂരദർശിനിയുടെ വിക്ഷേപണത്തോടെ സാധിക്കുമെന്നാണ് ജ്യോതിശാസ്ത്രജ്ഞരുടെ പ്രതീക്ഷ. ഭൂമിയിൽനിന്ന് ഏകദേശം 15 ലക്ഷം കിലോമീറ്റർ അകലെയുള്ള ലഗ്രാഞ്ച് പോയിന്റ് 2 (എൽ2) ലാണ് ഈ ദൂരദർശിനി വിന്യസിക്കുന്നത്. ഈ സ്ഥാനം തടസമില്ലാത്തതും വിശാലവുമായ ആകാശക്കാഴ്ച ഇതിനു നൽകുന്നു.

# ഗാരി സോബേഴ്സിന് വിട



കിംഗ്സ്റ്റൺ: ക്രിക്കറ്റ് ഇതിഹാസം സർ ഗാർഫീൽഡ് സോബേഴ്സ് (89) അന്തരിച്ചു. ബാർബഡോസിലെ വസതിയിലായിരുന്നു അന്ത്യം. വെസ്റ്റിൻഡീസ് ക്യാപ്റ്റനായിരുന്ന സോബേഴ്സ് ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും മികവുറ്റ ഓൾ റൗണ്ടറാണ്. സർ ഡോൺ ബ്രാഡ്മൻ കഴിഞ്ഞാൽ ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും അതികായനായ കളിക്കാരനാണ് സോബേഴ്സ്. ഫൈവ്-ഇൻ-വൺ ക്രിക്കറ്റർ എന്നാണ് സോബേഴ്സിനെ ബ്രാഡ്മാൻ വിശേഷിപ്പിച്ചത്. ബാറ്റിംഗിലും ബൗളിങ്ങിലും ഫീൽഡിങ്ങിലും അദ്ദേഹം ഒരുപോലെ തിളങ്ങി. 1954-ൽ ടെസ്റ്റിൽ അരങ്ങേറ്റം കുറിച്ച സോബേഴ്സ് 1974 വരെ 93 ടെസ്റ്റ് കളിച്ചു. 8032 റൺസാണ് (ശരാശരി 57.78) സ്വന്തം പേരിൽ കുറിച്ചത്. 26 ടെസ്റ്റ് സെഞ്ചുറികൾ നേടി. ഇടംകൈയൻ പേസ് ബൗളർ, സ്ലോ ഇടംകൈയൻ ഓർത്തഡോക്സ്, റിസ്റ്റ് സ്പിന്നർ എന്നീ നിലകളിലും തിളങ്ങി, ടെസ്റ്റിൽ 34.3 ശരാശരിയിൽ 235 വിക്കറ്റ്നേടി. ഫീൽഡിങ്ങിൽ അനിതരസാധാരണമായ മികവുണ്ടായിരുന്ന സോബേഴ്സ് 109 ക്യാച്ചുകളും സ്വന്തമാക്കി. ഫസ്റ്റ്ക്ലാസ് ക്രിക്കറ്റിൽ ഒരു ഓവറിൽ ആറ് സിക്സറുകൾ പറത്തിയ താരമാണ്, 39 ടെസ്റ്റിൽ വെസ്റ്റിൻഡീസിനെ നയിച്ചു. ടെസ്റ്റിൽ പത്ത് വിക്കറ്റ് നേട്ടമൊഴികെ എല്ലാം സേബോഴ്സിനെ തേടിയെത്തി. കളിച്ച ഒരേയൊരു ഏകദിന മത്സരത്തിൽ സോബോഴ്സ് പൂജ്യത്തിനു പുറത്തായി. 90 വയസ് പൂർത്തിയാക്കാൻ 11 ദിവസം ശേഷിക്കെയാണ് അന്ത്യം.

# സ്പെയിൻ ലോക ജേതാക്കൾ

(ഒന്നാം പേജിൽ നിന്നും)

ഈ വിജയത്തോടെ പരാജയമറിയാതെയുള്ള സ്പെയിനിന്റെ കുതിപ്പ് 38 മത്സരങ്ങളായി. പുരുഷ ഫുട്ബോളിൽ പുതിയ ലോക റിക്കാർഡാണിത്.

സ്പെയിനിന്റെ കിരീടത്തിലേക്ക് നയിച്ചതിൽ മുഖ്യപങ്കുവഹിച്ച മധ്യനിരതാരം റോഡ്രിഗോ ഹെർണാണ്ടസ് എന്ന റോഡ്രി മികച്ച താരത്തിനുള്ള ഗോൾഡൻ ബോൾ പുരസ്കാരം നേടി. ലോകകപ്പിലെ ഗോൾ വേട്ടക്കാരനുള്ള ഗോൾഡൻ ബൂട്ട് ഫ്രാൻസിലെ സൂപ്പർ താരം കിലിയൻ എംബാപ്പെക്കാണ്. എട്ടു മത്സരങ്ങളിൽനിന്ന് പത്തു ഗോളുകളാണ് താരം നേടിയത്. എട്ടു ഗോളുകളുമായി മെസി രണ്ടാമതായി. സ്പെയിനിന്റെ ഗോൾവല കാത്ത ഉനായ് സിമോൺ മികച്ച ഗോൾകീപ്പർക്കുള്ള ഗോൾഡൻ ഗ്ലൗ സ്വന്തമാക്കി.

എട്ടു മത്സരങ്ങളിൽനിന്ന് ഒരു ഗോൾ മാത്രമാണ് സിമോൺ വഴങ്ങിയത്. മികച്ച യുവതാരമായി തെരഞ്ഞെടുക്കപ്പെട്ടത് സ്പെയിനിന്റെ പൗ കുർബാസിയാണ്.

2023-ലെ വനിതാ ലോകകപ്പ് ഫൈനലിൽ ഇംഗ്ലീഷ് നിരയെ എതിരില്ലാതെ ഒരു ഗോളിന് തോൽപ്പിച്ച് സ്പെയിൻ ടീം ആദ്യമായി കിരീടം ചൂടിയിരുന്നു. ഇതോടെ ഫിഫയുടെ രണ്ടു ലോകകിരീടങ്ങളും ഒരേ സമയം സ്പെയിൻ നേടിയത് പന്തുകളിയിൽ അവരുടെ ആധിപത്യം പ്രകടമാകുകയാണ്.

# നഗര മദ്ധ്യത്തിൽ യുവാവ് കുത്തേറ്റു മരിച്ചു

കോട്ടയം: നഗരത്തിലെ ബാറിൽ നിന്നിറങ്ങിയ യുവാക്കൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരാൾ കുത്തേറ്റു മരിച്ചു. കോത്തല കുമ്പന്താനം തടത്തിൽപുരയിടം ടി.എം. നാരായണന്റെ മകൻ ടി.എൻ വിനീതാണ് (33) ആണ് മരിച്ചത്.

ഇതുമായി ബന്ധപ്പെട്ട് വിജയപുരം മാങ്ങാനം പുത്തൻപറമ്പിൽ ശ്രീകാന്തിനെ കൺട്രോൾ റൂം പോലീസ് സംഭവസ്ഥലത്തുനിന്ന് പിടികൂടി. ശനിയാഴ്ച രാത്രി 11.30-ന് കോട്ടയം സെൻട്രൽ ജംഗ്ഷനിലായിരുന്നു സംഭവം.

കൊല്ലപ്പെട്ട വിനീതും പ്രതി ശ്രീകാന്തും മദ്യപിച്ചശേഷം ബാറിൽനിന്നു പുറത്തിറങ്ങിയപ്പോഴുണ്ടായ വാക്കുതർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്.

ശ്രീകാന്തിന്റെ കൈയിൽ നിന്നും വിനീത് വാങ്ങിയ ഫോൺ തിരിച്ചു കൊടുക്കാത്തതുമായി ബന്ധപ്പെട്ടായിരുന്നു തർക്കം. ഇത് കയ്യാങ്കളിയിലേക്കു മാറിയതോടെ ശ്രീകാന്ത് കൈയിൽ കരുതിയിരുന്ന കത്തിയെടുത്ത് വിനീതിനെ കുത്തുകയായിരുന്നു. അഞ്ചിലേറെ തവണ നെഞ്ചിലും വയറിലും കുത്തിയെന്നാണ് പ്രാഥമിക വിവരം. അക്രമാസക്തനായ പ്രതിയെ പോലീസ് സാഹസികമായാണ് കീഴ്പ്പെടുത്തിയത്. കുത്തേറ്റ വിനീതിനെ ജില്ല ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# വലിയ കെട്ടിടങ്ങൾക്ക് ഊർജ്ജക്ഷമതാ റേറ്റിങ്

ന്യൂഡൽഹി: വലിയ ഓഫീസ്, വാണിജ്യ, പാർപ്പിട കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ, സുസ്ഥിര കെട്ടിട നിർമ്മാണച്ചട്ടം (ഇസിഎസ്ബിസി) അനുസരിച്ച് ഊർജ്ജക്ഷമതയുമായി ബന്ധപ്പെട്ട നിർബന്ധിത സ്റ്റാർ റേറ്റിങ് ഏർപ്പെടുത്തും. കരട് വിജ്ഞാപനം കേന്ദ്ര ഊർജ്ജമന്ത്രാലയം പുറത്തിറക്കി.

20,000 ചതുരശ്ര മീറ്ററോ അതിലേറെയോ വിസ്തൃതിയുള്ള എല്ലാ പുതിയ കെട്ടിടസമുച്ചയങ്ങൾക്കും ഊർജ്ജക്ഷമതാ റേറ്റിങ് നിയമവിധേയമാകും. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം നിർമാണം ആരംഭിക്കുന്നവയാണ് ഇതു പാലിക്കേണ്ടത്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബിഇഇ) അല്ലെങ്കിൽ ഒരു ബിഇഇ അപ്രൂവ്ഡ് ഏജൻസിയുടെ (ഉദാ. ഗൃഹ) റേറ്റിങ് നേടണം. വൈദ്യുതി ഉപയോഗവും കാർബൺ പുറന്തള്ളലും കുറയ്ക്കാനാണ് റേറ്റിങ് നിർബന്ധമാക്കുന്നത്.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## വി.സി. ജേക്കബ്

**പഴയിടം:** റിട്ട. ഹെഡ്മാസ്റ്റർ വളയത്ത് വി.സി. ജേക്കബ് (അപ്പച്ചൻ-87) അന്തരിച്ചു. ഭാര്യ ചെറുവള്ളി തങ്കമ്മ ജോസഫ് മാടത്താനിക്കുന്നേൽ കുടുംബാംഗം. മക്കൾ: ബെന്നി ജേക്കബ് (യുഎസ്), ബൈജ അജു പള്ളിക്കാപറമ്പിൽ മോനിപ്പള്ളി, അനുജ പ്രിയേഷ് മാഞ്ഞാലി കാഞ്ഞൂർ (കാനഡ). മരുമക്കൾ: മിനി നെടുങ്ങോട്ടിൽ അറുനൂറ്റിമംഗലം (യുഎസ്), പരേതനായ അജു പള്ളിക്കാപറമ്പിൽ, പ്രിയേഷ് മാഞ്ഞാലി, കാഞ്ഞൂർ (കാനഡ).

## റവ.ഡോ. ജേക്കബ് കുര്യൻ



**ഹൂസ്റ്റൺ:** പ്രശസ്ത സുവിശേഷ പ്രസംഗകനും സമർപ്പിത ശുശ്രൂഷകനുമായിരുന്ന റവ. ഡോ. ജേക്കബ് കുര്യൻ (തമ്പി -85) ഹൂസ്റ്റണിൽ അന്തരിച്ചു. ത്യാഗപൂർണമായ ജീവിതവും ദൈവവചന പ്രഘോഷണത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും പതിറ്റാണ്ടുകളായി നിർവഹിച്ച വിശ്വസ്ത ശുശ്രൂഷയും കൊണ്ട് അദ്ദേഹം അനേകരുടെ ജീവിതത്തെ സ്വാധീനിച്ച ആത്മീയ നേതാവായിരുന്നു. വേൾഡ് ഔട്ട് റീച്ച് മിനിസ്ട്രീസിന്റെ സ്ഥാപകൻ കൂടിയായ പരേതൻ പുനലൂർ ആസ്ഥാനമായി ബൈബിൾ സ്കൂൾ, ഓർഫനേജ്, സഭാപ്രവർത്തനങ്ങളൊക്കെ നടത്തിയിരുന്നു. ഭാര്യ ലീലമ്മ കുര്യൻ. മക്കൾ: ആൻ & പ്രെസ്റ്റ്ലി തോമസ്, എലിസബത്ത് & ജോജോ ജേക്കബ്, ജോർജ് & റിനി കുര്യൻ, റേച്ചൽ കുര്യൻ.

**ആലപ്പുഴ:** വിസിറ്റേഷൻ സഭാംഗവും മദർ സുപ്പീരിയറുമായിരുന്ന സിസ്റ്റർ മേരി അസൂന്ത (88) അന്തരിച്ചു.

## ശോശാമ്മ വർക്കി

**മാങ്ങാനം:** വേലങ്ങാട് ശോശാമ്മ വർക്കി (പൊന്നമ്മ-96) അന്തരിച്ചു. മാരാമൺ താഴേക്കുത്തൂർ കുടുംബാംഗമാണ്. ഭർത്താവ് കൊച്ചിൻ ഡോക്. ലേബർ ബോർഡ് റിട്ട. ലേബർ ഓഫീസർ പരേതനായ വി.കെ. വർക്കി (വേലങ്ങാടൻ കളിവള്ളം ഉടമ). മക്കൾ: ഷാജി (യുഎസ്), റെജി, ഷേർളി, കൊച്ചുമോൻ. മരുമക്കൾ: ഉഷ കല്ലുപാലത്തിങ്കൽ (കോട്ടയം), അനില പണ്ഡാരകുന്നേൽ (പുതുപ്പള്ളി), എ.എം. മാണി ആര്യംകുളത്ത് (കഞ്ഞിക്കുഴി), ഷൈൻ വർക്കി പന്ത്രണ്ടപറയിൽ (വിജയപുരം പഞ്ചായത്ത് പ്രസിഡണ്ട്).

## എം.എസ്. ഗീതാപണിക്കർ

**ആനിക്കാട്:** കോരുത്തോട് സികെഎം എച്ച്എസ്എസ് റിട്ട. ഹെഡ്മിസ്ട്രസ് ഇളമ്പള്ളി ചിറക്കൽ എം.എസ്. ഗീതാപണിക്കർ (74) അന്തരിച്ചു. ഇലവുംതിട്ട കാഞ്ഞിരം നിൽക്കുന്നതിൽ കുടുംബാംഗമാണ്. ഭർത്താവ്: സി.ആർ. രാജപ്പൻ (റിട്ട. പ്രഫസർ എസ്എൻ. കോളജ് ചേർത്തല). മക്കൾ: ആർ. രാജഗീത (ടീച്ചർ ചേർത്തല), ആർ. ഗീതാലക്ഷ്മി (യുഎസ്). മരുമക്കൾ: ആർ. രൂപേഷ് (അസി.എക്സി. എൻജിനീയർ പിഡബ്ല്യുഡി), അരുൺ മോഹൻ (യുഎസ്).

**കുര്യനാട്:** റിട്ട. എക്സി. എൻജിനീയർ കുന്നുമല (വാഴപ്പറമ്പിൽ) നിധീരി കൈതമറ്റം കെ.ജെ. ജോർജ് (82) അന്തരിച്ചു.

## കെ.എം. മാത്യു

**ഇടമറ്റം:** കുറ്റിക്കാട്ട് കെ.എം. മാത്യു (പാപ്പച്ചൻ-96) അന്തരിച്ചു. ഭാര്യ അരുവിത്തുറ കണ്ടത്തിൻകര പരേതയായ അന്നമ്മ. മക്കൾ: ജോസ് മാത്യു, റോസമ്മ തോമസ്, കുട്ടിയമ്മ മാത്യു, മോളി ജോയ്, ഡോളി മാത്യു, ബെന്നി മാത്യു (എല്ലാവരും യുഎസ്), പരേതയായ ലിസി ഫിലിപ്പ്, മേരിക്കുട്ടി ഐസക് (കല്ലൂർക്കാട്), തെയ്യാമ്മ ജോസഫ് (ഉരുളികുന്നം), സിസ്റ്റർ പ്രീതി (പാലാ). മരുമക്കൾ: മേരി ജോസ് ഓരത്തേൽ കുറുപ്പന്തറ, തോമസ് വയലിൽ പൂഞ്ഞാർ, മാത്യു കോന്തംപറമ്പിൽ കൈപ്പള്ളി, ജോയി ജോസഫ് നീരോലിക്കൽ മൂവാറ്റുപുഴ, അഞ്ജു ബെന്നി മാറാട്ടിൽ വാഴക്കാല തൊടുപുഴ (എല്ലാവരും യുഎസ്), ഫിലിപ്പ് പാറപ്ലാക്കൽ (പയസ്മൗണ്ട്), ഐസക് മുണ്ടിയത്ത് (കല്ലൂർക്കാട്), ജോസ് കളരിക്കൽ (ഉരുളികുന്നം).

**തുരുത്തി:** വഞ്ചിപ്പുഴ വി.എസ് ആന്റണി (അന്തോനിച്ചൻ -92) അന്തരിച്ചു.

## വി.എസ്. നീലകണ്ഠ പിള്ള

**ആനിക്കാട്:** പൊതുമരാമത്ത് വകുപ്പ് റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ മുക്കാലി അഞ്ചാനി ഗോപീവിലാസത്തിൽ വി.എസ്. നീലകണ്ഠപിള്ള (82) അന്തരിച്ചു. ഭാര്യ അഞ്ചാനിയിൽ ജി. ഉമാദേവി. മകൾ: യു. സുപ്രിയ (യുഎസ്). മരുമകൻ: പടിഞ്ഞാറേ കല്ലട ജി.കെ. മോഹനകൃഷ്ണൻ (യുഎസ്).

## ത്രേസ്യാമ്മ

**മഞ്ഞാമറ്റം:** പനമുണ്ടയിൽ ത്രേസ്യാമ്മ (87) അന്തരിച്ചു. ഉപ്പുതറ കോഴിക്കോട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഏബ്രഹാം. മക്കൾ: ജിസ, ജീന, ജിജോ. മരുമക്കൾ: ജോസുകുട്ടി തെക്കേമുറിയിൽ കടനാട്, സജിൻ കൂരുവേലിൽ (കുവൈറ്റ്), അനില കുന്നത്തൂർ (യുഎസ്).

**പമ്പാവാലി:** പാണപിലാവ് പുതിയാപറമ്പിൽ തങ്കമ്മ ചാക്കോ (79) അന്തരിച്ചു.

## റോസമ്മ ജോസ്

**പള്ളിക്കത്തോട്:** ഇരട്ടയാനിക്കൽ റോസമ്മ ജോസ് (ലീലാമ്മ-75) അന്തരിച്ചു. മാമ്മൂട് തൃക്കോയിക്കൽ കുടുംബാംഗമാണ്. ഭർത്താവ് ജോസ്. മക്കൾ: ലിജോ ജോസ്, സിജോ ജോസ് (യുഎസ്). മരുമക്കൾ: നിഷ ലിജോ മാമ്മൂട്ടിൽ (കരിങ്കുന്നം), ഗീതു സിജോ ചിറക്കര ഈങ്ങാപ്പുഴ (യുഎസ്).

## ജോജി കോവൂർ

**റാന്നി:** ജില്ലാ സഹകരണ ബാങ്ക് റിട്ട. എക്സിക്യൂട്ടീവ് ഓഫീസർ തോട്ടമൺ കോവൂർ ജോജി (67) യുഎസിൽ അന്തരിച്ചു. ഭാര്യ റാന്നി വൈക്കം പാറാണിക്കൽ ലൗലി (റിട്ട. സൂപ്രണ്ട് കെഎസ്ആർടിസി പത്തനംതിട്ട). മക്കൾ: പ്രിറ്റോ, പ്രിറ്റി, പ്രിജോ (എല്ലാവരും യുഎസ്). മരുമക്കൾ: ചെറുകുളത്തി പാലത്തിങ്കൽ അൻസു, കല്ലിശേരി കിഴക്കേപറമ്പിൽ ആൽവിൻ, എറണാകുളം കടവന്ത്ര ഇടയാടിയിൽ എയ്ഞ്ചല.

## പ്രഫ. പി.ടി. ജോസഫ്

**തോടനാൽ:** കോഴിക്കോട് ദേവഗിരി സെ. ജോസഫ്സ് കോളജ് റിട്ട പ്രഫ.ചെല്ലന്തറ പുത്തൻപുര പി.ടി. ജോസഫ് (അപ്പച്ചൻ-86) അന്തരിച്ചു. ഭാര്യ പ്രവിത്താനം നായ്ക്കംപറമ്പിൽ റിട്ട. പ്രഫ. റോസമ്മ ജോസഫ്. മക്കൾ: ഡോ. മോനിഷ് ജെ. തോമസ് (സൺറൈസ് ആശുപത്രി, ഈറാറ്റുപേട്ട), സൗമ്യ ജോസഫ് (യുഎസ്). മരുമക്കൾ: ഷിരൺ തെരാസ മൈലാടൂർ (മുണ്ടാങ്കൽ), ജിയോ വർക്കി താഴ്ക്കുഴി, തൃപ്പൂണിത്തുറ (യുഎസ്).

## ജേക്കബ് എം. ഉമ്മൻ

**മല്ലപ്പള്ളി:** കനറ ബാങ്ക് റിട്ട. എജിഎം മല്ലപ്പള്ളി മോടയിൽ ജേക്കബ് എം. ഉമ്മൻ (ജെബി -64) ഹൈദരാബാദിൽ അന്തരിച്ചു. ഭാര്യ സൂസൻ ജേക്കബ്. മകൻ: തോമസ് ജേക്കബ് (യുഎസ്). മരുമകൾ: ജോസ്റ്റിൻ ജേക്കബ് (യുഎസ്).

## എസ്. രാധാകൃഷ്ണൻ നായർ

**തിരുവനന്തപുരം:** നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ റിട്ട. ജനറൽ മാനേജർ ഉഷസിൽ എസ്. രാധാകൃഷ്ണൻ നായർ (75) അന്തരിച്ചു. ഭാര്യ എ.കെ. ലത (റിട്ട. പ്രഫ. തൃശൂർ എൻജിനീയറിങ് കോളജ്). മക്കൾ: അഞ്ജു കൃഷ്ണ (കാലിഫോർണിയ), അനൂപ് കൃഷ്ണ (ജോ. മാനേജർ എച്ച്ആർഎൻടിസി ഡൽഹി). മരുമക്കൾ പി.എസ്. രാമനാഥൻ (കാലിഫോർണിയ), ഡോ. ദേവി എസ്. നായർ (നോയിഡ).

**തൃശൂർ:** ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ബിരുദം നേടി ശ്രദ്ധേയനായ നല്ലങ്കര കൈരളി നഗറിൽ മഴുവഞ്ചേരിപറമ്പത്ത് എം.കെ. ഇട്ടിമാണി (100) അന്തരിച്ചു.

## ചീരൻ മറിയാമ്മ ജെയിംസ്



**തൃശൂർ:** നെല്ലിക്കുന്ന് സിയോൻ ബ്രദറൺ ചർച്ച് അംഗവും പരേതനായ ചീരൻ ജെയിംസ് വില്യം സി.ജെയുടെ ഭാര്യയുമായ സിസ്റ്റർ മറിയാമ്മ ജെയിംസ് (78) അന്തരിച്ചു. സിജെ. സാമുവൽ തമ്പി (ഫിലാഡൽഫിയ) യുടെ സഹോദരന്റെ ഭാര്യയാണ് പരേത. മക്കൾ: ജോസഫ് ജെയിംസ് (ജോമോൻ) & റേഗ്ലിനിസ് ജോസഫ് (റേമോൾ (ദോഹ), ജിനു അനൂപ് & അനൂപ് തോമസ് (ചെന്നൈ), മിനു അജി & അജി തോമസ് (തൃശൂർ), വർഗീസ് ജെയിംസ് (ജെറി) & അനിത ജെയിംസ് (ലണ്ടൻ).

**കോട്ടയം:** ഊട്ടി രൂപതാംഗവും ബെംഗ്ളൂരു സെ. പീറ്റേഴ്സ് പൊന്തിഫിക്കൽ സെമിനാരി എമെരിറ്റസ് പ്രഫസറുമായിരുന്ന ഫാ. ഡോ.എ.എം. ജോസഫ് ഏത്തക്കുഴി (73) അന്തരിച്ചു.

## കെ. ശിവദാസൻപിള്ള

**മുളവന:** കേന്ദ്രീയ വിദ്യാലയം റിട്ട. പ്രിൻസിപ്പാൾ പേരയം ചൊക്കംകുഴി മാതൃമന്ദിരം വീട്ടിൽ കെ. ശിവദാസൻ പിള്ള (93) അന്തരിച്ചു. ഭാര്യ ജി. ജഗദമ്മ (റിട്ട. ഏജീസ് ഓഫീസ്). മക്കൾ: ഡോ. എം.എസ്. പത്മകുമാർ (യുഎസ്), ഡോ. ജെ. ഇന്ദുലേഖ (ഗൈനക്കോളജിസ്റ്റ്), ഡോ. എം.എസ്. ജഗദീഷ് (യുഎസ്), എം.എസ്. ശിവശങ്കർ (യുഎസ്). മരുമക്കൾ: ഡോ. അംബിക പ്രസാദ് (യുഎസ്), ഡോ. എം.എൻ. സെന്തിൽ പ്രകാശ് (പ്രഫ. കുസാറ്റ്), സൗമ്യ പ്രസാദ് (യുഎസ്).

## കുര്യൻ ടി. കുര്യൻ

**തുകലശേരി:** തോട്ടത്തിൽ ശാരോൺ വ്യൂവിൽ കുര്യൻ ടി. കുര്യൻ (ബാബു-75) അന്തരിച്ചു. ഭാര്യ കുമാരനല്ലൂർ കൊളഞ്ഞിക്കൊമ്പിൽ ആനി കുര്യൻ. മക്കൾ: ശരത് കുര്യൻ (പപ്പുവ ന്യൂഗിനിയ), ശാരി മറിയ കുര്യൻ (ഫ്ളോറിഡ), ശിശിർ കുര്യൻ (കാഴ്ച സ്റ്റുഡിയോ തിരുവല്ല). മരുമക്കൾ: മുണ്ടക്കയം പനമറ്റത്ത് ജെൻസി മാത്യു, പുതുവൽ താനോത്തറയിൽ, ഷെബി തങ്കച്ചൻ, തിരുവനന്തപുരം കോലത്ത് ബെറ്റ്സി ജോർജ്.

**കുറവിലങ്ങാട്:** കോഴ സെ. മേരീസ് ബോയ്സ് ഹൈസ്കൂൾ റിട്ട. അധ്യാപകൻ കിണറ്റിങ്കൽ കെ.വി. വർക്കി (101) അന്തരിച്ചു.

## ബേബി ജോസഫ്

**വലവൂർ:** കെഎസ്ആർടിസി റിട്ട. സ്റ്റേഷൻമാസ്റ്റർ (പാലാ) തെരുവപ്പുഴ ബേബി ജോസഫ് (70) അന്തരിച്ചു. ഭാര്യ അന്ത്യാളം വേരനാനിക്കൽ റോസമ്മ ജോസഫ്. മക്കൾ: ആൽവിൻ ബേബി, പൊന്നി റോസ്, ആർച്ച ബേബി. മരുമക്കൾ: ഷീന തോമസ് പരുവനാടിയിൽ (കുടക്കച്ചിറ), രഞ്ജു ജോസഫ് കല്ലറക്കൽ (കുമരകം), അജയ് റെജി കീരംകേരിൽ (ചിക്കാഗോ).

## പി.സി. മാത്യു

**കുമാരമംഗലം:** പാറത്തലയ്ക്കൽ പി.സി. മാത്യു (84) അന്തരിച്ചു. ഭാര്യ ചിലവ് പറേക്കുന്നേൽ ആലീസ് മാത്യു. മക്കൾ: സ്റ്റെല്ല, സ്വപ്ന (ഇരുവരും യുഎസ്), ജെയിംസ്, സിസ്റ്റർ സൗമ്യ (മൈസൂരു), ബെസ്റ്റിൻ (അയർലൻഡ്). മരുമക്കൾ: ഷാജി ആലപ്പാട്ട്, ജോബി വെട്ടുവേലിൽ (ഇരുവരും യുഎസ്), ടിന്റു പേന്താനത്ത്, ടിനു തെക്കേമണാങ്കതടത്തിൽ (അയർലൻഡ്).

## ലീല കല്ലറയ്ക്കൽ



**ടാമ്പ:** അമേരിക്കൻ മലയാളി സമൂഹത്തിലെ സജീവ സാന്നിദ്ധ്യവും സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, തോനോടോസ്സാസ്സ ഇടവകാംഗവുമായിരുന്ന ലീല കല്ലറയ്ക്കൽ (അക്കാമ്മ-79) അന്തരിച്ചു. ടാമ്പയിലെ മലയാളി സമൂഹത്തിന്റെ ആദരവും സ്നേഹവും നേടിയ വ്യക്തിയായിരുന്ന പരേതയുടെ നിര്യാണത്തിൽ ടാമ്പയിലെ അമേരിക്കൻ മലയാളി സമൂഹം അനുശോചനം രേഖപ്പെടുത്തി.

**മാന്നാനം:** മെഡിക്കൽ കോളജ് മുൻ നേഴ്സിങ് അസി. ഓണശ്ശേരിൽ അന്നമ്മ ജോസഫ് (നാങ്ങമ്മ-85) അന്തരിച്ചു.

## പി.ആർ. അമ്മിണി

**കുമ്മനം:** റിട്ട. ഹോമിയോ ഫാർമസിസ്റ്റ് ബിന്ദു ഭവനിൽ പി.ആർ. അമ്മിണി (75) അന്തരിച്ചു. ഭർത്താവ് നാരായണൻ (റിട്ട. പോലീസ് ഉദ്യോഗസ്ഥൻ). മക്കൾ: ബിന്ദു ശ്യാം (യുഎസ്), ബിനു. മരുമക്കൾ: ശ്യാം (യുഎസ്), ഹേമ എച്ച്. നായർ (സെക്രട്ടറി മര്യാത്തുരുത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക്).

**പ്രവിത്താനം:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രവിത്താനം യൂണിറ്റ് ട്രഷറർ അല്ലപ്പാറ തോപ്പിൽ ഷാജി ഭാസ്കരൻ (50) അന്തരിച്ചു.

## ഡോ. കെ. വിജയശങ്കർ

**പന്തളം:** എൻ.എസ്.എസ്. കോളജ് റിട്ട. പ്രഫസർ കടയ്ക്കൽ തെക്ക് രോഹിണിയിൽ ഡോ. കെ. വിജയശങ്കർ (72) അന്തരിച്ചു. ഭാര്യ ജി. വിജയമ്മ (റിട്ട. പ്രഫ. എൻഎസ്എസ് കോളജ് പന്തളം). മക്കൾ: ധന്യ അരുൺ ശങ്കർ, കിരൺ വിജയശങ്കർ (യുഎസ്), മരുമക്കൾ: അരുൺ ശങ്കർ, ആശ അഞ്ജു (യുഎസ്).

**വാഴക്കുളം:** വേങ്ങച്ചുവട് തെനംകാലായിൽ പിണക്കാട്ട് റോസമ്മ (106) അന്തരിച്ചു.

## കെ.എസ്. മാണി

**അരീപ്പറമ്പ്:** അമയന്നൂർ ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ താഴത്തേടത്ത് കെ.എസ്. മാണി (കുട്ടപ്പൻ-92) അന്തരിച്ചു. അരീപ്പറമ്പ് സർവീസ് സഹകരണ ബാങ്ക് മുൻ ഭരണസമിതി അംഗമാണ്. ഭാര്യ വെള്ളൂർ പ്ലാത്തോട്ടത്തിൽ ഏലിയാമ്മ മാണി. മക്കൾ: ബിജോയ് കെ. മാണി (യുഎസ്), ബീന സുനിൽ, ബെന്നി കെ. മാണി (ജാക്സൺ ഡ്രഗ്ഹൗസ് കോട്ടയം), ബോബൻ കെ. മാണി (ഖത്തർ). മരുമക്കൾ: മിനി ബിജോയ് പള്ളികാലായിൽ (യുഎസ്), സുനിൽ തോമസ് മൂലക്കാട്ട് പെരുമ്പടവം (റോയൽ ട്രേഡേഴ്സ് പിറവം), സിമി മേരി ജേക്കബ് പന്തലമുറിയിൽ പുതുപ്പള്ളി (അദ്ധ്യാപിക, മൗണ്ട് കാർമ്മൽ കഞ്ഞിക്കുഴി), ഷീന മാമ്മൻ കക്കുന്നിൽ (ഖത്തർ).

## ജോസഫ്

**കരിങ്കുന്നം:** ഞാവള്ളിൽ കൂന്താനത്ത് ജോസഫ് (കുട്ടപ്പൻ-83) അന്തരിച്ചു. ഭാര്യ തോട്ടക്കര വാളായിൽ മറിയക്കുട്ടി. മക്കൾ: ഫാ. ജോർജ് കൂന്താനം (യുഎസ്), ഷിബി, ഷിബു, നീന, ജോബി (യുകെ), ബോബി (ന്യൂസിലൻഡ്), ലീന. മരുമക്കൾ: എളമക്കര മാളിയേക്കൽ ചിതലൻ ജോളി, മഞ്ഞുമ്മൽ ചിറപ്പണത്ത് സിജി ജോർജ്, വണ്ണപ്പുറം ഈഴയാറത്ത് ഷൈനി, മഞ്ചിക്കല്ല് മാത്തിക്കണ്ടത്തിൽ രമ്യ, കൊല്ലപ്പിള്ളി അവുസേപ്പറമ്പിൽ സെബി.

## സി.സി. ജോയിക്കുട്ടി

**മുട്ടാർ:** ചാരപ്പറമ്പിൽ സി.സി. ജോയിക്കുട്ടി (87) അന്തരിച്ചു. ഭാര്യ മരിയാപുരം പൂന്നപ്രതങ്കമ്മ. മക്കൾ: സിസ്റ്റർ ലിൻസ് മേരി, സിൽവി, ബ്ലസി (ഇരുവരും യുഎസ്), പ്രിൻസി. മരുമക്കൾ: ബബിത പറമുണ്ടയിൽ (പാലാ), കെ.ജി. ജോർജ് കാഞ്ഞിരത്തുംമൂട്ടിൽ (പെരുന്ന), ഫിലിപ്സ് ഏബ്രഹാം ഊന്നുകല്ലിൽ (അയിരൂർ).

## രെജു ജോസഫ്

**റാന്നി:** മണിമലേത്ത് വീട്ടിൽ രെജു ജോസഫ് (78) അന്തരിച്ചു. ഭാര്യ വത്സ കൂട്ടുപുഴ. മകൾ: ഷീന. മരുമകൻ: ഫെമിൻ ചെറുമടക്കാല (ഇരുവരും യുഎസ്).

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## *Favors Received*



*Inserted by: Firm Believer, Dallas*

## *Favors Received*



*Inserted by: Firm Believer, Dallas*

# LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

# വീടും സ്ഥലവും വില്പനയ്ക്ക്

തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Mob: 91 999 544 8337**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**




# ‘വരവ്” സിനിമയെക്കുറിച്ചും ജോജു ജോർജിന്റെ അഭിനയ കരുത്തിനെപ്പറ്റിയും ഷാജി കൈലാസ് പറയുന്നു



**പു**തിയ ചിത്രം ‘വരവി’ന്റെ നിർമാതാക്കളായ റെജിയും നൈസിയും വരുന്നത് മൂന്നുനാലു കഥകളുമായാണ്. അവയൊന്നും എനിക്കു പറ്റിയ സിനിമകൾ ആയിരുന്നില്ല. അങ്ങനെയാണ് എ.കെ. സാജനെ വിളിക്കുന്നത്. ഹൈറേഞ്ച് പശ്ചാത്തലത്തിലുള്ളൊരു ഇമോഷണൽ ഡ്രാമയാണ് സാജൻ പറഞ്ഞത്. ഇതേ പശ്ചാത്തലത്തിൽ ‘കടുവ’ എന്നൊരു സിനിമ ഞാൻ ചെയ്തിട്ടുണ്ട്. എങ്കിലും അതു തോന്നാത്ത വിധത്തിൽ പുതിയ രീതിയിൽ എടുക്കാൻ പറ്റുമെന്നു തോന്നി. പക്ഷേ, സാജന്റെ തിരക്കഥയിൽ ഉള്ളത്രയും വൈകാരിക സംഘർഷങ്ങൾ എനിക്കു പറ്റില്ല. അതു ഞാൻ ചെയ്താൽ തിയറ്ററിൽ നിൽക്കില്ല. എന്റെ ടേസ്റ്റ് വേറെയാണ്. അതുകൊണ്ട് ആക്ഷൻ മൂഡിലേക്കു കൊണ്ടുവരണം എന്നു പറഞ്ഞു. ഒപ്പം ജോലിചെയ്ത് പരിചയം ഉള്ളതുകൊണ്ട് സാജന് അത് എളുപ്പം സാധിച്ചു.

വരവിൽ കുറച്ചു വൈകാരിക മുഹൂർത്തങ്ങളൊക്കെ ഉണ്ട്. കുടുംബബന്ധങ്ങളുടെ പശ്ചാത്തലത്തിൽ തന്നെയാണ് കഥ പറയുന്നത്. പോളച്ചൻ എന്ന കഥാപാത്രത്തെയാണ് ജോജു അവതരിപ്പിക്കുന്നത്. അയാളുടെ നഷ്ടങ്ങളും വേദനകളും കണക്കുതീർക്കലുകളുമൊക്കെ തന്നെയാണ് സിനിമ. അതിൽ വൈകാരിക മുഹൂർത്തങ്ങളുണ്ട്. എന്നാൽ, അത് എന്റെ കയ്യിൽ നിൽക്കുന്ന അളവിലേയുള്ളൂ എന്നുമാത്രം.

ജോജുവും ഞാനും ആദ്യമായിട്ടാണ് ഒന്നിക്കുന്നത്. ബാബ കല്യാണി എന്ന സിനിമയിൽ ചെറിയൊരു വേഷത്തിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. ഞാനത് ഓർക്കുന്നുപോലുമില്ലായിരുന്നു.

ഈ പടത്തിലേക്കു വന്നുകഴിഞ്ഞ് ജോജു തന്നെയാണ് അക്കാര്യം ഓർമിപ്പിച്ചത്. അന്നു രാത്രി ആ സിനിമ വീണ്ടും കണ്ടുനോക്കി. തുടക്കഭാഗത്ത് ഒരു സൈബർ സെൽ ഉദ്യോഗസ്ഥനായിട്ട് വന്നുപോകുന്നൊരു വേഷമായിരുന്നു അത്.

നായകനെന്ന നിലയിൽ സ്വന്തം കഴിവും ഒപ്പം കഠിനാധ്വാനവും വേണ്ട വിധം ഉപയോഗിച്ചാണ് ജോജു ഈ നിലയിൽ എത്തിയത്. എന്റെ നായകന്മാർക്ക് വേണ്ട ഗുണങ്ങൾ ഉള്ള നടനാണ് ജോജു. നല്ല ഇമോഷണൽ ആർട്ടിസ്റ്റാണ്. അയാളുടേതായ സമയവും സൗകര്യവും കൊടുത്താൽ ഗംഭീരമായ റിസൽറ്റ് നൽകുന്നയാളാണ്.

ഫിലിമിൽ സിനിമകൾ ചെയ്തുവന്നയാളാണു ഞാൻ. ഇപ്പോൾ സാങ്കേതിക വിദ്യ  ഏറെ വളർന്നിരിക്കുന്നു. അത് ആഘോഷിക്കണമെന്നു തോന്നുന്നുണ്ട്. നമ്മൾ പുതിയ തലമുറയ്ക്കൊപ്പമാണല്ലോ സഞ്ചരിക്കുന്നത്. അവരുടെ ചിന്താരീതിയും കാഴ്ചപ്പാടും മനസ്സിലാക്കുന്നുണ്ട്. ഓരോ സിനിമയും ഇറങ്ങുന്ന ദിവസംതന്നെ ഞാൻ കാണാൻ ശ്രമിക്കാറുണ്ട്. അപ്പോഴാണ്, സിനിമയിലും സമൂഹത്തിലും വരുന്ന മാറ്റം മനസ്സിലാക്കാൻ പറ്റുന്നത്. കാലത്തിനു ചേർന്നതും എന്റെ ഇഷ്ടങ്ങൾക്കു യോജിക്കുന്നതുമായ പടങ്ങൾ ചെയ്യണമെന്നാണ് ആഗ്രഹം.




## ‘ആന്റപ്പന്റെ അത്ഭുത പ്രവർത്തികൾ’ പ്രദർശനത്തിനെത്തി




**ഹോ**ളി മീൽസ്, ബെൻ, പൊമ്പളൈ ഒരുമൈ, മ്യൂസിക്കൽ ചെയർ എന്നീ ചിത്രങ്ങൾക്ക് ശേഷം വിപിൻ ആറ്റ്ലി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന കോമഡി ഫാന്റസി ചിത്രമായ ആന്റപ്പന്റെ അത്ഭുത പ്രവർത്തികൾ 17–ന് പ്രദർശനത്തിനെത്തി.

കേരള സെൻസർ ബോർഡ് നിരസിച്ച ഈ ചിത്രം, മുംബൈയിലെ റിവ്യൂ കമ്മിറ്റിയിൽനിന്ന് എ സർട്ടിഫിക്കറ്റോടെയാണ് പ്രദർശനാനുമതി ലഭിച്ചിട്ടുള്ളത്. വിപിൻ ആറ്റ്ലി, സാജിദ് യാഹ്യ എന്നിവരോടൊപ്പം ഡോമിനിക്, കലേഷ് കണ്ണാട്ട്, ജെറി ജേക്കബ്, സൂരജ് ടോം, രഞ്ജിനി മേനോൻ, ശർമാജി, ജോസ് മുനമ്പം, മോസപ്പൻ, ഡിക്സൺ പൊടുത്താസ്, ഷാഫി ചെമ്മാട്, ഉണ്ണി ശിവപാൽ, ടിങ്കിൾ ജോബി, മഞ്ജുശ്രീ, ശ്രീജ ദാസ് എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്നു. മാക്രോം പിക്ച്ചേഴ്സ് അവതരിപ്പിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സന്തോഷ് അനിമ നിർവഹിക്കുന്നു. സംഗീതം–ഗോപി സുന്ദർ, ഗാനരചന–വിപിൻ ആറ്റ്ലി, സെന്തിൽ കുമാർ, ഗോവിന്ദ് രാജ്, ദീപക് ശങ്കർ, എഡിറ്റർ–രാജേഷ് കോടോത്ത്, ഗോപകുമാർ നമ്പ്യാർ, പ്രൊഡക്ഷൻ കൺട്രോളർ–ഡിക്സൺ പൊടുത്താസ്, പ്രൊഡക്ഷൻ ഡിസൈനർ–മോസപ്പൻ, കല–സൂരജ് കുറവിലങ്ങാട്, മേക്കപ്പ്–രാജേഷ് നെടുങ്കണ്ടം, കോസ്റ്റ്യൂംസ്–സുനിൽ ജോർജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ–ആതിര യൂജിൻ, അഭിലാഷ് ചന്ദ്രൻ, നീതു മാത്യു, യൂജിൻ ഐസക്, ഓഡിയോഗ്രാഫി–മനോജ് മാത്യു, ഡിഐ–അഖിൽ പ്രസാദ്, സ്റ്റിൽസ്–ലിനു ഏബ്രഹാം കുര്യൻ, പരസ്യകല–ആർട്ടോ കാർപ്പസ്.




# ‘ലോ ആൻഡ് ഓഡർ’ പുതിയ പോസ്റ്റർ




തുടരും ഫെയിം പ്രകാശ് വർമയെ കേന്ദ്ര കഥാപാത്രമാക്കി രഞ്ജിത്ത് സംവിധാനം ചെയ്യുന്ന ലോ ആൻഡ് ഓഡർ എന്ന ചിത്രത്തിന്റെ പുതിയ ഒഫീഷ്യൽ പോസ്റ്റർ റിലീസ് ചെയ്തു.

അഭിരാമി, ഋതുദേവ് അയ്യപ്പൻ, ഷനൂദ് ഇബ്രാഹിം, ഡോൺ മൈക്കിൾ, സജൽ സുദർശനൻ, നിജാദ് ബാബു തോമസ്, ഷേർഷ ഷെരീഫ്, റിനോഷ് ജോർജ്, അമൽ ജോസ് ആന്റണി, ബോബി കുര്യൻ, വി.കെ. പ്രകാശ്, ദേവൻ, സുരേഷ് കൃഷ്ണ, ആനന്ദ് മന്മഥൻ, ജോയ് മാത്യു, ഭീമൻ രഘു, ജെയ്സ്, അസീം ജമാൽ, ജോണി ആന്റണി, അജയ് വാസുദേവ്, അക്ഷയ് രാധാകൃഷ്ണൻ, ശങ്കർ രാമകൃഷ്ണൻ, നന്ദൻ ഉണ്ണി, മോഹൻ ജോസ്, മാധുരി, സാബു മോൻ, ഗുണ്ട്കാട് സാബു, നന്ദു, മുരുകൻ, സന്ധ്യ രാജേന്ദ്രൻ, വൈഷ്ണവി, രമാദേവി, അംബിക നായർ തുടങ്ങിയവരാണ് ഈ ചിത്രത്തിലെ പ്രമുഖ താരങ്ങൾ.

സത്യം സിനിമാസ്, മഹാ സുബൈർ മൂവീക്ഷേത്ര എന്നീ ബാനറിൽ പ്രേമചന്ദ്രൻ എ.ജി, മഹാസുബൈർ എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പ്രശാന്ത് രവീന്ദ്രൻ നിർവഹിക്കുന്നു. കഥ, തിരക്കഥ, സംഭാഷണം ഉദയ് കൃഷ്ണ എഴുതുന്നു.

ഷിബു ചക്രവർത്തിയുടെ വരികൾക്ക് ജോ ഡാനിയൽ സംഗീതം പകരുന്നു. കപിൽ കപിലൻ, റ്റോജൻ റ്റോബി, അനില രാജീവ് എന്നിവരാണ് ഗായകർ. പശ്ചാത്തല സംഗീതം-ബിജിബാൽ, എഡിറ്റർ-മനോജ് കണ്ണോത്ത്, ലൈൻ പ്രൊഡ്യൂസർ-സുനിൽ സിങ്ങ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-അതുൽ പ്രേം, സൈനുദ്ദീൻ, പ്രൊഡക്ഷൻ കൺട്രോളർ-പ്രശാന്ത് നാരായണൻ, പ്രൊഡക്ഷൻ ഡിസൈൻ-സാബുറാം, വസ്ത്രാലങ്കാരം-സമീറ സനീഷ്, മേക്കപ്പ് റോഷൻ എൻ.ജി, സ്റ്റിൽസ്-പ്രേംലാൽ പട്ടാഴി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-പ്രസാദ് നമ്പിയൻങ്കാവ്, സൗണ്ട് ഡിസൈനർ-കിഷൻ സപ്താ, നൃത്ത സംവിധാനം-ഷെരീഫ്, അർച്ചന.

സംസ്ഥാനത്ത് ക്രമസമാധാനം സംരക്ഷിക്കാൻ നിയോഗിക്കപ്പെട്ട അഞ്ച് ചെറുപ്പക്കാരായ എസ്ഐമാരുടേയും അവരെ നയിക്കുന്ന ഒരു പോലീസ് ഓഫീസറുടെയും സംഘർഷഭരിതമായ ഔദ്യോഗിക ജീവിത മുഹൂർത്തങ്ങൾ, ആക്ഷന് ഏറെ പ്രാധാന്യം നൽകി മാസ് എന്റർടെയ്നറായി അവതരിപ്പിക്കുന്ന ചിത്രമാണ് ലോ ആൻഡ് ഓഡർ. കൊച്ചി, കോട്ടയം, തിരുവനന്തപുരം, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലായിട്ടാണ് ചിത്രീകരണം പൂർത്തിയാക്കിയത്.

# ‘ലർക്ക്’ തിയറ്ററുകളിലേക്ക്

സൈജു കുറുപ്പ്, അജു വർഗീസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം.എ. നിഷാദ് തിരക്കഥയെഴുതി സംവിധാനം ചെയ്ത ലർക്ക് 24-ന് പ്രദർശനത്തിനെത്തുന്നു.

എലൈറ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസ്, ബ്രിക്ക് സ്ട്രീറ്റ് ആൻഡ് കോ, സെൻസ് അഡ്വഞ്ചർ ടൂർസ്, അരുൺ കുമാർ ടി.വി, മനോജ് രത്നാകരൻ എന്നിവരാണ് കേരള ടാക്കീസിന്റെ ബാനറിൽ നിർമിക്കുന്ന ഈ ചിത്രത്തിന്റെ സഹനിർമാതാക്കൾ.

ആർ. ഹരികുമാർ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ടി.ജി. രവി, പ്രശാന്ത് അലക്സാണ്ടർ, എം.എ. നിഷാദ്, ജാഫർ ഇടുക്കി, സുധീർ കരമന, പ്രശാന്ത്മുരളി, വിജയ് മേനോൻ, സജി സോമൻ, ബിജു സോപാനം, സോഹൻ സീനുലാൽ, വിനോദ് കെടാമംഗലം, കുമാർ സുനിൽ, രെജു ശിവദാസ്, ബിജു കാസിം, ഫിറോസ് അബ്ദുള്ള, അച്ചൽ മോഹൻദാസ്, കൃഷ്ണരാജ്, ഷാക്കിർ വർക്കല, അഖിൽ നമ്പ്യാർ, ഡോക്ടർ സജീഷ്, റഹീം മാർബൺ, അനുമോൾ, മഞ്ജു പിള്ള, മുത്തുമണി, സരിത കുക്കു, സന്ധ്യാ മനോജ്, സ്മിനു സിജോ, രമ്യാ പണിക്കർ, ബിന്ദു പ്രദീപ്, നീതാ മനോജ്, ഷീജാ വക്കപ്പാടി, അനന്ത ലക്ഷ്മി, ബീനാ സജികുമാർ, ഭദ്ര തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.




തിരക്കഥ, സംഭാഷണം-ജുബിൻ ജേക്കബ്, ഛായാഗ്രഹണം-രജീഷ് രാമൻ, എഡിറ്റിംഗ്-വിപിൻ മണ്ണൂർ, പശ്ചാത്തല സംഗീതം-പ്രകാശ് അലക്സ്, ഓഡിയോഗ്രാഫി-ഗണേഷ് മാരാർ, സംഗീതം-മിനീഷ് തമ്പാൻ, ഗാനരചന-മനു മഞ്ജിത്ത്, ഗായകർ-സുധീഷ് കുമാർ, നസീർ മിന്നലെ, എം.എ. നിഷാദ്, സൗണ്ട് ഡിസൈൻ-ജുബിൻ രാജ്, പ്രൊഡക്ഷൻ കൺട്രോളർ-എസ്. മുരുകൻ, കല-ത്യാഗു തവനൂർ, മേക്കപ്പ്-സജി കാട്ടാക്കട, കോസ്റ്റ്യൂം-ഇർഷാദ് ചെറുകുന്ന്, അസോസിയേറ്റ് ഡയറക്ടർ-ഷെമീർ പായിപ്പാട്, ഫിനാൻസ് കൺട്രോളർ-നിയാസ് എഫ്.കെ, ഗ്രാഫിക്സ്-ഷിറോയി ഫിലിം സ്റ്റുഡിയോ എൽഎസി, വിതരണം-മാൻ മീഡിയ, സ്റ്റുഡിയോ-ചിത്രാഞ്ജലി, ഡോൾബി അറ്റ്മോസ്-ഏരീസ് വിസ്മയ, ഡിസൈൻ-യെല്ലോ ടൂത്ത്സ്, മാർക്കറ്റിംഗ്-ടാഗ് 360.

# സേതുമാധവനും കീരിക്കാടനും വീണ്ടും തിയേറ്ററിൽ

കാഴ്ചക്കാരുടെ ഹൃദയത്തിൽ കനൽ കോരിയിട്ട കിരീടം വീണ്ടും പ്രദർശനത്തിന്. ഡോൾബി അറ്റ്മോസിൽ 4കെ മിഴിവോടെയാണ് സേതുമാധവന്റെയും കീരിക്കാടൻ ജോസിന്റെയും അച്യുതൻനായരുടെയും രണ്ടാം വരവ്. സിബി മലയിൽ-ലോഹിതദാസ്-മോഹൻലാൽ കൂട്ടുകെട്ടിൽ പുറത്തിറങ്ങിയ മലയാളത്തിലെ ക്ലാസിക് ചിത്രമാണ് കിരീടം. മോഹൻലാലും പാർവതിയുമടക്കമുള്ള ചിത്രത്തിലെ താരങ്ങളും അണിയറ പ്രവർത്തകരും പങ്കെടുത്ത ചടങ്ങിലാണ് റീ-റിലീസിന്റെ ട്രെയിലർ പുറത്തിറക്കിയത്. മലയാളം ഇതുവരെ കണ്ടതിൽ ഏറ്റവും മികച്ച റെസ്റ്റോറേഷൻ മികവോടെയാകും ചിത്രമെത്തുകയെന്ന് അണിയറപ്രവർത്തകർ അവകാശപ്പെട്ടു. കൃപാ ഫിലിംസിന്റെ ബാനറിൽ എൻ. കൃഷ്ണകുമാറും (കിരീടം ഉണ്ണി) ദിനേശ് പണിക്കരും ചേർന്നാണ് കിരീടം നിർമിച്ചത്. മോഹൻലാൽ-തിലകൻ കൂട്ടുകെട്ട് തകർത്തഭിനയിച്ച ചിത്രത്തിൽ മാമുക്കോയ, ഒടുവിൽ ഉണ്ണികൃഷ്ണൻ, പാർവതി, മുരളി, കൊച്ചിൻ ഹനീഫ, കവിയൂർ പൊന്നമ്മ, മോഹൻരാജ്, ജഗതി ശ്രീകുമാർ, മണിയൻപിള്ള രാജു, ജഗദീഷ് തുടങ്ങി വലിയൊരു താരനിര തന്നെയുണ്ട്. കിരീടത്തിലെ അഭിനയത്തിന് മോഹൻലാലിന് ദേശീയ ചലച്ചിത്ര അവാർഡുകളിൽ പ്രത്യേക ജൂറി പുരസ്കാരവും ‘കണ്ണീർ പൂവിന്റെ’ എന്നു തുടങ്ങുന്ന ഗാനം ആലപിച്ചതിന് എം.ജി. ശ്രീകുമാറിന് മികച്ച പിന്നണിഗായകനുള്ള കേരള സർക്കാരിന്റെ അവാർഡും ലഭിക്കുകയുണ്ടായി.



1989-ലാണ് കിരീടം പ്രദർശനത്തിനെത്തിയത്. റീ-റിലീസിൽ ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ് ആണ് ചിത്രം തിയറ്ററുകളിലേക്ക് എത്തിക്കുന്നത്. ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് സെവൻ ആർട്സ് ഇന്റർനാഷണൽ ലിമിറ്റഡ് ആണ് ചിത്രം അവതരിപ്പിക്കുന്നത്. ഛായാഗ്രഹണം-എസ്. കുമാർ, എഡിറ്റിങ്-എൽ. ഭൂമിനാഥൻ, ഗാനരചന-കൈതപ്രം.

# മിന്നൽ പ്രളയത്തിൽ കശ്മീരിൽ 11 മരണം

ജമ്മു: ജമ്മു കശ്മീരിലെ അതിർത്തി ജില്ലകളായ പൂഞ്ച്-രജൗരി മേഖലയിൽ മിന്നൽ പ്രളയത്തെ തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ 11 പേർ മരിച്ചു. ഒട്ടേറെപ്പേരെ കാണാതായി. പൂഞ്ച് ജില്ലയിലെ സുരാൻകോട്ട് താലൂക്കിൽ കനത്ത നാശമുണ്ടായതായാണ് റിപ്പോർട്ട്.



മഴ ശക്തമായി തുടരുന്നതിനിടെ കാണാതായവർക്കായുള്ള തെരച്ചിലും രക്ഷാപ്രവർത്തനവും വെല്ലുവിളിയായി തുടരുകയാണ്. രണ്ട് വയസുകാരൻ സോഫിയാൻ യാസർ ഉൾപ്പെടെ അഞ്ചു പേരുടെ മൃതദേഹങ്ങൾ അവശിഷ്ടങ്ങൾക്കിടയിൽ നിന്നു കണ്ടെടുത്തു. കാണാതായവർക്കായുള്ള തെരച്ചിൽ തുടരുകയാണെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

ഡൽഹിയിലായിരുന്ന മുഖ്യമന്ത്രി ഒമർ അബ്ദുള്ള സ്ഥിതിഗതികൾ വിലയിരുത്തുന്നതിന്റെ ഭാഗമായി സന്ദർശനം വെട്ടിച്ചുരുക്കി സംസ്ഥാനത്തേക്കു മടങ്ങി. ജമ്മുകാശ്മീരിൽ ജൂലൈ 23 മുതൽ ഭേദപ്പെട്ട മഴയുണ്ടാകുമെന്നു കാലാവസ്ഥാ മുന്നറിയിപ്പുണ്ടായെങ്കിലും ശനിയാഴ്ച മുതൽ മഴ ശക്തിപ്രാപിക്കുകയായിരുന്നു.

# കുത്തിറക്കത്തിൽ അഗ്നിരക്ഷാസേനാ വാഹനം മറിഞ്ഞ് ഉദ്യോഗസ്ഥൻ മരിച്ചു

റാന്നി: മരംവീണ് റോഡിലുണ്ടായ തടസ്സം നീക്കി മടങ്ങുമ്പോൾ, കുത്തിറക്കത്തിൽ വാഹനം മറിഞ്ഞ് ശബരിമല ഡ്യൂട്ടിയിലുണ്ടായിരുന്ന അഗ്നിരക്ഷാസേനാ ഉദ്യോഗസ്ഥൻ മരിച്ചു. തിരുവല്ല ഫയർസ്റ്റേഷനിൽനിന്ന് ശബരിമലഡ്യൂട്ടിക്കായി നിലയ്ക്കലെത്തിയ ഫയർമാൻ ആയൂർ അർക്കന്നൂർ രഞ്ജിത്ത് ഭവനിൽ എസ്.ആർ. രഞ്ജിത് കുമാർ (39) ആണ് മരിച്ചത്. അഞ്ച് അഗ്നിരക്ഷാസേനാ ജീവനക്കാരും ഒരു വനംവകുപ്പ് ഉദ്യോഗസ്ഥനും പരുക്കേറ്റു.

ഫോറസ്റ്റ് ജീപ്പ്, ശബരിമല തീർഥാടകരുടെ വണ്ടികൾ ഉൾപ്പെടെ അഞ്ച് വാഹനത്തിലിടിച്ചാണ് അഗ്നിരക്ഷാസേനയുടെ വലിയ വാഹനം മറിഞ്ഞത്. തീർഥാടകരെത്തിയ ഒരു ജീപ്പ് പൂർണമായി തകർന്നു. സാരമായി പരുക്കേറ്റ ആലപ്പുഴ സ്റ്റേഷനിലെ ഫയർമാൻമാരായ ചേർത്തല സ്വദേശി ജോബിൻ വർഗീസ് (42), മണ്ണഞ്ചേരി സ്വദേശി കെ.ബി. ഹാഷിം (44), ചേർത്തല സ്വദേശി വി. അഭിലാഷ് (46), തിരുവല്ല സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ നെയ്യാറ്റിൻകര സ്വദേശി രാംലാൽ (41), റാന്നി സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ വാമനപുരം സ്വദേശി വി.ആർ. അഭിലാഷ് (44), നിസ്സാരപരുക്കേറ്റ ഫോറസ്റ്റ് ഓഫീസർ ഇടകടത്തി സ്വദേശി ഫ്രണ്ട് (58) എന്നിവരെ പാലാ മാർസ്ലീവാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ജൂലൈ 18-ന് ശനിയാഴ്ച ഉച്ചയ്ക്ക് രണ്ടരയോടെയായിരുന്നു സംഭവം. പ്ലാപ്പള്ളി-തുലാപ്പള്ളി പാതയിൽ മരം വീണിരുന്നു. ഇതു മുറിച്ചുമാറ്റിയ അഗ്നിരക്ഷാസേനാ സംഘം നിലയ്ക്കലേക്ക് മടങ്ങുകയായിരുന്നു. പ്ലാപ്പള്ളി-തുലാപ്പള്ളി റോഡിൽനിന്ന് എരുമേലി-പമ്പ ശബരിമലപാതയിലേക്ക് എത്തുന്ന കുത്തിറക്കത്തിൽ വാഹനത്തിന്റെ നിയന്ത്രണംവിട്ടു. ശബരിമലപാത മുറിച്ചുകടന്ന്, അവിടെ പാർക്കുചെയ്തിരുന്ന കണമല ഫോറസ്റ്റ് സ്റ്റേഷന്റെ ജീപ്പ്, തീർഥാടകരെത്തിയ ഒരു മിനിബസടക്കം മൂന്ന് ബസ്, ജീപ്പ് എന്നിവയിലിടിച്ചശേഷം മറിയുകയായിരുന്നു.

ഫോറസ്റ്റ് ജീപ്പിൽ വനപാലകരുണ്ടായിരുന്നെങ്കിലും, കാര്യമായ പരുക്കുകളേൽക്കാതെ രക്ഷപ്പെട്ടു. മറ്റുവാഹനങ്ങളിലും റോഡിലും ആൾക്കാരില്ലാതിരുന്നതിനാൽ വലിയ അപകടം ഒഴിവായി. അഗ്നിരക്ഷാസേനാ വാഹനത്തിലുണ്ടായിരുന്ന അഞ്ചുപേരെ ഉടൻ പുറത്തെത്തിച്ച് ആശുപത്രിയിലേക്ക് മാറ്റി. രഞ്ജിത്തടക്കം രണ്ടുപേർ ഇതിൽ കുടുങ്ങിപ്പോയി.

ഒരുമണിക്കൂറോളം പാടുപെട്ടാണിവരെ പുറത്തെത്തിച്ചത്. മുക്കൂട്ടുതറയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും രഞ്ജിത്ത് മരിച്ചു. അച്ഛൻ: രാജേന്ദ്രക്കുറുപ്പ്. അമ്മ: സരസ്വതിയമ്മ. ഭാര്യ: ശരണ്യ. മക്കൾ: റിനേഷ്, ഋതിക.

# സൈബർ കുറ്റകൃത്യങ്ങളിൽ നഷ്ടമായത് കോടികൾ

ന്യൂഡൽഹി: ഇന്ത്യയിൽ ആറ് മാസത്തിനിടെ സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് 12,71 ലക്ഷത്തിലധികം പരാതികൾ രജിസ്റ്റർ ചെയ്തതായി കേന്ദ്രസർക്കാർ കണക്കുകൾ. ഉത്തർപ്രദേശിലാണ് കൂടുതൽ. 1.85 ലക്ഷം. മഹാരാഷ്ട്രയാണ് രണ്ടാമത്. 1.58 ലക്ഷം പരാതികൾ. ആറ് മാസത്തിനുള്ളിൽ സൈബർ കുറ്റകൃത്യത്തിലൂടെ 10,178 കോടി രൂപ നഷ്ടമായതായും കണക്കുകൾ വ്യക്തമാക്കുന്നു. ഈ വർഷം ജനുവരി ഒന്ന് മുതൽ ജൂൺ 30 വരെയുള്ള കണക്കാണിത്.

ഓൺലൈൻ നിക്ഷേപ തട്ടിപ്പുകൾ, ഡിജിറ്റൽ അറസ്റ്റ് ഭീഷണികൾ, വ്യാജ ലോൺ ആപ്പുകൾ, ഫിഷിംഗ്, ആൾമാറാട്ടം, സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള വ്യാജ ലിങ്കുകൾ എന്നിവ വഴിയാണ് പ്രധാനമായും തട്ടിപ്പുകൾ നടക്കുന്നതെന്നാണ് കണ്ടെത്തൽ. ആകെ നഷ്ടപ്പെട്ട തുകയിൽ 2,968.85 കോടി രൂപ ബാങ്കുകൾ മരവിപ്പിച്ചിട്ടുണ്ട്. ദേശീയതലത്തിൽ രജിസ്റ്റർ ചെയ്ത 2.86 ലക്ഷം പരാതികളിൽ ബാങ്കിംഗ് നടപടികൾ ആരംഭിച്ചതായും, സിറ്റിസൺ ഫിനാൻഷൽ സൈബർ ഫ്രോഡ് റിപ്പോർട്ടിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിൽ 2.70 ലക്ഷം പരാതികൾ ബാങ്കുകൾ നേരിട്ട് കൈകാര്യം ചെയ്യുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു. 2021 മുതൽ 2026 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയിൽ ആകെ 64,447 കോടി രൂപയുടെ സൈബർ നഷ്ടം നടന്നതായാണ് കണക്ക്. അതിൽ 10,718 കോടി രൂപ വിവിധ ബാങ്കുകൾ മരവിപ്പിച്ചിട്ടുണ്ട്.

ആകെ തട്ടിപ്പിന്റെ 323 കോടി രൂപ മാത്രമാണ് ഇരകൾക്ക് തിരികെ നൽകാൻ സാധിച്ചതെന്നും ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കുന്നു.

ഒരു വർഷംമുമ്പ് ബാങ്കിംഗ് സ്ഥാപനങ്ങൾ ഉൾപ്പെടെ നേരിടേണ്ടിവരുന്ന ഏഴ് പ്രധാന സൈബർ ഭീഷണികളിൽ ആറെണ്ണവും പൂർണതോതിൽ യാഥാർത്ഥ്യമായെന്ന് ഇലക്ട്രോണിക്സ്-ഐടി മന്ത്രാലയം സെക്രട്ടറി എസ്. കൃഷ്ണൻ പ്രകാശനം ചെയ്ത ഡിജിറ്റൽ ഭീഷണി റിപ്പോർട്ട് 2025-26-ൽ ചൂണ്ടിക്കാട്ടി. കൃത്രിമബുദ്ധി (എഐ), വ്യാജ തിരിച്ചറിയൽ രേഖകൾ, മാറ്റം വരുത്തിയ പേയ്മെന്റ് രീതികൾ എന്നിവ ഉപയോഗിച്ചുള്ള ഇത്തരം ആക്രമണങ്ങൾ സാധാരണ ഇടപാടുകൾ പോലെ തോന്നിക്കുന്നതിനാൽ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കില്ല എന്നതാണ് ഇത്തരം സൈബർ കുറ്റകൃത്യങ്ങളുടെ പ്രധാന അപകടം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്ര ഏജൻസികൾ സംയുക്തമായാണ് റിപ്പോർട്ട് തയാറാക്കിയത്.

# ജീവൻരക്ഷാ മരുന്നുകളുടെ പേറ്റന്റ്: സുപ്രീംകോടതി ഇടപെടൽ

ന്യൂഡൽഹി: പേറ്റന്റുള്ള കാൻസർ മരുന്നുകളുടെ അമിത വിലയുടെ കാര്യത്തിലും സാധാരണക്കാർക്ക് ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലും സ്വമേധയാ കേസെടുത്ത് സുപ്രീംകോടതി. സമാനവിഷയത്തിൽ കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഹർജി തീർപ്പാക്കാത്ത സാഹചര്യത്തിലാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചിന്റെ ഇടപെടൽ.

കേന്ദ്രസർക്കാരിൽ നിന്നും സുപ്രീം കോടതി പ്രതികരണം തേടി. നാല് വർഷമായി തീർപ്പാക്കാതെ കിടക്കുന്ന കേസ് അന്തിമവാദത്തിനായി ലിസ്റ്റ് ചെയ്യാൻ സുപ്രീം കോടതി കേരള ഹൈക്കോടതിയോട് ആവശ്യപ്പെട്ടു. ഹൈക്കോടതിയിൽ ഈ കേസ് അന്തിമവാദത്തിനായി മാത്രം 57 തവണ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടും തീരുമാനമാകാത്തതിനാലാണ് സ്വമേധയാ ഇടപെടേണ്ടി വന്നതെന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

സ്തനാർബുദ ചികിത്സയ്ക്കുള്ള റിബോ സിക്ലിബ് എന്ന മരുന്ന് കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ പേറ്റന്റ് നിയമത്തിലെ സെക്ഷൻ 100 പ്രകാരം സർക്കാർ ഇടപെടൽ ആവശ്യപ്പെട്ട് 2002-ലാണ് ഒരു രോഗി കേരള ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ, സ്തനാർബുദം ദേശീയ അടിയന്തരാവസ്ഥയായി കണക്കാക്കാനാവില്ലെന്നു വ്യക്തമാക്കി കേന്ദ്രസർക്കാർ തുടർനടപടി സ്വീകരിച്ചില്ല, പൊതുജനങ്ങളുടെ നന്മയ്ക്കായി അല്ലെങ്കിൽ ദേശീയ സുരക്ഷ മുൻനിർത്തി ഏതൊരു പേറ്റന്റ് ഉല്പന്നവും സാങ്കേതിക വിദ്യയും പേറ്റന്റ് ഉടമയുടെ അനുമതിയില്ലാതെ തന്നെ ഉപയോഗിക്കാൻ കേന്ദ്ര സർക്കാരിന് പ്രത്യേക അധികാരം നല്കുന്നതാണ് പേറ്റന്റ് നിയമത്തിലെ സെക്ഷൻ 100.

നിയമപോരാട്ടത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ ഹർജിക്കാരി മരിച്ചെങ്കിലും വിഷയം പൊതുതാത്പര്യമുള്ളതാണെന്ന് കണ്ട് ഹൈക്കോടതി സ്വമേധയാ കേസ് തുടരുകയായിരുന്നു. കേസിൽ കോടതി അമിക്കസ് ക്യൂറിയെ നിയമിക്കുകയും വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകൾ തേടുകയും ചെയ്തെങ്കിലും അന്തിമ വിധി ഉണ്ടായില്ല.

മരണപ്പെട്ട ഹർജിക്കാരിയുടെ ഭർത്താവിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ആനന്ദ് ഗ്രോവർ വിഷയം രാജ്യവ്യാപകമായി വലിയ പ്രാധാന്യമുള്ളതാണെന്ന് സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടി.

ഭൂരിഭാഗം ജീവൻരക്ഷാ നരുന്നുകളും പേറ്റൻഡ് സംരക്ഷണത്തിലായതിനാൽ സാധാരണക്കാർക്ക് താങ്ങാനാകാത്ത വിലയാണെന്നും അദ്ദേഹം പറഞ്ഞു.

കുറഞ്ഞ വിലയ്ക്ക് ഉല്പാദിപ്പിക്കാൻ നിർബന്ധിത ലൈസൻസ് നല്കാൻ കേന്ദ്രത്തിന് അധികാരമുണ്ടായിട്ടും 2005-നു ശേഷം ഒറ്റത്തവണ മാത്രമാണ് അത് ഉപയോഗിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


# കാർബൺ ബഹിർഗമനം; പുതിയ കരട് പുറത്തിറക്കി

ന്യൂഡൽഹി: വാഹനനിർമ്മാതാക്കൾ തങ്ങളുടെ ഉല്പന്നങ്ങളിൽ പാലിക്കേണ്ട ശരാശരി ഇന്ധന കാര്യക്ഷമതയും കാർബൺ ബഹിർഗമനവും നിർദ്ദേശിക്കുന്ന കോർപ്പറേറ്റ് ആവറേജ് ഫ്യുവൽ എഫിഷ്യൻസി-3 മാനദണ്ഡങ്ങളുടെ പുതിയ കരട് പുറത്തിറക്കി. എഥനോൾ, ജൈവ ഇന്ധന വാഹനങ്ങൾക്ക് പ്രത്യേക അംഗീകാരം നിർദ്ദേശിച്ചിരിക്കുന്ന കരട് തല്പരകക്ഷികളുടെ പ്രതികരണത്തിനായി കേന്ദ്ര ഊർജ്ജമന്ത്രാലയം പുറത്തു വിട്ടിട്ടുണ്ട്.

2027 മാർച്ച് 31-ന് അവസാനിക്കുന്ന കഫേ-2 മാനദണ്ഡങ്ങൾക്കു പകരമായാണ് കഫേ-3 മാനദണ്ഡങ്ങൾ വരുന്നത്. ഒൻപത് സീറ്റുകൾ വരെയുള്ള നാലുചക്ര വാഹനങ്ങളായ എം-1 വിഭാഗം വാഹനങ്ങൾക്ക് 2027-28 മുതൽ 2031-33 വരെയാണ് മാനദണ്ഡങ്ങൾ ബാധകമാകുക. എഥനോൾ, ജൈവഇന്ധന വാഹനങ്ങൾ, കംപ്രസ്ഡ് ബയോ ഗ്യാസ് എന്നിവ തിരിച്ചറിയുന്നതിനായി കാർബൺ ന്യൂട്രാലിറ്റി ഘടകങ്ങൾ ആദ്യമായി കരടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

എഥനോൾ പോലെയുള്ള പുനരുപയോഗിക്കാവുന്ന ഇന്ധനങ്ങളുടെ കാർബൺ ബഹിർഗമനത്തിന്റെ കുറഞ്ഞ ജീവിതചക്രമാണ് കാർബൺ ന്യൂട്രാലിറ്റി കരാറുകൾ. പുതിയ നിർദ്ദേശപ്രകാരം, വാഹനനിർമ്മാതാക്കൾക്ക് നിയമപാലനം വിലയിരുത്തുന്നതിനു മുമ്പായി തങ്ങളുടെ വാഹനങ്ങളുടെ പ്രഖ്യാപിച്ച ടെയിൽ പൈപ്പ് കാർബൺ ഡൈഓക്സൈഡ് ബഹിർഗമനം കുറയ്ക്കാൻ അനുവാദമുണ്ടായിരിക്കും.

നിലവിലുള്ള എഥനോൾ മിശ്രിതത്തിന്റെ അളവ് പ്രകാരം എട്ട് ശതമാനം കുറവ് വരുത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. യഥാർത്ഥ ഉപകരണ നിർമ്മാതാക്കൾക്ക് ഇന്ധനക്ഷമമായ വാഹനമാതൃകകൾ ക്രമേണ വികസിപ്പിക്കാനും വിന്യസിക്കാനും പ്രാപ്തരാക്കുന്നതിനു ഘട്ടംഘട്ടമായി ലക്ഷ്യങ്ങൾ കർശനമാക്കുന്നത് സഹായകമാകും.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# Malankara Archdiocese of The Syriac Orthodox Church in North America




H.B. Aboon Mor Baselius Joseph Catholicos of India (Chief Guest) | H.E.Yeldo Mor Titus (Arch Bishop & Patriarchal Vicar) | H.E. Mor Dionysius John Kawak (Guest Speaker) | H.E. Dr. Mor Silvanos Ayub (Guest Speaker)


Rev. Fr. Jacob Joseph Ph.D (Keynote Speaker)


Rev. Fr. Joseph Shammas (Youth Speaker)

**അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ന്യൂജേഴ്സിയിലുള്ള ഭദ്രാസന ആസ്ഥാനത്ത് വെച്ച് 2026 ജൂലൈ മാസം 22 മുതൽ 25 വരെ നടക്കുന്ന 37–ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിലേയ്ക്ക് അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിയും കൗൺസിൽ അംഗങ്ങളും ഏവരേയും സ്വാഗതം ചെയ്യുന്നു. ഈ വർഷത്തെ കോൺഫറൻസിന്റെ മുഖ്യാതിഥി യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് ബാവ ആയിരിക്കും.**


- KEYNOTE SESSIONS
- PANEL DISCUSSIONS
- LITURGY AND WORSHIP
- VOCATION BIBLE SCHOOL
- YOUTH & YOUNG ADULT SESSIONS
- TALENT SHOWCASING


Rev. Fr Paul Thotakat (Secretary)



Rev. Fr. Belson Kuriakose (Joint Secretary)


Mr. Simi Joseph (Treasurer)


Mr. Bobby Kuriakose (Joint Treasurer)


Very Rev. Joseph C. Joseph Corepiscopos (Council Member)


Rev. Fr. Kuriakose Puthupaddy (Council Member)


Rev. Fr. Abey Mathew (Council Member)


Mr. Alex George (Council Member)


Chev. Jaimon Skaria (Council Member)


Mr. Eldhose Yoyaki (Council Member)


Mr. Jenu Madathil (Council Member)


Mr. Roy Mathew (Council Member)


Mr. Sabu Skariah (Council Member)


Mr. Joy Ittan (Council Member)


Mr. Shiren Mathai (Council Member)

Rev. Fr. Geevarghese Chalissery
CLERGY SECRETARY

**St. Mary's Women's League**
Vice President
Rev. Fr. Abhilash Alias
Secretary: Mrs. Shana Joshua

**St. Paul's Men's Fellowship**
Vice President
Rev. Fr. Rajan Peter
Secretary: Mr. James George

**Sunday School**
Vice President
Rev. Fr. Thomas Korah
Director: Mrs. Meena Joy

**MGSOSA**
Vice President
Rev. Fr. Basil Mathai Puthukkunnathu
Secretary: Alan Ajit Kochukudiyil

**MGSOYA**
Vice President:
Rev. Fr. Abin Puravath






Best Compliments From
ROY MATHEW & FAMILY

Best Compliments From
PHILIP SKARIA & FAMILY




Published by Grace Publications Inc. Tel: (630) 728-7956. Chief Editor : K.M. EAPEN. Executive Editor : JOSE KANIYALY